
1

വാല്യം 89

അന്തിക്കാട് ബ്ലോക്ക്
(തൃശ്ശൂർ ജില്ല)

1. അന്തിക്കാട്
2. താന്ന്യം
3. ചാഴൂർ
4. മണലൂർ

അധികാരം ജനങ്ങളിലേക്ക്




# അന്തിക്കാട് ഗ്രാമപഞ്ചായത്ത്

# വികസനരേഖ

## 1996

89-1

# ഒമ്പതാം പദ്ധതി

# ജനകീയ പദ്ധതി

## ജനകീയാസൂത്രണ പ്രസ്ഥാനം

## വികസന റിപ്പോർട്ട്

# തൃശൂർ ജില്ല

**1996**

# അന്തിക്കാട് ഗ്രാമ പഞ്ചായത്ത്
# വികസന റിപ്പോർട്ട് 1996

| | |
|---|---|
| പഞ്ചായത്തിന്റെ പേര് | : അന്തിക്കാട് ഗ്രാമപഞ്ചായത്ത് |
| ഉൾപെടുന്ന വില്ലേജുകൾ | : 1. അന്തിക്കാട് വില്ലേജ്<br>2. പടിയം വില്ലേജ് |
| ബ്ലോക്ക് പഞ്ചായത്ത് ഡിവിഷൻ | : അന്തിക്കാട് |
| ബ്ലോക്ക് പഞ്ചായത്ത് | : അന്തിക്കാട് |
| താലൂക്ക് | : തൃശൂർ |
| ജില്ല | : തൃശൂർ |
| അസംബ്ലി മണ്ഡലം | : മണലൂർ |
| ലോകസഭാമണ്ഡലം | : തൃശൂർ |
| വിസ്തീർണ്ണം | : 5.14 ച. മൈൽ |
| ജനസംഖ്യ | : 25,426 |
| ഗ്രേഡ് | : Ist |
| അതിരുകൾ | : പടിഞ്ഞാറ് -കനോലി കനാൽ<br>കിഴക്ക്-മനക്കൊടികായൽ നികത്തിയ നെൽപാടങ്ങൾ<br>തെക്ക് -താന്ന്യം പഞ്ചായത്ത്<br>വടക്ക്-മണലൂർ പഞ്ചായത്ത് |
| വാർഡുകൾ | : 10 |
| വനിതാ സംവരണ വാർഡുകൾ | : 1,3,4,8 |
| പട്ടികജാതി സംവരണ വാർഡ് | : 6 |
| പഞ്ചായത്ത് പ്രസിഡന്റ് | : ശ്രീ. വി. എ.മാത്യു |
| വൈസ് പ്രസിഡന്റ് | : ശ്രീ. സി. സി. മുകുന്ദൻ |
| സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ | : ശ്രീ.സി.ആർ.ദാസൻ |

# മുൻകാല ഭരണസമതികൾ

1.4.8.19953 മുതൽ 31.12.19962വരെ പ്രസിഡന്റ്
: ശ്രീ. സി. പി. ഔസേപ്പ്
അംഗങ്ങൾ : ശ്രീ. പി. കെ. കുഞ്ഞയ്യപ്പൻ
: ശ്രീ. കല്ലാറ്റ് കുമാരൻ
: ശ്രീ. പണ്ടാരൻ കുട്ടൻ
: ശ്രീ. എൻ. വി. ഗോവിന്ദൻ
: ശ്രീ.വി.വി.രാവുണ്ണി ആചാരി
: ശ്രീ. ടി. കെ. കുഞ്ഞയ്യപ്പൻ മാസ്റ്റർ
: ശ്രീ. സെയ്താലികുട്ടി

2.. M.P. കരുണാകരൻ പ്രസിഡന്റ്
1. 1. 1964 to 28. 9. 1979
M. കാർത്ത്യായനി അമ്മ
V. അഖിലേശ്വരൻ
P.C. അച്ചുതൻ
C.S. വാസു
K.R. വൈദ്യനാഥഅയ്യർ
T. R. കുഞ്ഞയ്യപ്പൻ
K. P. കുഞ്ഞുവറീത്
M. R. ദാമോധരൻ

3. C.G. രാമൻ പ്രസിഡന്റ്
29. 9. 1979 to 26. 10. 1984
T. K. മിനി
M. P. ജോസ്
K. S. വേലായുധൻ
C. M. വേലായുധൻ
A. A. ഖാദർ
P. K. രാഘവൻ
C. ബാസു മോഹൻദാസ്
M. V. വിശ്വംഭരൻ

4. K. K. വേലായുധൻ പ്രസിഡന്റ്
8. 2. 1988 to 3. 10. 1995
T. K. മാധവൻ
M. G. രാഘവൻ
T. V. സുഗതൻ
C. C. മുകുന്ദൻ
K. V. രമണി
N. P. അമ്മിണി
K. K. വിശ്വംഭരൻ
A. K. ശശിധരൻ
M. P. ജോസ്

5. V. A. മാത്യു പ്രസിഡന്റ്
4. 10. 1995 മുതൽ
C. C. മുകുന്ദൻ
C. R. ദാസൻ
T. K. മാധവൻ
A. K. രാവുണ്ണി
A. K. സുകുമാരൻ
ശാന്താ സുഗതൻ
ചിത്ര അശോകൻ
സുകുമാരി രാമനുണ്ണി
P. C. കുമുദം

വി. എ. മാത്യു പ്രസിഡന്റ്

10. 1995 മുതൽ

സി. സി. മുകുന്ദൻ
സി. ആർ. ദാസൻ
ടി. കെ. മാധവൻ
എ. കെ. രാവുണ്ണി
എ. കെ. സുകുമാരൻ
ശാന്താ സുഗതൻ
ചിത്ര അശോകൻ
സുകുമാരി രാമനുണ്ണി
പി. സി. കുമുദം

വികസന റിപ്പോർട്ടുകൾ
തയ്യാരാക്കിയവർ

സി. എ. റാഫേൽ.
വി. കെ. പ്രദീപ്
കെ. ജി. ഭുവനൻ
വി. ഡി. അനിൽകുമാർ
സി. കെ. രാമചന്ദ്രൻ
പാടൂര് ബാലൻ
ടി. വി. സുഗതൻ
എൻ. ജി. രാഘവൻ
അനിത അഗ്രി. ഓഫീസർ
ഡോക്ടർ എ. എ. ജോർജ്.
കെ. വി. കുട്ടൻ
ടി. വി. രവീന്ദ്രൻ
സീന പവിത്രൻ
എം. കെ. ധർമ്മൻ
വി. ഉണ്ണികൃഷ്ണൻ
രാജൻ. വെട്ടിയാട്ടിൽ
രാജൻ വാത്തിയത്ത്
ടി. ആർ. പുഷ്പാംഗദൻ

പി. എസ്. ബാലൻ
പി. സത്യനാരായണൻ
എ. വി. ശ്രീവത്സൻ
ടി. ഐ. ചാക്കൊ
ടി. ആർ. ഗംഗാധരൻ
എ. കെ. സുബ്രമണ്യൻ മാസ്റ്റർ
എം. പി. ഭാസ്ക്കരൻ മാസ്റ്റർ
എം. കെ. സതീശൻ
പി. പത്മനാഭൻ
കെ. വി. പ്രദീപ്
പി. ആർ. രാജീവ്
ചിത്തരഞ്ജൻ
സി. വി. സാബു
പി. വി. പ്രദീപ്
രാജു. കെ. എ.
രാജേഷ് കെ. ആർ.
മുത്തു. കെ. വില്ലേജ്ഓഫീസർ
ഇ. ജി. വിദ്യാസാഗരൻ

7

## ഉള്ളടക്കം


1. ആമുഖം
2. ചരിത്ര പശ്ചാത്തലം
3. ഭൂപ്രകൃതി, കൃഷി, ജലസേചനം
4. മൃഗസംരക്ഷണം, മത്സ്യബന്ധനം
5. വ്യവസായം
6. ഊർജ്ജം, ഗതാഗതം
7. പൊതുജനാരോഗ്യം, കുടിവെള്ളം
8. വിദ്യാഭ്യാസം
9. സാമൂഹ്യക്ഷേമം, പാർപ്പിടം
10. വനിത ക്ഷേമം
11. സംസ്കാരം
12. സഹകരണ മേഖല
13. പട്ടിക ജാതി, പട്ടികവർഗ്ഗം
14. വിഭവ സമാഹരണം.

# ആമുഖം


ഒൻപതാം പഞ്ചവൽസര പദ്ധതിയിലേക്കുളള സംസ്ഥാന സർക്കാരിന്റെ സമീപനം ജനപങ്കാളിത്തതോടെയുളള ആസൂത്രണം എന്നതാണല്ലോ. ഇതിന്റെ ഭാഗമായി ഒൻപതാം പദ്ധതിയുടെ 35-40% പ്രാദേശിക തലത്തിൽ ആസൂത്രണം ചെയ്യുകയും നടപ്പാക്കുകയും ചെയ്യുക എന്നതാണ് സംസ്ഥാന ആസൂത്രണ ബോർഡിന്റെ കാഴ്ചപ്പാട്. ഇതിനായി ജനകീയ ആസൂത്രണം എന്ന ഒരു പുതിയ രീതിശാസ്ത്രം ലോകത്തിൽ തന്നെ ആദ്യമായി നാം സ്വീകരിക്കുകയാണ്. ഈ പ്രസ്ഥാനത്തിന് ഓരോ പ്രദേശത്തിന്റെയും വികസന പ്രശ്നങ്ങളും അവയ്ക്കുളള പരിഹാരവും ജനങ്ങളിൽനിന്നുളള നിർദ്ദേശങ്ങളായി സ്വീകരിക്കുകയും പ്രാദേശിക വിഭവങ്ങൾ ഉപയോഗിച്ചും ജനകീയ ഇടപെടലുകളിലൂടെയും പ്രശ്നപരിഹാരത്തിന് ശ്രമിക്കുക എന്നതുമാണ് അടിസ്ഥാന തത്വം. ഇതിനായി വൻതോതിൽ ജനങ്ങളെ അണിനിരത്തുകയും പ്രായോഗിക തലത്തിൽ മാർഗ്ഗ നിർദ്ദേശം നൽകികൊണ്ട് മനുഷ്യ വിഭവശേഷിയെ ഉപയോഗപ്പെടുത്തുകയും ഈ വികസനസ്വപ്നം സാക്ഷാത്കരിക്കുകയും ലോകശ്രദ്ധ ആകർഷിക്കുന്ന ഒരു മഹാപ്രസ്ഥാനമായി ജനകീയ ആസൂത്രണ പ്രസ്ഥാനത്തെ വളർത്തിയെടുക്കുകയും ചെയ്യുക എന്ന നേതൃത്വപരമായ പങ്കാണ് പഞ്ചായത്ത് കമ്മറ്റികൾക്ക് നിർവ്വഹിക്കുവാനുളളത്.

ഇതോടനുബന്ധിച്ച് ജില്ലാതലപരിശീലനം സെപ്തംബർ 5, 6, 7 തീയതികളിൽ നടന്നു. പഞ്ചായത്ത്തല പരിശീലനം സെപ്തംബർ 16ന് സംഘടിപ്പിച്ചു. സെപ്തംബർ 29 മുതൽ ഒക്ടോബർ 13 വരെയുളള ദിവസങ്ങളിൽ 10 വാർഡുകളിലെയും വിശേഷാൽ ഗ്രാമസഭകൾ ചേർന്നു. ഈ ഗ്രാമസഭകളിൽ 1150 പുരുഷൻമാരും 749 സ്ത്രീകളും അടക്കം 1899 പേർ പങ്കെടുത്തു. രണ്ടാംഘട്ട ജില്ലാതല പരിശീലനം ഒക്ടോബർ 25, 26, 27 തീയതികളിലും പഞ്ചായത്ത് തല പരിശീലനം നവംബർ 4നും നടന്നു. പഠനപര്യടനം മൂന്നു ഗ്രൂപ്പുകളായാണ് നിർവ്വഹിച്ചത്. വികസന റിപ്പോർട്ട് ആമുഖം, പ്രാഥമികമേഖല, ദ്വീതീയ മേഖല, തൃതീയ മേഖല എന്നിങ്ങനെ നാല് ഗ്രൂപ്പുകളായാണ് തയ്യാറാക്കിയത്. വികസനത്തെക്കുറിച്ച് പുതിയൊരു അവബോധം ജനങ്ങളിൽ ഉണ്ടാക്കുവാൻ ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ ഇതുവരെയുളള പ്രവർത്തനങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്. വിശദമായ ചർച്ചക്കുശേഷം രൂപം നൽകുന്ന അന്തിമ വികസനരേഖ ജനകീയ പങ്കാളിത്തത്തോടെ നടപ്പാക്കുന്നതു വഴി ജനങ്ങളുടെ വലിയൊരു പ്രതീക്ഷ സാർത്ഥകമാകുമെന്ന് പ്രത്യാശിക്കാം.

# അന്തിക്കാട് ഗ്രാമ പഞ്ചായത്ത്



വി. എ. മാത്യു
*പ്രസിഡൻറ്*



സി. സി. മുകുന്ദൻ
*വൈസ് പ്രസിഡണ്ട്*



സി. ആർ. ദാസൻ
*സ്റ്റാൻറിങ്ങ് കമ്മറ്റി ചെയർമാൻ*

---

## ചരിത്ര പശ്ചാത്തലം

തിരുകൊച്ചി സംസ്ഥാനത്തെ ആദ്യം രൂപം കൊണ്ട പഞ്ചായത്തുകളിലൊന്നാണ് അന്തിക്കാട് പഞ്ചായത്ത്. 1953 ലാണ് ഈ പഞ്ചായത്ത് രൂപീകൃതമായത്. പടിയം, അന്തിക്കാട്, പുള്ള് എന്നീ പ്രദേശങ്ങൾ ചേർന്നതായിരുന്നു ഈ പഞ്ചായത്ത്. രൂപീകരണത്തിനുശേഷം നടന്ന പുനക്രമീകരണത്തിൽ ഈ പഞ്ചായത്തിൽ അന്തിക്കാട്, പടിയം എന്നീ വില്ലേജുകൾ മാത്രമായി. അന്തിക്കാട് ശ്രീ. കാർത്ത്യായനി ക്ഷേത്രവുമായി ബന്ധപ്പെട്ടാണ് ഈ സ്ഥലത്തിന് അന്തിക്കാട് എന്ന് പേർ വന്നതെന്നാണ് ഐതിഹ്യം. ഏകദേശം 1500 വർഷം പഴക്കമുള്ളതാണ് പ്രസിദ്ധമായ ഈ മൂകാംബിക ക്ഷേത്രം.

കൊച്ചി രാജാവിന്റെ കീഴിലുണ്ടായിരുന്ന തൃശൂർ താലൂക്കിന്റെ ഉപതാലൂക്കായിരുന്നു അന്തിക്കാട് ഫർക്ക. പടിഞ്ഞാറ് കനോലി കനാലും, കിഴക്ക് വിസ്തൃതമായ നെൽപ്പാടങ്ങളും, വടക്ക് ഏനാമാവ് പുഴയും അതിരിടുന്ന ഈ പ്രദേശത്തിന്റെ ഭൂപരമായ പ്രത്യേകതകൾകൊണ്ടുതന്നെ അന്തിക്കാട് ഒരു സു

രക്ഷിതമേഖലയായിരുന്നു. സർക്കാരിന്റെ മർദ്ദനമുറകൾ കാണുന്നതിനും അനുഭവിക്കുന്നതിനും കാര്യമായ അവസരങ്ങൾ ഇവിടുത്തെ ജനങ്ങൾക്ക് ഇല്ലാതിരുന്നതിനാലാകാം സംഘടിതമായ ബഹുജനമുന്നേറ്റങ്ങൾ ഈ നൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിൽ ഇവിടെ നിന്നും ഉയർന്നു വരാതിരുന്നത്. ഈ അവസ്ഥക്ക് ശ്രദ്ധേയമായ മാറ്റം സംഭവിച്ചത് ചെത്തു തൊഴിലാളി യൂണിയന്റെ രൂപീകരണത്തോടെയാണ്.

നിരക്ഷരരും സാമ്പത്തികമായി വളരെ പിന്നോക്കം നിന്നിരുന്നവരുമായ ഈ പ്രദേശത്തെ ഭൂരിഭാഗം പേരും ചെത്തു തൊഴിലാളികൾ, ചകിരി തൊഴിലാളികൾ, കർഷക തൊഴിലാളികളുംമായിരുന്നു. ചങ്ങരംകണ്ടത്ത് കൈമളുടെയും ചേലൂര്, ചിറ്റൂര്, നമ്പൂതിരിമാരുടെയും ദേവസ്വങ്ങളുടെയും കൈവശമായിരുന്നു ഭൂമി മുഴുവനും. തൊഴിൽരംഗത്തും, സാംസ്കാരിക രംഗത്തും, പിന്നോക്കാവസ്ഥയിലായിരുന്നു അന്തിക്കാട്. വിദ്യാഭ്യാസത്തിന്റെ പൊതു നിലവാരവും മെച്ചമായിരുന്നില്ല.

സ്വാതന്ത്ര്യസമരത്തിന്റെ ആദ്യകാലത്ത് സംഘടിതമായ പ്രക്ഷോഭങ്ങൾ കാര്യമായി ഈ പ്രദേശത്ത് ഉണ്ടായില്ലെങ്കിലും കനോലി കനാലിന്റെ പടിഞ്ഞാറ് ഭാഗത്തുളള പഴയ മലബാർ പ്രദേശത്ത് നടന്നിരുന്ന പ്രക്ഷോഭണത്തിൽ ഈ പ്രദേശത്തുനിന്നും കുറച്ചുപേർ പങ്കെടുത്തിരുന്നു. 1915ൽ മലബാറിലെ തളിക്കുളത്തു നടന്ന സത്യാഗ്രഹത്തിൽ അന്തിക്കാട് ഫർക്ക എന്നറിയപ്പെട്ടിരുന്ന ഈ പ്രദേശത്തുനിന്ന് പങ്കെടുത്തവർ ശ്രീ കെ. കെ. അയ്യപ്പൻ, ശ്രീ. കെ. ഈശൻ എന്നിവരാണ്.

## ചെത്തുതൊഴിലാളി സമരം

1941ൽ ശ്രീ കെ.കെ. രാമൻ പ്രസിഡന്റും, ശ്രീ കെ. ജി. ദാമോദരൻ സെക്രട്ടറിയുമായി രൂപം കൊണ്ട ഏനാമാവ് പെരിങ്ങോട്ടുകര ചെത്തുതൊഴിലാളിയൂണിയനാണ് ഈ പ്രദേശത്തെ പ്രഥമവും പ്രധാനവുമായ ബഹുജന പ്രസ്ഥാനം. 2000ത്തിൽ അധികം വരുന്ന ചെത്തു തൊഴിലാളികളുടെ അവകാശങ്ങൾ നേടിയെടുക്കുന്നതിനും ഉത്തരവാദഭരണത്തിനും സ്വാതന്ത്ര്യത്തിനും വേണ്ടി ഒന്നര ദശകത്തോളം നീണ്ടുനിന്ന ഐതിഹാസിക സമര ചരിത്രമാണ് ഈ യൂണിയനുള്ളത്. ജോലി സ്ഥിരതയ്ക്കും കൂലി കൂടുതലിനും കോൺട്രാക്ടർമാരുടേയും, എക്സൈസ്സ് ഉദ്യോഗസ്ഥന്മാരുടേയും അനീതിക്കെതിരായി 1942 ജനുവരി 15 ന് ആരംഭിച്ച പണിമുടക്കോടെ നാട്ടിലെ പ്രബല ശക്തിയായി യൂണിയൻ അംഗീകരിക്കപ്പെട്ടു കഴിഞ്ഞു. ജപ്പാൻ വിരുദ്ധ പ്രചാരണത്തിലും ഗാന്ധിജിയെ മോചിപ്പിക്കാനുളള പ്രക്ഷോഭത്തിലും മുൻനിരയിൽതന്നെ നിന്നുകൊണ്ട് സ്വാതന്ത്ര്യസമരത്തിലും യൂണിയൻ സജീവ പങ്കാളിയായി. ഒരുപാട് അനാചാരങ്ങളുടെ തടവറയിലായിരുന്ന ചെത്തുതൊഴിലാളികളെ ബോധവത്ക്കരിക്കുന്നതിനും സാംസ്ക്കാരികമായി ഉയർത്തികൊണ്ടു വരുന്നതിനും മഹിളാസംഘം, കർഷക സംഘം, ബാലസംഘം എന്നീ പ്രസ്ഥാനങ്ങൾ ഈ കാലത്ത് രൂപം കൊണ്ടു. ഇവയുടെ പ്രവർത്തനഫലമായി ഒരുപാട് നിശാപാഠശാലകൾ ആരംഭിച്ചു.

കൊച്ചി സംസ്ഥാനത്ത് രാജവാഴ്ചക്കെതിരായി 1121 കർക്കിടകം 13 (1946 ജൂലായ് 30) ഉത്തരവാദഭരണദിനമായി ആചരിക്കാൻ തീരുമാനിച്ചതിന്റെ ഭാഗമായി ചെത്തുതൊഴിലാളി യൂണിയന്റെ നേതൃത്വത്തിൽ ഹർത്താലും പൊതു പണിമുടക്കും നടന്നു.

1942 ലെ ഒത്തുതീർപ്പു വ്യവസ്ഥകളുടെ ലംഘനവും തൊഴിൽ നിഷേധവും ഷാപ്പുകളുടെ ലോക്കൗട്ടും വീണ്ടുമൊരു സമരത്തിന് കാരണമായി. 1946 ൽ ആരംഭിച്ച ഈ സമരം 108 ദിവസം നീണ്ടു നിന്നു. ഈ സമരത്തിന്റെ ഭാഗമായാണ് ചരിത്ര പ്രസിദ്ധമായ കുലമുറിസമരം അരങ്ങേറിയത്. സമരത്തെ അടിച്ചൊതുക്കുന്നതിന് മർദ്ദകവീരന്മാരായ പോലീസുദ്യോഗസ്ഥന്മാർ അന്തിക്കാട്ടേക്ക് നിയോഗിക്കപ്പെടുകയും ഈ പ്രദേശത്ത് കർഫ്യൂ പ്രഖ്യാപിക്കുകയും ചെയ്തു. ഇത് മൂന്നു മാസക്കാലം നീണ്ടു നിന്നു. ഇൻഡ്യയിൽതന്നെ ഏറ്റവും കൂടുതൽക്കാലം കർഫ്യൂ അയവില്ലാതെ നിലനിന്ന പ്രദേശം അന്തിക്കാടാണ്. 1947 ആഗസ്റ്റ് 15 ന് ഇന്ത്യ സ്വാതന്ത്ര്യം നേടുമ്പോൾ അന്തിക്കാട് കർഫ്യൂ ആയിരുന്നു. അഗസ്റ്റ് 20 നാണ് കർഫ്യൂ പിൻവലിച്ചത്. തൊഴിലാളികളുടെ വർഗ്ഗബോധവും സംഘട

നാശക്തിയും ഊട്ടിയുറപ്പിക്കാൻ കഴിഞ്ഞതായിരുന്നു ഈ ചരിത്ര പ്രസിദ്ധമായ സമരം.

## ചകിരി തൊഴിലാളി സമരം

അന്തിക്കാടിന്റെ പടിഞ്ഞാറ് തീരത്തു നടന്ന ചകിരിത്തൊഴിലാളികളുടെ സമരം അവകാശപ്പോരാട്ടങ്ങളുടെ മുന്നിൽത്തന്നെ നിൽക്കും. ഈ പ്രദേശത്തെ ചകിരിക്കളങ്ങളിൽ രണ്ടായിരത്തോളം തൊഴിലാളികൾ പണിയെടുത്തിരുന്നു. ഭൂരിപക്ഷവും സ്ത്രീത്തൊഴിലാളികൾ. നിയമാനുസൃതം കിട്ടേണ്ട മിനിമം കൂലിയുടെ പകുതി മാത്രമാണ് ഉടമകൾ നൽകിയിരുന്നത്. നിഷേധിക്കപ്പെട്ട മിനിമം കൂലി ആവശ്യപ്പെട്ട് 1955 ഫിബ്രുവരിയിൽ തൊഴിലാളികൾ സമരം തുടങ്ങി. സമരം പ്രഖ്യാപിച്ചതോടെ ചകിരി കളങ്ങൾ ഉടമകൾ നിർത്തി. പകരം ദേശീയ ചകിരിക്കളങ്ങൾ തുറന്നു. ദേശീയ ചകിരിക്കളങ്ങൾ പിക്കറ്റ് ചെയ്യുക, ചകിരിക്കളത്തിൽ ഇറങ്ങി മൂടിയിട്ടിരുന്ന ചകിരിയെടുത്ത് തല്ലുക ഇതായിരുന്നു സമരരീതി. പോലീസും ഗുണ്ടകളും സമരത്തെ അതിക്രൂരമായി നേരിട്ടു. 60 വയസ്സിനുമേലുള്ള സ്ത്രീകളും 12,16 വയസ്സു പ്രായമുണ്ടായിരുന്ന പെൺകുട്ടികളും മർദ്ദനമേറ്റവരിൽ ഉൾപ്പെടുന്നു. മർദ്ദനം ഭയന്ന് പലരും നാടുവിട്ടു. പോലീസ് മർദ്ദനത്തിനിരയായ ടി. എ. ഗൗരി തങ്ങൾക്കേറ്റ കിരാത മർദ്ദനത്തെക്കുറിച്ച് അന്നത്തെ മുഖ്യമന്ത്രി പനമ്പിള്ളി ഗോവിന്ദ മേനോന് തുറന്ന കത്തെഴുതിയത് കേരളം മുഴുവൻ ചർച്ച ചെയ്യപ്പെട്ടു.

അഞ്ചു മാസത്തോളം നീണ്ട ഈ സമരം തൃശൂർ രാമവർമ്മ തിയ്യേറ്ററിൽ മുഖ്യമന്ത്രി വിളിച്ചുകൂട്ടിയ ചർച്ചയെത്തുടർന്ന് അവസാനിച്ചു. സമരം നയിച്ച ചകിരിത്തൊഴിലാളി യൂണിയന്റെ അന്നത്തെ പ്രസിഡണ്ട് കെ. എ. ദേവസ്സിയും, സെക്രട്ടറി കെ. കെ. പുഷ്പാംഗദനുമായിരുന്നു.

## ബീഡിത്തൊഴിലാളി സമരം

അന്തിക്കാടിന്റെ പരിസര പ്രദേശങ്ങളായ കാഞ്ഞാണിയിലും പെരിങ്ങോട്ടുകരയിലുമാണ് ബീഡിത്തൊഴിലാളി സമരങ്ങൾ നടന്നത്. എന്നാൽ ഈ സമരങ്ങൾക്ക് നേതൃത്വം നൽകിയത് അന്തിക്കാട്ടുകാരായ നേതാക്കളായിരുന്നു. 1945ൽ കാഞ്ഞാണിയിലും, 1948ൽ പെരിങ്ങോട്ടുകരയിലും നടന്ന സമരങ്ങൾ നയിച്ചത് അന്തിക്കാട് ഫർക്ക ബീഡിത്തൊഴിലാളി യൂണിയനാണ്

ബഹുജന സംഘടനകളുടെ പ്രവർത്തനങ്ങളാലും, സമരങ്ങളാലും ഏറെ ശ്രദ്ധിക്കപ്പെട്ട അന്തിക്കാട്, വികസനരംഗത്ത് ഇന്നും ഏറെ പുറകിലാണ്. കാർഷിക, വ്യാവസായിക രംഗത്തെ മുരടിപ്പും, തൊഴിലില്ലായ്മയുമാണ് ഈ പ്രദേശം അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നങ്ങൾ.

## ഭൂപ്രകൃതി

**അവലംബം. വിഭവഭൂപടം, റവന്യൂ രേഖകൾ, കൃഷിഭവൻ രേഖകൾ, പാടശേഖരകമ്മിറ്റി രേഖകൾ, പഠനപര്യടനം.**

514 ചതുരശ്ര മൈൽ വിസ്തൃതിയിൽ തൃശൂർ താലൂക്കിലെ അന്തിക്കാട്, പടിയം എന്നീ രണ്ട് വില്ലേജുകളാണ്. കിഴക്ക് സമുദ്ര നിരപ്പിൽ നിന്ന് 2 മീറ്റർ കൂടുതൽ ആഴത്തിൽ വെള്ളം കെട്ടി കിടക്കുന്ന 20,000 ഏക്കർ വിസ്തൃതിയുള്ള മനക്കൊടി കായൽ (കോൾ നിലങ്ങൾ). പടിഞ്ഞാറ് അറബിക്കടലിലെ ചേറ്റുവ അഴിയിലേക്ക് മണലിയും കുറുമാലി പുഴയും ചേർന്നൊഴുകുന്ന കനോലി കനാൽ, തെക്ക് താന്ന്യം പഞ്ചായത്തിന്റെ വടക്കേ അതിർത്തി, തെക്കു കിഴക്കു ഭാഗത്ത് ചാഴൂർ പഞ്ചായത്തിന്റെ അതിർത്തി, വടക്ക് മണലൂർ പഞ്ചായത്തിന്റെ അതിർത്തി, എന്നിവയാണ് അതിരുകൾ.

ഭൂപ്രകൃതി അനുസരിച്ച് പഞ്ചായത്തിലെ ഭൂപ്രദേശത്തെ 5 മേഖലകളായി തിരിക്കാം.

1. കോൾ നിലങ്ങൾ.
2. ഉയർന്ന സമതലം.
3. പാടങ്ങൾ.
4. തീര സമതലം.
5. ചതുപ്പുനിലങ്ങൾ.

### 1. കോൾനിലങ്ങൾ.

പഞ്ചായത്തിന്റെ മൊത്തവിസ്തൃതിയിൽ 22% കോൾനിലം വരുന്നു. ഇത് പഞ്ചായത്തിന്റെ കിഴക്കുഭാഗത്തുള്ള പറമ്പുകളുടെ (കരഭൂമി) കിഴക്കോട്ടു ചെരിഞ്ഞ് സമുദ്ര നിരപ്പിൽ നിന്ന് 2മീ. കൂടുതൽ ആഴത്തിൽ വെള്ളം കെട്ടികിടക്കുന്ന അന്തിക്കാട് വില്ലേജിലെ കിഴക്കേ അറ്റത്തെ സ്ഥലമാണ്. വളരെ മുൻകാലത്ത് ഇവിടം കാന്താർ വനമായിരുന്നുവത്രെ. 200ൽ കൂടുതൽ വർഷങ്ങൾക്ക് മുമ്പ് ഇവിടെ ഉപ്പുവെള്ളം കെട്ടിക്കിടന്നിരുന്ന ചതുപ്പു നിലങ്ങളായിരുന്നു. പിന്നീട് പഞ്ചായത്തിന്റെ വടക്കെ അതിർത്തിയിൽനിന്നും 3 കി. മീ. വടക്കുള്ള ഏനാമാവിൽ കനോലി കനാലും കോൾപാടവും ചേരുന്ന സ്ഥലത്ത് ചെങ്കൽ (ലാറ്ററെയിറ്റ്) കെട്ടുണ്ടാക്കി കന്നി മാസത്തിൽ ഉപ്പു കയറുന്നതിനുമുമ്പ് അതു് അടച്ച് ഉപ്പുവെള്ളത്തെ തടഞ്ഞ് നിർത്തി കൃഷി ചെയ്യാൻ ഉപകരിക്കുന്ന പാടശേഖരങ്ങളാക്കി മാറ്റി. ഇവിടെ കളിമണ്ണും എക്കൽ മണ്ണും മണലും ചേർന്ന മണ്ണാണ് മേൽത്തട്ടിൽ. ഒരു മീറ്റർ താഴോട്ടുപോയാൽ കപ്പച്ചേടിയാണ്. അടിയിൽ പല ഭാഗത്തും വലിയ മരച്ചാഴിയും ദ്രവിക്കാതെ കിടക്കുന്നത് ഇന്നും കണ്ടുവരുന്നുണ്ട്. കുറെയേറെ വർഷങ്ങളോളമായി ഇവിടെ വെള്ളം വറ്റിച്ച് നെൽകൃഷി ചെയ്തു വരുന്നു.

### 2. ഉയർന്ന സമതലം

മൊത്ത വിസ്തൃതിയിൽ 18 ശതമാനമാണ് ഈ ഭാഗത്തിന്റെ വിസ്തൃതി. അന്തിക്കാട് വില്ലേജിൽ കോൾ നിലങ്ങൾക്ക് പടിഞ്ഞാറ് കരഭൂമിയായി കാഞ്ഞാണി, മണലൂർ പഞ്ചായത്തിലെ തൃപ്രയാർ റോഡിന് ഇരുവശത്തുമായി കിഴക്കും പടിഞ്ഞാറും ഉയർന്നു കിടക്കുന്ന പ്രദേശമാണിത്. ഇവിടം സമുദ്ര നിരപ്പിൽനിന്ന് 4 മീറ്ററോളം ഉയരത്തിൽ നിന്ന് 1.5 (ഒന്നര) മീറ്ററോളം ഉയരത്തിലേക്ക് കിഴക്കോട്ടും പടിഞ്ഞാറോട്ടും ചെരിവാണ്. ഏറ്റവും ഉയർന്ന പ്രദേശം 5,6,7,8 എന്നീ വാർഡുകളിലാണ്. കല്ലെട്ടുവഴി എന്നു പറയുന്ന പ്രദേശമാണ് ഏറ്റവും ഉയർന്ന സ്ഥലം. ഇവിടെ മേൽ ഭാഗത്തു തന്നെ വെട്ടുകൽ (ലാറ്ററെയിറ്റ്) കാണുന്നു. ബാക്കി പ്രദേശങ്ങളിലെല്ലാം മണലും കളിമണ്ണും ചേർന്ന ഫലഭൂയിഷ്ഠമായ മണ്ണാണ്. പ്രധാനമായും തെങ്ങ് ഇവിടെ വളരുന്നു.

## 3. പാടങ്ങൾ

മൊത്തം വിസ്തൃതിയിൽ അന്തിക്കാട് വില്ലേജിൽ 18%വും പടിയം വില്ലേജിൽ 16%വും അങ്ങിനെ 34% വട്ടൻ നിലം (വിരിപ്പ് മുണ്ടകൻ കൃഷി ചെയ്യുന്ന നെൽപ്പാടങ്ങൾ) സമുദ്ര നിരപ്പിൽ നിന്ന് ഒന്ന് മുതൽ ഒന്നര മീറ്റർ വരെ ഉയർന്നു സ്ഥിതിചെയ്യുന്ന സമതല പ്രദേശമാണിത്. പ്രധാന മണ്ണ് മണൽ കലർന്ന കളിമണ്ണ് തന്നെ കുറച്ചുതാഴ്ത്തിയാൽ കലംകുട്ടി ചേടിയും (കളിമൺ പാത്രങ്ങൾ ഉണ്ടാക്കാൻ ഉപയോഗിക്കുന്ന മണ്ണ്). മറ്റു ചിലേടത്ത് ഇളം മഞ്ഞ കളിമണ്ണും കാണുന്നു. പടിഞ്ഞാറൻ തീരത്ത് താഴ്ത്തിയാൽ ഇത്തിൾ കക്ക നിക്ഷേപവും ധാരാളമുണ്ട്. ഈ രണ്ടു തരം മണ്ണിനും വെള്ളത്തെ തടഞ്ഞു നിർത്താൻ കഴിവുള്ളതുകൊണ്ട് മഴക്കാലത്ത് പാടങ്ങളിലെ വെള്ളം ഒരിക്കലും വറ്റാറില്ല. മഴയുടെ ഇടവേള നീണ്ടുപോയാൽ മാത്രമാണ് വെള്ളം വറ്റിപോകാറ്. പാടങ്ങൾ പ്രധാനമായും തെക്ക് വടക്ക് നീളത്തിലും കിഴക്കു പടിഞ്ഞാറ് വീതിയിലും 5 മേഖലകളായിട്ടാണ് കിടക്കുന്നത്.

1. a. അന്തിക്കാട് പുത്തൻ പീടിക മെയിൻ റോഡിന്റെ കിഴക്കു ഭാഗത്ത് പുത്തൻ പീടിക കൃസ്ത്യൻ പള്ളിയുടെ കിഴക്കു ഭാഗത്തായി കിടക്കുന്ന മാരൻ തോടിന് പടിഞ്ഞാറു വശത്തായി പരന്നു കിടക്കുന്ന പാടം.

   b. അന്തിക്കാട് പുത്തൻ പീടിക റോഡിന്റെ കിഴക്കു ഭാഗത്ത് കോളിന്റെ മേൽക്കരയിലുള്ള സമതല പാടങ്ങൾ.

2. മാത്തു തോടിന് ഇരുവശങ്ങളിലുമായി അന്തിക്കാട് ലിഫ്റ്റ് ഇറിഗേഷൻ കനാലിന്റെ ജലസേചിത പ്രദേശമായ പാടങ്ങൾ.

3. പടിയം വില്ലേജിൽ കാരമുക്ക് അഞ്ചങ്ങാടി റോഡിന് (റോഡിന്റെ നീളം 2914 മീറ്റർ) ഇരുവശത്തായി മണലൂർ പഞ്ചായത്തിലെ കാരമുക്ക് വില്ലേജിന്റെ തെക്കേ അറ്റത്തുനിന്ന് താന്ന്യം പഞ്ചായത്തിലെ വടക്കുംമുറി വില്ലേജിന്റെ വടക്കേ അറ്റംവരെ തെക്കു വടക്ക് നീളത്തിൽ പരന്നു കിടക്കുന്ന സമതല പാടങ്ങൾ. ഇതിന്റെ ചരിവ് വടക്കു ഭാഗത്ത് പടിഞ്ഞാറുനിന്ന് കിഴക്കോട്ടും തെക്കുഭാഗത്ത് പടിഞ്ഞാറുനിന്ന് കിഴക്കോട്ടു മാത്തുതോട്ടിലേക്കാണ്. പ്രധാന ജലനിർഗ്ഗമന മാർഗ്ഗം മാത്തുതോടു തന്നെ

4. a. പടിയം വില്ലേജിന്റെ തെക്കേഅറ്റത്ത് വടക്കുമുറി വില്ലേജിൽ ശ്രീരാമൻ ചിറ എന്ന പേരിൽ അറിയുന്ന വിസ്തൃതമായ ഒരു താഴ്ന്ന പാടശേഖരമുണ്ട്. പാടശേഖരത്തിലേക്ക് പടിയം വില്ലേജിന്റെ മദ്ധ്യഭാഗത്തുകൂടി വടക്കു തെക്കായി തെക്കോട്ട് ഒഴുകുന്ന തോടിന് ശ്രീരാമൻചിറ തോടെന്ന് പറയുന്നു. ഈ തോടിന് ഇരുവശത്തും പരന്നു കിടക്കുന്ന വിശാലമായ പാടം.

   b. ശ്രീരാമൻ ചിറതോടിന്റെ വടക്കുഭാഗത്ത് താണാപാടത്തേക്ക് ഒഴുകുന്ന എടത്തിരി തോടിന്റെ ഇരുവശത്തുള്ള പാടം.

5. കണ്ടശ്ശാംകടവ് തൃപ്രയാർ റോഡിന്റെ പടിഞ്ഞാറ് കാനോലി കനാലിന്റെ കിഴക്കുള്ള തീരപ്രദേശത്തിന്റെ കിഴക്കുകിടക്കുന്ന പാടം. ഇതിൽ ചില സ്ഥലങ്ങളിൽ ഓരു (ഉപ്പ്) കയറുന്നുണ്ട്. ഓരു കയറുന്നതിന് പുളിക്കെട്ടുകെട്ടി തടഞ്ഞു നിറുത്തുന്നുണ്ട്. മേൽ പറഞ്ഞ അഞ്ചു പാടശേഖരങ്ങളും നെൽകൃഷി ചെയ്യുന്നതാണ്.

## 4. തീരസമതലം

പടിയം വില്ലേജിന്റെ 40 ശതമാനവും അന്തിക്കാട് പഞ്ചായത്തിന്റെ മൊത്ത വിസ്തൃതിയുടെ 26 ശതമാനവും വരുന്നതും കനോലി കനാലിനും കിഴക്കുഭാഗത്തായി

കിടക്കുന്ന സമതലപ്രദേശമാണ് ഈ തീര സമതലം. ഇത് പ്രധാനമായും ഇടയിലുള്ള പാടശേഖരങ്ങൾ കാരണം അഞ്ചു മേഖല കളായി വേർപെട്ടു കിടക്കുന്നു. മണ്ണ് മണൽകലർന്ന കളിമണ്ണാണ്. തെങ്ങാണ് പ്രധാന കൃഷി. അങ്ങിങ്ങും മാവ്, പ്ലാവ്, കശുമാവ്, കവുങ്ങ് എന്നിവയുമുണ്ട്.

### 5. ചതുപ്പുനിലങ്ങൾ

കനോലി കനാലിന് കിഴക്കുഭാഗത്ത് കിടക്കുന്ന തീര സമതല പ്രദേശത്തിന്റെ ഇടയിൽ പഞ്ചായത്തിന്റെ 1, 2, 3 വാർഡു കളിലായി ഉപ്പുവെള്ളം കെട്ടികിടക്കുന്ന പ്രദേശമാണിത്. വേനൽകാലത്ത് ഉപ്പു വിളയുന്നത് കാണുന്നു. വേലിയേറ്റവും വേലിയിറക്കവും സ്ഥിരമായി അനുഭവ പ്പെടുന്നു. ഓരുകയറുന്നതിന് കൂടുതൽ ഭാഗത്തും പുളിക്കെട്ടു കെട്ടി തടഞ്ഞിട്ടുണ്ട്. അങ്ങിനെ ചിലയിടത്ത് നെൽകൃഷിയും മറ്റു ള്ളേടത്ത് ചകിരി മൂടലും ഉണ്ട്. പഠനപര്യ ടനത്തിൽനിന്നു കിട്ടിയ വിവരങ്ങളാണ് താഴെ കൊടുത്തിരിക്കുന്ന പടങ്ങളിൽ കാണിച്ചിരിക്കുന്നത്.

### ജലവിഭവങ്ങൾ

പ്രധാനമായും മഴയെ ആശ്രയിച്ചുള്ള ഒരു കാർഷിക വ്യവസ്ഥയാണ് അന്തിക്കാട് പഞ്ചായത്തിലുള്ളത്. കഴിഞ്ഞ പത്തുവർഷ മായി ശരാശരി വർഷത്തിൽ 2754.39 മി. മീ. മഴ ലഭിക്കുന്നുണ്ട് അതായത് പഞ്ചായത്തിന്റെ വിസ്തൃതിയിൽ ഒരു വർഷം 36.243 ക്യൂ. മീ. വെള്ളം കിട്ടുന്നു. വർഷപാതത്തിന്റെ 6 0% ലഭിക്കുന്നത് ജൂൺ, ജൂലായ്, ആഗസ്റ്റിലെ കാലവർഷത്തിലും 20% ഒക്ടോബർ നവംബറിലെ തുലാവർഷ ത്തിലും പലപ്പോഴായി കിട്ടുന്ന 20% വേനൽ മഴയുമായിട്ടാണ്. അടുത്തകാലത്തായി പ ല വർഷങ്ങളിലായി വേനൽ മഴ ലഭിക്കു ന്നില്ല. പഞ്ചായത്ത് അതിർത്തിയിൽ പെട്ട അന്തിക്കാട് കോൾ പാടശേഖരങ്ങളിൽ മൊത്തം 2000 ഏക്കർ കായൽനിലങ്ങളിൽ ശരാശരി 2 മീറ്റർ ആഴത്തിൽ വെള്ളം കെട്ടി കിടക്കുന്നു. കായലിലേക്ക് കുറുമാലി, മണ ലി, എന്നീ പുഴകൾ ചേർന്ന് ഒഴുകുന്ന കരു വന്നൂർ പുഴയുടെ വെള്ളത്തിന്റെ ഒരു ഭാഗം ഹെർബർട്ട് കനാൽ , ചിറയ്ക്കൽ തോട്, കാരാഞ്ചിറ തോട് വഴിയായി കോൾ നില ങ്ങളിൽ പ്രവേശിക്കുന്നു. അമിതമായി വരുന്ന വെള്ളം ഏനാമാവ് റെഗുലേറ്റർ വഴി കനോലി കനാൽ വഴി അറബിക്കടലിലേക്ക് ചേറ്റുവ അഴിമുഖത്തുകൂടി ഒഴുകി പോകു ന്നു. കരഭൂമികളും ഇടയിൽ കിടക്കുന്ന പാട ശേഖരങ്ങളിൽ (വട്ടനിലങ്ങളിൽ) മഴക്കാ ലത്ത് കരഭൂമികളിൽ നിന്ന് ഒഴുകിവരുന്ന വെള്ളം പ്രധാനമായും മാത്തു തോട്, ശ്രീ രാമൻചിറതോട് എന്നിവ വഴി തെക്കോട്ടും ഒഴുകി താന്ന്യം പഞ്ചായത്തിലെ കണ്ണൻ ചിറ വഴിയായും ശ്രീരാമൻചിറ വഴിയായും കാനോലി കനാലിൽ പ്രവേശിക്കുന്നു. പാന്തോടു് ഭാഗത്തുനിന്നുള്ള വെള്ളം വട ക്കോട്ട് ഒഴുകി കായലിലേക്ക് ചേരുന്നു. ഖാദർ മൈതാനത്തിന്റെ പരിസരത്തുള്ള വെള്ളം വടക്കോട്ട് ഒഴുകി മണലൂർ ലിഫ്റ്റ് ഇറിഗേഷന്റെ മാങ്ങാട്ടുകര ബ്രഞ്ചു കനാ ലിൽ കൂടി ഒഴുകി കനോലി കനാലിൽ ചേരുന്നു. 4,10 വാർഡുകളിലെ എടത്തിരി ഭാഗത്തുള്ള വെള്ളം വടക്കോട്ടു ഒഴുകി ക നോലി കനാലിൽ ചേരുന്നു. കൊച്ചിപ്പാട ത്തിന്റെ പരിസരത്തുള്ള വെള്ളം പുളികെ ട്ട് തോട് വഴി കനോലി കനാലിൽ ചേരു ന്നു. നായരങ്ങാടി പരിസരത്തുള്ള വെള്ളം കല്ലാറ്റു പുഴ തോടുവഴി കനോലി കനാ ലിൽ ചേരുന്നു. 7ാം വാർഡിലെയും 8ാം വാർഡിലെയും, ഭാഗികമായി 6ാം വാർഡിന്റെയും വടക്കു ഭാഗത്തുള്ള വെള്ളം പരപ്പൻചാൽ വഴി കോൾ നിലങ്ങളിലേക്ക് എത്തിച്ചേരുന്നു.

മറ്റു ജല ശ്രോതസ്സുകളിൽ 8ാം വാർഡി ലുള്ള അന്തിക്കാട് അമ്പലകുളവും (4 ഏക്കർ) ചെറിയൻകുളവും (12 ഏക്കർ) 7ാം വാർഡിലുള്ള തിയ്യാടി കുളം (1 ഏക്കർ)

ചിറമുഖത്ത് അയ്യപ്പൻ ക്ഷേത്ര കുളവും വാമനമൂർത്തി ക്ഷേത്രകുളം 6ാം വാർഡിൽ കുതിര കുളം, ഒമ്പതാം വാർഡിൽ മാങ്ങാട്ടുകര ക്ഷേത്രകുളം നാലാം വാർഡിലെ വാക്കര കുളം (ഒന്നര ഏക്കർ) ചടയൻകുളം (40സെന്റ്), പുത്തൻ കുളം (16സെന്റ്), അയ്യപ്പൻകാവ് ക്ഷേത്രകുളം (ഒന്നര ഏക്കർ), മൂന്നാം വാർഡിൽ വെടികുളം, കല്ലാറ്റുപുഴ ക്ഷേത്രകുളം, ഒന്നാം വാർഡിൽ പനക്കൽ കുളം, മടമ്പത്ത് കുളം, രണ്ടാം വാർഡിൽ പിണ്ഡാണികുളം, പത്താം വാർഡിൽ എട്ടുകുളം അതിനോട് തൊട്ടുളള മനകുളം, ചുരക്കോട്ട് അമ്പലകുളം, തച്ചപ്പുള്ളി കുളം, അഞ്ചാം വാർഡിൽ മണ്ടികുളം, പുത്തൻകുളം എന്നിവ പ്രധാനപ്പെട്ട കുളങ്ങളാകുന്നു. ഇതുകൂടാതെ അനേകം ചെറുകുളങ്ങളും പൊതുകിണറുകളും പ്രധാന ജലസ്രോതസ്സുകളാണ്. ഈ ജലസ്രോതസ്സുകളുടെ ജലം പതിവായി ചരിയൻ കുളം ഒഴികെ ജലസേചനത്തിന് ഉപയോഗിക്കുന്നില്ല. മുൻകാലങ്ങളിൽ മിക്ക പ്രദേശങ്ങളിലും ഏകദേശം 5, 6, മീറ്റർ താഴ്ത്തിയാൽ വേനൽകാലത്തുപോലും വെളളം സമൃതിയായി ലഭിച്ചിരുന്നു. എന്നാൽ അടുത്തകാലത്തായി ഇത്തരം കിണറുകളെല്ലാം വറ്റി പോകുന്നു. ഇപ്പോൾ 10 മുതൽ 12 മീറ്റർ ആഴത്തിൽ നിന്നാണ് വേനൽ കാലങ്ങളിൽ വെളളം ലഭിക്കുന്നത്. വേനൽ കാലത്ത് 7ാം വാർഡിൽ ജലലഭ്യത വളരെ കുറവാണ്. ഇതിന് പരിഹാരമായി 7ാം വാർഡിൽ ഉണ്ടാക്കിയ കുഴൽ കിണറിലെ വെളളം ഉപയോഗശൂന്യമാണ്. വേനൽ കാലത്ത് പൊതുവേ രൂക്ഷമായ ജലക്ഷാമം അനുഭവപ്പെടുന്നുണ്ട്.

മുൻകാലങ്ങളിൽ ശ്രീരാമൻ ചിറകെട്ട് (താന്ന്യം പഞ്ചായത്ത്) നിലവിലുണ്ടായിരുന്നതുകൊണ്ട് പഞ്ചായത്തിന്റെ തെക്ക് പടിഞ്ഞാറു ഭാഗത്ത് ജലലഭ്യത കൂടുതലുണ്ടായിരുന്നു. എന്നാൽ 25 കൊല്ലമായി ശ്രീരാമൻചിറകെട്ട് നിലവിലില്ലാത്തതും ജലക്ഷാമത്തിന് രൂക്ഷത വർദ്ധിച്ചിരിക്കുന്നതും പഞ്ചായത്തിന്റെ പടിഞ്ഞാറെ അതിർത്തിയിലൊഴുകുന്ന കനോലി കനാലിൽ എല്ലാകാലത്തും സമൃതിയായി വെള്ളം ഉണ്ടെങ്കിലും വേനൽകാലത്ത് ഓരു കയറി പുളിവെള്ളമായിരുന്നതിനാൽ കൃഷിക്ക് ഉപകരിക്കുന്നില്ല.

## കൃഷി

### അവലംബം

വിഭവ ഭൂപടങ്ങൾ, സെറ്റിൽമെന്റ് രജിസ്റ്റർ, കൃഷിഭവൻ രേഖകൾ.

അന്തിക്കാട് പഞ്ചായത്ത് ഈ നൂറ്റാണ്ടിന്റെ ആരംഭത്തിൽ മുഴുവൻ പ്രദേശവും കാർഷിക മേഖലയായിരുന്നു. പഞ്ചായത്തിന്റെ വിസ്തൃതിയുടെ 44% പുരയിടങ്ങൾ, (പറമ്പ്) ആകുന്നു. ബാക്കി 22% കായൽ നിലങ്ങളും 34% (വട്ടൻ) മുണ്ടകൻ, വിരിപ്പു നിലങ്ങളുമായിരുന്നു. പറമ്പുകളിൽ കൃഷി പ്രധാനമായും തെങ്ങ് ആണെങ്കിൽ തന്നെ ഇടവിളകളായി എല്ലായിടത്തും വാഴ, മരച്ചീനി, പയർ, കഞ്ഞിപ്പുല്ല് (റാഗി), ചേമ്പ്, കാവിത്ത് കൂർക്ക എന്നീ കിഴങ്ങു വർഗ്ഗങ്ങൾ കൃഷി ചെയ്തിരുന്നു. തെങ്ങിനിടയിൽ കവുങ്ങുമുണ്ടായിരുന്നു. വേനൽകാലത്ത് വട്ടൻ നിലങ്ങളിൽ മുണ്ടകൻ വിളവെടുപ്പിനുശേഷം പച്ചക്കറി മത്ത, വെള്ളരി, പടവലം, കുമ്പളം, കൈപ്പയ്ക്ക, വെണ്ട, കുമ്മട്ടി, ചീര മുതലായ കൃഷികളുണ്ടായിരുന്നു. ഈ കൃഷികൾക്കുള്ള ജലസേചനം മനുഷ്യപ്രയത്നം കൊണ്ടു മാത്രമായിരുന്നു. അതായത് ഓരോ വീട്ടുകാരും മൺകുടം കൊണ്ടും, പാട്ടകാവ് ഉപയോഗിച്ചുമായിരുന്നു നനച്ചിരുന്നത്. 9ാം വാർഡിൽ വടക്കുകിഴക്കു ഭാഗം മുക്കാൽ പാടത്ത് കൂർക്കയായിരുന്നു പ്രധാന കൃഷി.

### ഭൂവുടമ ബന്ധങ്ങൾ

നൂറ്റാണ്ടിന്റെ ആരംഭത്തിൽ പഞ്ചായത്തിന്റെ മുഴുവൻ ഭൂമിയും വൻകിട

ജന്മിമാരുടെ (ചേലൂർ മന, ചെങ്ങഴി നെല്ലൂർ മന, ജ്ഞാനപ്പിള്ളി മന, പാതിരശ്ശേരി മന, കുളങ്ങാത്ത് മന, പഴങ്ങാ പറമ്പ് മന, പനന്തേൽ മന, ഉത്തരംമ്പുള്ളി മന) കൂടാതെ തൃപ്രയാർ, തൃപ്പൂണിത്തുറ, കൂടൽമാണിക്ക്യം എന്നീ ദേവസ്വത്തിന്റെ ഉടമസ്ഥതയിലായിരുന്നു. ഇവരിൽനിന്ന് കൃഷിഭൂമി ഇടത്തട്ടുകാർ എടുത്ത് കർഷകർക്ക് കൈമാറി 4,5,6 എന്ന തോതിൽ പാട്ടം വസൂലാക്കിയിരുന്നു. പാട്ടത്തിന് പുറമേ കാഴ്ച്ച കുലകൾ കൊടുക്കുക എന്ന സമ്പ്രദായവും ഉണ്ടായിരുന്നു. കൃഷിക്കാരും കർഷകതൊഴിലാളികളും തമ്മിൽ വെണ്ണീർ കണ്ടം എന്ന സമ്പ്രദായവും ഉണ്ടായിരുന്നു. അക്കാലത്ത് ചിറ്റ്യാനി, ചീര, കൊടിയൻ, ആര്യൻ തുടങ്ങിയ നെൽവിത്തുകളായിരുന്നു ഉപയോഗിച്ചിരുന്നത്. വെള്ളക്കെട്ടു പ്രദേശങ്ങളിൽ കൊടിയൻ കൂട്ടുവിത ആയിരുന്നു. ഈ കാര്യങ്ങളിൽ കിട്ടിയിരുന്ന ഉത്പാദനം 6 മേനി മുതൽ 10 മേനി വരെ ആയിരുന്നു.

## മുൻകാല കോൾ കൃഷി

മനക്കൊടി കായൽ മുൻകാലത്ത് ഓരു വെള്ളം കയറികിടന്ന വെള്ളകെട്ടായിരുന്നു. ഈ നൂറ്റാണ്ടിന്റെ മുൻപുതന്നെ ഏനാമാക്കലിൽ വെട്ടുകല്ല് ഉപയോഗിച്ച് അണകെട്ടി ചീപ്പുകൾ സ്ഥാപിച്ച് ഉപ്പുവെള്ളം നിയന്ത്രിച്ചതിനു ശേഷമാണ് കോൾനിലങ്ങളിൽ കൃഷി ആരംഭിച്ചത്. അന്നത്തെ പ്രധാന തോടുകൾ പെരുമ്പുഴ തോട്, കടാതോട്, ചെമ്മീൻ ചാൽ, പുഴക്കൽ തോട് എന്നിവയാകുന്നു. പിന്നീടാണ് ശക്തൻ തമ്പുരാന്റെ കാലത്ത് കൊക്കാല തൊട്ട് പുത്തൻ തോട്, വള്ളൂർ ചാൽ തുടങ്ങിയവയും കോൾ പടവിനുള്ളിൽ ഉൾചാലുകളും ഉണ്ടാക്കിയതെന്നാണ് അറിവ്. അതോടുകൂടി പടവുകൾ തിരിച്ച് ഓലയും മുളയും ഉപയോഗിച്ച് മാട്ടം ഉണ്ടാക്കി ചേറ് ഇട്ട് വലിയ 41 ഇലവരെയുള്ള ചക്രങ്ങൾ ഉപയോഗിച്ച് വെള്ളം വറ്റിച്ച് കൃഷി ചെയ്യുവാൻ തുടങ്ങി. ഇതിന് പൂർണ്ണമായും മനുഷ്യാധ്വാനമായിരുന്നു. അന്ന് മുഴുവൻ പ്രദേശത്തും കൃഷി ചെയ്തിരുന്നില്ല. പടവു തിരിച്ച് തരിശിട്ട് കൃഷി ചെയ്യുന്ന സമ്പ്രദായമായിരുന്നു. കുറുമാലി, മണലി എന്നീ പുഴകളിൽനിന്നും ഒഴുകി എത്തുന്ന എക്കൽ മണ്ണും വളവും ധാരാളം വീണിരുന്നതുകൊണ്ട് കോൾ പാടങ്ങളിൽ ഒരു വളവും ഉപയോഗിക്കേണ്ടതില്ലായിരുന്നു. 1947 മുതൽ പഴയ ചക്രംചവുട്ടി വെള്ളം വറ്റിക്കുന്നതിനു പകരം ഓയിൽ എഞ്ചിനുകൾ, പെട്ടിയും പറയുമുപയോഗിച്ച് വെള്ളം വറ്റിക്കുന്ന സമ്പ്രദായം നിലവിൽ വന്നു. 1969 നു ശേഷം കൃഷിക്കാർക്ക് 18 ഇലക്ട്രിക്ക് മോട്ടോറുകളും ഉപകരണങ്ങളും സൗജന്യമായി സർക്കാരിൽ നിന്നും ലഭിക്കുകയുണ്ടായി. അതിനു മുമ്പുതന്നെ മോട്ടോറുകൾ ഉപയോഗിക്കാൻ തുടങ്ങിയിരുന്നു. 1950 വരെ വെള്ളം വറ്റിച്ച് പാടശേഖരം സംരക്ഷിച്ചിരുന്നത് സ്വകാര്യ വ്യക്തികളായ ഏ. സി. ആർ. മേനോൻ, സി. പി. പരമേശ്വരൻ നമ്പൂതിരി, വട്ടപ്പറമ്പത്ത് ഗോവിന്ദൻ നായർ മുതൽ പേരായിരുന്നു. ഇത് അന്ന് അവരുടെ ഒരു കുത്തക അവകാശമായിട്ടാണ് നടത്തിയിരുന്നത്. അവർ അതിന് അമിതമായ നിരക്കിൽ പണം വസൂലാക്കിയിരുന്നു. 1950ൽ കൃഷിക്കാർ സംഘടിച്ച് സഹകരണാടിസ്ഥാനത്തിൽ അന്നത്തെ മുഖ്യമന്ത്രി ശ്രീ. ടി. കെ. നാരായണ പിള്ളയുടെ നിർദ്ദേശമനുസരിച്ച് 8180ം നമ്പ്ര് കോൾ കൂട്ടു കൃഷി സഹകരണ സംഘം രൂപീകരിച്ച് കൃഷി നടത്താൻ ആരംഭിച്ചു. ഇതിനു മുൻപന്തിയിലുണ്ടായിരുന്നത് ടി. കെ. കുഞ്ഞയ്യപ്പൻ മാസ്റ്ററായിരുന്നു. അദ്ദേഹത്തോടൊപ്പം അഞ്ചക്കാളൻ അയ്യപ്പൻ, പ്രഭാകര മേനോൻ, ചേർന്നോത്ത് കൃഷ്ണൻ, രാമൻ മേനോൻ, ഗോവിന്ദൻ മേനോൻ, കരിപ്പൂര് ശങ്കര മേനോൻ എന്നിവരായിരുന്നു. ഇത് ഇന്ത്യാ രാജ്യത്തിനു തന്നെ ഒരു പുതിയ മാതൃകാസ്ഥാപനമാകുകയും ചെയ്തു. 1968ൽ 8180ം നമ്പ്ര് സംഘം വിവിധോദ്ദേശ സർവ്വീസ് സഹക

രണ്ട സംഘമായി മാറി. 1965, 66 മുതൽ സംഘം ഇരുപ്പൂ കൃഷി സമ്പ്രദായം നടപ്പിലാക്കി (മുണ്ടകൻ, പുഞ്ച). 1957 മുതൽ 1980 വരെ കൃഷിക്കാരെ സംബന്ധിച്ചിടത്തോളം ഒരു സുവർണ്ണ കാലഘട്ടമായിരുന്നു. വളരെയധികം വികസന പ്രവർത്തനങ്ങൾ ഈ കാലഘട്ടത്തിൽ കോൾപടവുകളിൽ നടത്തിയിട്ടുണ്ട് കെ. എൽ. ഡി. സി മുഖേന സ്ഥിരം ബണ്ട് നിർമ്മാണം, ആധുനികരീതിയിലുള്ള കൃഷി സമ്പ്രദായം എന്നിവ നിലവിൽ വന്നു.

1986ൽ സംഘത്തിന് കൃഷിസംബന്ധമായ പ്രവർത്തികൾ ഏറ്റെടുത്തു നടത്തുവാൻ പറ്റാത്ത സാമ്പത്തിക തകർച്ചാ സാഹചര്യം ഉണ്ടായി. അതിനെ തുടർന്ന് എല്ലാ കൃഷിക്കാരും ചേർന്ന് അന്തികാട് കോൾപടവ് പാടശേഖരകമ്മിറ്റി രൂപികരിച്ച് പ്രവർത്തനം ആരംഭിക്കുകയും അന്നുമുതൽ കൃഷിസംബന്ധമായി എല്ലാ പ്രവർത്തികളും പാടശേഖരകമ്മിറ്റിയാണ്. നടത്തിവരുന്നത്.

### കെ. എൽ. ഡി. സി. എ. ഡി. എ. എന്നിവയുടെ പ്രവർത്തനം.

തൃശൂർ ജില്ലയിൽ കരുവന്നൂർ പുഴയുടെ വടക്കുഭാഗത്ത് കിടക്കുന്ന 20000 ഏക്കർ വരുന്ന മനക്കൊടി കായലും തെക്കുഭാഗത്തുള്ള ചെമ്മണ്ട കായൽ ഉൾപ്പെട്ട 10000 ഏക്കർ വരുന്ന വെള്ളക്കെട്ടു പ്രദേശമാണ് തൃശൂർ കോൾനിലങ്ങൾ എന്ന പേരിൽ അറിയുന്നത്. ഇതിൽ വടക്കുഭാഗത്തുള്ള മനക്കൊടി കായലിൽ വർഷാവർഷങ്ങളിൽ മുളയും ഓലയും ഉപയോഗിച്ച് മാടവരമ്പുണ്ടാക്കി ചേറുനിറച്ച് ബണ്ടുകൾ നിർമ്മിച്ചാണ് പടവുകൾ തിരിച്ച് വെള്ളം വറ്റിച്ച് കൃഷി നടത്തിയിരുന്നത്. ഒരു കാലഘട്ടം വന്നപ്പോൾ മുളയും മറ്റും കിട്ടാതായത്. ഈ കൃഷിക്കാർക്ക് ഭാരിച്ച ചിലവായി. അതും അല്ല അതിവർഷം വന്നാൽ ബണ്ടുപൊട്ടി കൃഷിനശിക്കുകയും പതിവായിരുന്നു. ഇതിൽനിന്ന് മോചനം കിട്ടാനാണ് സ്ഥിരം ബണ്ടുവേണമെന്ന് കർഷകർ മുറവിളി കൂട്ടിയത്. അങ്ങനെയാണ് സ്ഥിരം ബണ്ടു നിർമ്മാണത്തിനായി കേരള ലാന്റ് ഡവലപ്മെന്റ് കോർപറേഷൻ 1976ൽ സർക്കാർ രൂപികരിച്ചത് (കെ. എൽ. ഡി. സി) കോർപറേഷൻ ഏറ്റെടുത്തത് ഏറ്റവും ആദ്യം ആരംഭിച്ചത് അന്തിക്കാട് പടവിന്റെ കിഴക്കുഭാഗത്തുകൂടി ഒഴുകുന്ന പെരുമ്പുഴ തോടിന്റെ പണിയാണ്. ഏറ്റവും ആദ്യം പൂർത്തിയാക്കിയതും ഈ ബണ്ടിന്റെ പണി തന്നെയാണ്. നബാഡിൽ നിന്നുള്ള ധനസഹായം കൊണ്ടായിരുന്നു കെഎൽഡിസിയുടെ പ്രവർത്തനം. എന്നാൽ ചില ˘സാങ്കേതിക കാരണങ്ങളാൽ നബാഡ് സാമ്പത്തിക സഹായം നിർത്തിയപ്പോൾ കെഎൽഡിസിയുടെ പ്രവർത്തനം സതംഭിച്ചു. പിന്നിട് കേരളസർക്കാർ തന്നെ മുന്നോട്ട് വന്ന് തൃശൂർ കോൾ വികസന ഏജൻസി (കെഡിഎ) 1992ൽ രൂപം കൊടുത്തു ഇതിൽ കൂടുതലും അനൗദ്യോദിക മെമ്പർ മാരാണ്. ഇവരിൽ മിക്കവരും തൃശൂർ ജില്ലാ കോൾ കർഷക സംഘത്തിന്റെ ഭാരവാഹികളാണ്. അതുകൊണ്ട് ഇപ്പോൾ പ്രവർത്തനം വളരെ കാര്യക്ഷമമായി നടന്നു വരുന്നു. സ്ഥിരം ബണ്ടുകളുടെയും , പാലങ്ങൾ, പെട്ടിക്കുഴികൾ മുതലായവയുടെ നിർമ്മാണപ്രവർത്തനങ്ങൾ 1997ൽ തന്നെ പൂർത്തിയാക്കണമെന്ന ലക്ഷ്യത്തോടൊ ത്വരിതഗതിയിൽ പ്രവർത്തനം നടക്കുന്നുണ്ട്. ഇതെല്ലാം പൂർത്തികരിച്ചാൽ കർഷകർക്ക് വലിയൊരു അനുഗ്രഹമായിരിക്കും.

. കമാന്റ് ഡവലപ്മെന്റ് അതോറട്ടിയും പീച്ചി പദ്ധതിയുടെ ജലസേചിത പ്രദേശങ്ങൾ (കോൾനിലങ്ങളിൽ) പലവികസന പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട് അന്തിക്കാട് കോൾപടവിൽ തന്നെ പലഭാഗത്തും കോൺക്രീറ്റ് തോടുകൾ, ചെറിയ പാലങ്ങൾ നിർമ്മിച്ചതും കർഷകർക്ക് അനുഗ്രഹമായി.

## പീച്ചി ചിമ്മിണി.

ആദ്യകാലത്ത് കോളിൽ പടവുകൾ തരിശിട്ട് കൃഷിചെയ്യുന്ന സമ്പ്രദായമായിരുന്നു. എന്നാൽ എല്ലായിടത്തും കൃഷിചെയ്യാൻ തുടങ്ങിയപ്പോൾ വേനൽ മഴ പിഴച്ചാൽ കോൾകൃഷിയും പിഴക്കാറാണ് പതിവ്. ഇതിനു മോചനമായിട്ടാണ് പീച്ചി പദ്ധതി ആസൂത്രണം ചെയ്ത് നടപ്പിലാക്കിയത്. എന്നാൽ 1970 മുതൽ പീച്ചി വെള്ളം കൊണ്ടുമാത്രം കൃഷി നടത്താൻ നിവർത്തിയില്ലാത്ത സ്ഥിതിവിശേഷം നിലവിൽ വന്നു. അപ്പോഴാണ് മുപ്പളി ചിമ്മിണി പദ്ധതിക്ക് മുറവിളി കൂട്ടിയത് അതിനുമുന്നിൽ നിന്നു പ്രവർത്തിച്ച ,തൃശൂർ ജില്ലാ കോൾ കർഷക സംഘത്തിന്റെ പ്രസിഡന്റ് ശ്രീ. എൻ. ഐ. ദേവസ്സികുട്ടിയും സെക്രട്ടറി ശ്രീ. കെ. പി. പ്രഭാകരനെയും ഈ അവസരത്തിൽ ഓർക്കാതിരിക്കാൻ വയ്യ. അവരുടെ സേവനം കോൾ കർഷകർ എന്നത്തേക്കും ഓർമ്മിക്കുന്നതാണ്. 1976ൽ ചിമ്മിണിക്ക് തറക്കല്ലിട്ടെങ്കിലും 1996ലാണ് പദ്ധതി രാഷ്ട്രത്തിന് സമർപ്പിച്ചത്. എന്നിരുന്നാലും 1994 മുതൽ പദ്ധതി ഭാഗികമായി കമ്മീഷൻ ചെയ്തതിനാൽ അന്നുമുതൽ കോൾനിലങ്ങളിൽ സമർദ്ധിയായി വെള്ളം കിട്ടികൊണ്ടിരിക്കുന്നുണ്ട്. അങ്ങനെ കോൾനിലങ്ങളിലെ ജല ദൗർബല്ല്യം ഇനിയൊരുക്കാലത്തും ഉണ്ടാവില്ലെന്നാശിക്കാം.

## ഭൂപരിഷ്ക്കരണം.

1957ൽ മര്യാദ പാട്ടം നിജപ്പെടുത്തി ഒഴിപ്പിക്കൽ നിരോധന നിയമം നിലവിൽ വന്നു. അതു കൃഷിക്കാർക്ക് ഏറേ സുരക്ഷിതത്ത്വം നൽകി 1970 ജനുവരി ഒന്നുമുതൽ നിലവിൽ വന്ന ഭൂപരിഷ്ക്കരണ നിയമം മൂലം ജന്മിമാർക്ക് ചെറിയ നഷ്ട പരിഹാരം നൽകി കൃഷിക്കാർ ഭൂവുടമകളായി മാറി. ഇതിന്റെ ഫലമായി 1970ൽ അന്തിക്കാട് പടവിലെ കൃഷി 1400 പേരുടെ കൈയ്യിലായിരുന്നത് 1980 ആയപ്പോൾ 2200 പേരുടേതായി. കൂടാതെ കൃഷിക്കാർക്ക് കൃഷിയിൽ പുതിയ ഒരു ഉണർവ് ഉണ്ടാവുകയും അങ്ങനെ കാർഷിക മേഖല അഭിവൃദ്ധിപ്പെടുകയും ചെയ്തു. ഇതിന്റെ ഫലമായി കേരളത്തിനെ 33 ലക്ഷം കുടുംബങ്ങൾക്ക് നേട്ടമുണ്ടായി ഇത് കൃഷിക്കാരുടെയും കർഷകതൊഴിലാളികളുടെയും സാമ്പത്തിക നേട്ടങ്ങൾക്ക് വഴിയൊരുക്കി. മാത്രമല്ല സ്വാഭാവികമായും ഒരു സാമൂഹ്യമാറ്റത്തിന് ഒരു നാന്ദി കുറുക്കുകയും ചെയ്തു, എന്നാൽ സാമ്പത്തിക നേട്ടവും വികസനപ്രവർത്തനങ്ങളുടെ ആരംഭവും തൊഴിലാളികളെയും കർഷകരെയും മറ്റ് പല മേഖലകളിലേക്ക് കൂടുതൽ ആകർഷിച്ചു. തൽഫലമായി കർഷകർക്കും തൊഴിലാളികൾക്കും കൃഷിയോടുള്ള അഭിരുചി ഗണ്യമായി കുറഞ്ഞു. 1972 മുതൽ 80 വരെയുള്ള കാലഘട്ടങ്ങളിൽ ഉണ്ടായ പ്രകൃതിയിലെ അൽപം ചില മാറ്റങ്ങളും മുഞ്ഞ മുതലായ കീടങ്ങളുടെ ആക്രമണവും കീടനാശനികളുടെയും രാസവളങ്ങളുടെയും അമിതമായ ഉപയോഗവും എക്കൽ മണ്ണിന്റെ അഭാവവും മണ്ണിന്റെ ഘടനയേയും ജൈവ സ്വഭാവത്തെയും ഗണ്യമായി മാറ്റി. ഉല്പാദനക്ഷമത വളരെയധികം കുറയുന്നതിന് ഇത് കാരണമായി. കൃഷിക്കാർക്ക് ഉൽപ്പാദക ചെലവ് വളരെയധികം വർദ്ധിച്ചു അതേസമയം ഉൽപന്നത്തിനും ഉൽപാദക ചിലവ് അനുസരിച്ചുള്ള വില ലഭിക്കാതിരിക്കുകയും ചെയ്യുന്ന ഒരു അവസ്ഥ ഉളവായി.

മേൽപറഞ്ഞ കാരണങ്ങൾ കൊണ്ട് തൊഴിലാളികളുടെ ദൗർബല്ല്യം കൊണ്ടും കർഷകർ കൃഷിയിൽ താൽപര്യം കുറക്കുകയും തന്മൂലം 1993 മുതൽ ഇരുപ്പുകൃഷിയിൽ നിന്നും ഒരു പൂവ് കൃഷി ചെയ്യുക എന്നതിലേക്ക് കൃഷിക്കാർ എത്തിച്ചേർന്നു. മുണ്ടകൻ കൃഷി ചില കാലങ്ങളിൽ തുലാവർഷത്തിലെ അമിതവെള്ളംകൊണ്ടും കരവെള്ളം ഇറങ്ങിയും നശിക്കുകയും പുഞ്ചകൃഷി വെള്ളം ലഭിക്കാതെ ഉണങ്ങി പോവു

കയും ചെയ്യാറുണ്ട്. ചിമ്മണിപദ്ധതി പ്രവർത്തനം ആരംഭിച്ചതു മൂലം പുഞ്ചകൃഷി പൂർണ്ണമായും ഉണക്കത്തിൽ നിന്ന് രക്ഷപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ട് 1935നും 1995നും ഇടയിലുള്ള കൃഷിസംബന്ധിച്ച സ്ഥിതിവിവര കണക്കുകൾ താഴെ കൊടുക്കുന്നു.

പട്ടിക

| വർഷം | 1935 | 1995 | വർധിച്ചത് |
|---|---|---|---|
| പുരുഷന്കൂലി | 4ണ | 100രൂ | 400 |
| സ്ത്രീ ക്ക് കൂലി | 2ണ | 45രൂ | 360 |

ചെലവിലും വരുമാനത്തിലുമുള്ള ഈ അന്തരമാണ് കർഷകനെ കൃഷിയിൽ നിന്നും പിൻമാറ്റിയത്. കൂടാതെ രാസവളങ്ങൾക്കും കീടനാശിനികൾക്കും വർഷാവർഷങ്ങളിൽ ക്രമാതീതമായി വില വർദ്ധിക്കുന്നുണ്ട്.

## വട്ടൻനിലങ്ങളിലെ നെൽകൃഷി

വട്ടൻനിലങ്ങൾ 60%വും മണ്ണിട്ട് നികത്തി തെങ്ങിൻ തോപ്പുകളും പുരയിടങ്ങളുമായിമാറി. മിക്ക ജലനിർഗമനചാലുകളും റോഡുകളായി മാറി. ഈ രണ്ടു കാരണങ്ങളാൽ ശേഷിക്കുന്ന വട്ടനിലങ്ങളിൽ പലഭാഗങ്ങളിലും വെള്ളക്കെട്ടാവുകയും അതേസമയം മറ്റുഭാഗങ്ങളിൽ വെള്ളം കിട്ടാതെ വരുന്നതു കൊണ്ട് മിക്കസ്ഥലങ്ങളിലും കൃഷിചെയ്യാൻ നിവർത്തിയില്ലാതെ വന്നിരിക്കുന്നു.

അന്തിക്കാട് ലിഫ്റ്റ് ഇറിഗേഷൻ 1974ൽ ആരംഭിച്ചത് അന്തിക്കാട് പടിയം വില്ലേജിലുള്ള 201.52 ഹെക്ടർ വട്ടനിലങ്ങളിലേക്ക് ജലസേചനത്തിന് ഉദ്ദേശിച്ചുകൊണ്ടാണ് മുൻപറഞ്ഞ കാരണങ്ങളാൽ ഭൂരിഭാഗം സ്ഥലങ്ങളിലും ലിഫ്റ്റ് ഇറിഗേഷൻ കനാൽ പ്രവർത്തന ശേഷി ഉല്ലാത്തതായി ഇരിക്കുന്നു. യഥാർത്ഥത്തിൽ ഇന്നുവെറും 5% ഭാഗത്തു മാത്രമാണ് വട്ടൻ നിലം കൃഷി ചെയ്തു വരുന്നത് പലഭാഗത്തും സ്ഥലം തരിശായി കിടക്കുകയാണ്.

## തെങ്ങുകൃഷി


ഈ പഞ്ചായത്തിൽ നിലവിലുള്ള സ്ഥിതി വിവരകണക്ക് അനുസരിച്ച് 44% പുരയിടങ്ങളാണ്. പുരയിടങ്ങളിൽ വീട് നിൽക്കുന്ന സ്ഥലങ്ങൾ ഒഴിച്ച് ബാക്കി മുഴുവൻ സ്ഥലങ്ങളും തെങ്ങ് കൃഷിയാണ്. വട്ടം നിലം നികത്തി പുരയിടമാക്കിയ സ്ഥലം കൂടി കണക്കാക്കിയാൽ മൊത്തം തെങ്ങു കൃഷി പഞ്ചായത്തിന്റെ വിസ്തൃതിയുടെ 59% വരുന്നതായി കാണുന്നു.

ആദ്യകാലങ്ങളിൽ പറമ്പുകളിൽ പ്രത്യേകിച്ചും വർഷകാലകത്ത് പയർ, ചേമ്പ് മുതലായ ഇടവിളകൾ ഉണ്ടായിരുന്നതുകൊണ്ടും ഇടവരമ്പുകളും ഉണ്ടായിരുന്നതിനാൽ മണ്ണൊലിപ്പ് തടയുകയും മണ്ണിന്റെ ജൈവ സ്വഭാവം നിലനിർത്തിയിരുന്നതുകൊണ്ട് കൂടുതൽ വെള്ളം മണ്ണിലേക്ക് താഴ്ന്നു പോയിരുന്നു. അതുകൊണ്ടു മണ്ണിലെ ജല സംഭരണശേഷി വർദ്ധിച്ചിരുന്നു. കൂടാതെ മിക്കവീടുകളിലും ഉഴവുമാടുകളും കറവുമാടുകളും ഉണ്ടായിരുന്നതുകൊണ്ട് കാലിവളം സമൃദ്ധിയായി ഉപയോഗിക്കവാൻ സാധിച്ചിരുന്നു. ഇതിനു പുറമേ മിക്ക പറമ്പുകളിലും കാവുകൾ ഉണ്ടായിരുന്നു. അത് ഇന്ന് ഒരു കല്ലും മരവുമായി ശേഷിച്ചിരിക്കുന്നു. പമ്പുസെറ്റുകളുടെ ഉപയോഗം അന്ന് തീരെ ഉണ്ടായിരുന്നില്ല. അതുകൊണ്ട് കുളങ്ങളും കിണറുകളും വറ്റുക എന്ന സ്ഥിതി വിശേഷം ഉണ്ടായിരുന്നില്ല. ഈ കാരണങ്ങളെ കൊണ്ട് ഉല്പാദന ചിലവ് കുറവും ഉല്പാദനക്ഷമത കൂടുതൽ ആയിരുന്നു. ഒരു ഏക്കർ സ്ഥലത്ത് നിന്ന് ശരാശരി വർഷത്തിൽ 9,000 മുതൽ 10000 വരെ നാളികേരം കിട്ടിയിരുന്നു.

കാലാവസ്ഥയിൽ വന്ന മാറ്റവും പറമ്പുകളിലെ ഇടവിള കൃഷി നിന്നുപോയതു

കൊണ്ടും കാലിവളർത്തലിൽ വന്ന കുറവു കാരണം ഉല്പാദനക്ഷമത കുറഞ്ഞ് ഏക്കറിന് വർഷത്തിൽ ശരാശരി 4000 മുതൽ 4500 വരെ നാളികേരമാണ് ഇന്ന് കിട്ടികൊണ്ടിരിക്കുന്നത്. തെങ്ങുകളുടെ വർദ്ധനവും അതേസമയം തെങ്ങുകയറ്റ തൊഴിലാളികളുടെ അഭാവവും യഥാസമയം തെങ്ങു സംരക്ഷിക്കുന്നതിനും വിളവെടുപ്പിനും പ്രയാസമുണ്ടാക്കിയിട്ടുണ്ട്. യഥാസമയം തെങ്ങു കയറാത്തത് ഉല്പാദന ക്ഷമത കുറയുവാൻ ഒരു കാരണമാണ്. തെങ്ങിനെ സംരക്ഷിക്കുന്നതിൽ തൊഴിലാളികൾക്കും പ്രധാന പങ്കുണ്ട്. വിപണനരംഗത്ത് ഇടത്തട്ടുക്കാരുടെ ചൂഷണവും ഉല്പന്നത്തിന് ന്യായമായ വില ലഭിക്കാതെരിക്കുന്നതും കൃഷിക്കാരെ ഏറെ ബുദ്ധിമുട്ടിലാക്കിയിരിക്കുന്നു. ഉല്പാദന വിലയുമായി താരതമ്യപ്പെടുത്തുമ്പോൾ ഉല്പന്നത്തിനു കിട്ടുന്നവില അപര്യാപ്തമാണ്. ഉദാഹരണമായി 1984ൽ ഒരു ക്വിന്റൽ വെളിച്ചെണ്ണക്ക് 5500 രൂപ വിലയുണ്ടായിരുന്നു. അതേസ്ഥാനത്ത് 1994, 1995, 1996ന്റെ മദ്ധ്യം വരെയും വില ക്വിന്റലിന് 4000ത്തിന് താഴെയായിരുന്നു. 1996 ജൂൺ മുതൽക്കാണ് 5000 രൂപക്കടുത്ത് വിലനിൽക്കുന്നത്. ഇത് എത്രത്തോളം തുടർന്ന് നിൽക്കുന്നു എന്ന് പറയാനും വയ്യ.

## ഭൂവിനിയോഗം




1. കോൾനിലം രണ്ടു പടവ് കൃഷി ചെയ്യാവുന്നത് 288.84ഹെക്ടർ
2. ഉയർന്ന സമതലം തെങ്ങിൻതോപ്പ് 214.00ഹെക്ടർ
3. തീരസമതലം 313.00 ഹെക്ടർ
4. നിലമായിരുന്നത് നികത്തിയത് 170.00 ഹെക്ടർ
5. കൃഷിസ്ഥലം കൃഷിചെയ്യാതെ തരിശായി കിടക്കുന്നത് 190.00 ഹെക്ടർ
6. പാടം നെൽകൃഷി ഇപ്പോൾ ചെയ്യുവരുന്നത് 47,00 ഹെക്ടർ
7. പുറംപോക്ക് (തോട്, തോട് നികത്തിയത്, കുളം മുതലായവ) 93.00 ഹെക്ടർ

ആകെ 1315.84 ഹെക്ടർ

## കൃഷിരീതി അന്നും ഇന്നും.

### വട്ടൻ പാടം

വർഷാവർഷങ്ങളിൽ പത്തേമാസം (ധനു 11നു) പൂരത്തിനു മുമ്പുതന്നെ വട്ടൻ പാടങ്ങളിലെ കൊയ്ത്തു കഴിഞ്ഞിരിക്കും (മുണ്ടകൻ കൊയ്ത്ത്) പത്തേമാസം എല്ലാവർക്കും ഒഴിവു ദിവസമാണ്. പത്തേമാസം മിക്കവർഷങ്ങളിലും അന്നു തന്നെയിരിക്കും ക്രിസ്തുമസ്സും. പത്തേമാസ ദിവസം കർഷകപ്പണികൾ (കൊയ്ത്തും പൂട്ടും) ഒന്നും തന്നെ ചെയ്യാൻ പാടില്ലെന്നതാണ് വിശ്വാസം. പൂരം കഴിഞ്ഞ് പിറ്റേ ദിവസം മുതൽ പാടത്ത് കന്നുകളെ കൊണ്ട് പൂട്ടാരംഭിക്കലായി. അര ഏക്കർ വട്ടൻപാടവും ഒരേക്കർ തെങ്ങിൻ പറമ്പും ഉള്ള മിക്ക കാർഷിക കുടുംബങ്ങളിലും അന്ന് പൂട്ടുന്നതിന് മൂരികളോ അല്ലങ്കിൽ പോത്തുകളോ ഉണ്ടായിരുന്നു. അവരെ നോക്കാനും പൂട്ടനും മാസ ശമ്പളക്കാരും ഉണ്ടായിരുന്നു. മകരമാസം അവസാനം വരെ എന്നും പൂട്ടു തന്നെയാണ്. പതിനെട്ടു ചാലും മുട്ടിയും കോഴിമുട്ട വീണാൽ ഉടയരുതെന്നാണ് പറയാറ്.

മീനം 15നും വിഷുവിനും
ക്കവർഷങ്ങളിലും വേനൽമഴ മുമ്പായി മി
യിരുന്നു. അങ്ങനെ മഴ കിട്ടാറുണ്ടാ
ളിൽ മീനം 25നോടടുത്തു കിട്ടുന്ന വർഷങ്ങ
തുടങ്ങും അല്ലെങ്കിൽ തന്നെ വട്ടൻവിത
ങ്ങും അന്ന് മിക്ക വിഷു പിറ്റേവിത തുട
(ജോത്സ്യർ) വിഷു വീടുകളിലും പണിക്കർ
എത്താറുണ്ട്. ഫലം. പറയുന്നതിന്
പൊഴുതു വിതക്കേണ്ട അപ്പോൾ എന്നാണ്
തന്നിരുന്നു. അതനുസരിച്ചാണ് തെന്ന നിർദ്ദേശവും
വിത ആരംഭിക്കുക. മിക്കവരും
മുമ്പായി ചാണപ്പൊടിയും വിതയ്ക്കുന്നതിനു
കലർത്തിയത് വിതറും. വെണ്ണീറും കൂട്ടി
പറമ്പിലും, കുടികിടപ്പു മിക്ക കൃഷിക്കാരുടെ
അവർ (അവരുടെ വീട്ടിലുള്ള കാരുണ്ടായിരുന്നു.
ലാളിയുടെ വട്ടൻപാടത്തിടുന്ന വെണ്ണീറ് മുത
ച്ചുവെച്ചിരിക്കും. അതിടുന്നതിന് സൂക്ഷി
കൊയ്യാനുള്ളതാണ്. കണ്ടം അവർക്ക്
വെണ്ണീർകണ്ടം. അല്ലാത്ത അതാണ്
ലാളിയുടെ വീട്ടുകാർ കണ്ടങ്ങൾ മുത
യ്തു കെട്ടാറ്. വെണ്ണീർ തന്നെയാണ് കൊ
കിടപ്പുകാർ) കൊയ്ത്തിന് കണ്ടക്കാരൻ (കുടി
വീട്ടുകാരെ സഹായിക്കാറുണ്ട്. മുതലാളിയുടെ
വർക്ക് ഭക്ഷണവും കൂലിയും അതിന
വിതച്ചുകൊത്തുകയോ കിട്ടും.
വിത്തു വെയ്ക്കുകയോ അല്ലെങ്കിൽ
വിത്തുവെയ്ക്കുന്നത് ആണ് പതിവ്.
കൊത്തി കമഴ്ത്തുകയോ ഒന്നുകിൽ വിതച്ചു
മ്പോൾ വരുന്ന പൊളിയിൽ അല്ലെങ്കിൽ പൂട്ടു
വെയ്ക്കുകയോ ആണ് പതിവ്. വിത്തു
മഴ കിട്ടിയാലും കിട്ടിയില്ലെങ്കിലും ഈ വിത
റ്റേ ചെയ്തിരിക്കും മഴ കിട്ടുമ്പോൾ വിഷുപി
മുളയ്ക്കുകയും ചെയ്യും. എല്ലാം
ശേഷം എട്ടുപത്തു ദിവസം മുള വന്നതിന്
പല്ലൻ മുട്ടികൊണ്ട് വലിക്കും. കഴിഞ്ഞാൽ
കാലിയെ ഉപയോഗിക്കാറില്ല. അതിന് കന്നു
മേൽ ചെറിയ ഭാരം. പല്ലൻമുട്ടിയിൻ
ആൾക്കാർ തന്നെയാണ് വെച്ച് (കല്ലു)
മിക്കവാറും കർഷകനും വലിക്കാറ്. അതു
ക്കാരനും കൂടിയായിരുന്നു. അവന്റെ ശമ്പള

മേടം 30ാം (?)യതിയാകുമ്പോഴേക്കും മിക്ക വർഷങ്ങളിലും നല്ല മഴ കിട്ടാറുണ്ട്. അപ്പോൾ പാടത്ത് പുല്ലുപറി ആരംഭിക്കുകയായി. അത്ര അധികം പുല്ലൊന്നും ഉണ്ടാകാറില്ല. മുത്തങ്ങ, കവിട്ട, മങ്ങ്, ചൊവ്വരി എന്നിവയാണ് സാധരണകാണാറുള്ള പുല്ല്. പുല്ലുപറി കഴിഞ്ഞതും ചാണകം കുറച്ചു കൂടി വിതറും. അപ്പോഴെക്കും ഇടവപ്പാതിയുടെ വരവും നല്ല വർഷവുമായി മഴ എത്ര പെയ്താലും 24 മണിക്കുറിൽ കൂടുതലൊന്നും പാടത്ത് വെള്ളം കെട്ടിനിൽക്കുകയില്ല. എത്ര വെള്ളംവന്നാലും ഒഴിഞ്ഞുപോകാനുള്ള ജലനിർഗമന തോടുകൾ ഉണ്ടായിരുന്നു. മാത്തുതോട്, പാന്തോട്, ശ്രീരാമൻചിറ തോട്, എടത്തിരി തോട്, പരപ്പൻചാൽ എന്നിവയായിരുന്നു പ്രധാന തോടുകൾ. കൂടാതെ മരാത്ത് ഇടവഴി, കൊലയാംപറമ്പത്ത് ഇടവഴി, മേനോത്ത് ഇടവഴി, പണിക്കരുടെ ഇടവഴി, കൊച്ചത്തകായി ഇടവഴി എന്നിങ്ങനെ വളരെയധികം ഇടവഴികളുണ്ടായിരുന്നതും ജലനിർഗ്ഗമന മാർഗ്ഗങ്ങളായിരുന്നു. അതുകൊണ്ട് വെള്ളകെട്ടിന്റെ ശല്ല്യം മിക്ക പ്രദേശത്തും ഉണ്ടായിരുന്നില്ല. കനോലി കനാലിന്റെ സമീപ പ്രദേശത്തുമാത്രമാണ് കുറച്ചു വെള്ള കെട്ടുണ്ടായിരുന്ന സ്ഥലം. പക്ഷേ അവിടെ കൊടിയൻ കൂട്ടി വിതയായിരുന്നതുകൊണ്ട് അത് കൃഷിയെ അത്ര ബാധിക്കാറുമില്ല. മറ്റുഭാഗങ്ങളിലെല്ലാം ചീര, വട്ടൻ, ചിറ്റേനി എന്നീ വിത്തുകളായിരുന്നു. വിതയ്ക്കാറ്.

കീടങ്ങളുടെ യാതൊരു ശല്ല്യവും അന്നില്ലായിരുന്നു. കർക്കിടകം 15നോടുകൂടി കൊയ്ത്താരംഭിക്കും. തലക്കും കാവിനും ആണ് കറ്റകെട്ടാറ്. മിക്ക കർഷക കുടുംബക്കാരും അന്ന് കൊയ്ത്തിന് ഏർപ്പെട്ടിരുന്നു. കൂട്ടത്തിൽ വെണ്ണീർ കണ്ടക്കാരും അന്ന് കൊയ്ത്തിന് പതമ്പ് അഞ്ചെ് കർഷകനും ഒന്ന് കൊയ്ത്തുകാർക്കും.

കൊയ്ത്തിനുമുമ്പ് കർഷക കുടുംബങ്ങളിൽ ചില പ്രത്യേക ചടങ്ങുകളും ഉണ്ടാ

യിരുന്നു. കർക്കിടകം 1 അതായത് കർക്കിക സംക്രാന്തിക്ക് തലേദിവസം തന്നെ വീടിന്റെ പരിസരമെല്ലാം ചെത്തി വൃത്തിയാക്കിയിരിക്കും മിഥുന മാസത്തിലെ അവസാന ദിവസം കർക്കിടക സംക്രന്തിക്ക് തലേനാൾ സന്ധ്യക്ക് മുറ്റമടിച്ച് ആ ചവറ് ഒരു പഴയ കലത്തിൽ വെച്ചിരിക്കും അതിൽ ഉപ്പും മുളകും മറ്റും ഇട്ടിരിക്കും. സംക്രന്തിനാൾ പുലർച്ചക്ക് വീട്ടിലെ ഗൃഹനായികയോ അല്ലെങ്കിൽ മുതിർന്ന പെൺമക്കളോ തലേദിവസം തയ്യാറാക്കി വച്ചിരുന്ന കലത്തിൽ ഒരു പന്തവും വെച്ച് അടുത്തുള്ള പാടത്തിന്റെ വരമ്പുകളുടെ മൂലയിൽ കൊണ്ടുവെയ്ക്കും. അത് അടുത്തുള്ള വീട്ടുകാരും കൂടി കൂട്ടമായിട്ടാണ് കൊണ്ടുപോകുക. കൊണ്ടുപോകുമ്പോൾ വീടിനെ മൂന്നു പ്രദിക്ഷണം ചെയ്ത് പൊട്ടീം മക്കളും പോ പോ ശ്രീ പാർവ്വതീം മക്കളും വാ വാ എന്നു പറഞ്ഞു കൊണ്ടായിരുന്നു പൊട്ടിയെ കളഞ്ഞതിനുശേഷം സ്ത്രീകൾ കൂട്ടമായിതന്നെ മടങ്ങി അടുത്തുള്ള കുളത്തിൽ കുളിച്ച് വീട്ടിൽ വന്ന് വീടിന്റെ കിഴക്കേ ഇറയത്ത് നടയിൽ വിളക്കു കത്തിച്ച് വെച്ച് മുക്കുറ്റി, ചണ്ണ, കൂവ്വ, തുളസിയില, അത്തി, ഇത്തി, പേരാൽഇല, മറ്റുപുഷ്പങ്ങൾ എന്നിവ വെച്ച് ഒരു പൂജ നടത്തും. പൂജക്കു ശേഷം ചണ്ണയും കൂവ്വയും പുരയുടെ മേൽകുരയുടെ പുറത്ത് നാലുഭാഗത്തും എറിയും. അന്ന് മിക്ക വിടുകളും ഓലപ്പുരകളായിരുന്നു.

കൊയ്ത്തിനു മുമ്പായി ഇല്ലം നിറയ്ക്കലും ചെയ്തിരിക്കണം, അതിനുശേഷമേ കറ്റ മുറ്റത്ത് ഇറക്കാവൂ എന്നായിരുന്നു വിശ്വാസം. ഇല്ലംനിറക്ക് നെൽകതിർകെട്ടും വെച്ച് വിടിന്റെ നടയിൽ ഒരു പൂജ നടത്തും. അതിനുശേഷം വീടിനുചുറ്റും നടന്ന് ഇല്ല നിറ നിറ വല്ലം നിറ നിറ പത്തായം നിറ, പെട്ടി നിറ എന്നു പറയും. ഇതു കഴിഞ്ഞ് വീടിന്റെ നടയുടെ മുകളിലെ കഴുക്കോലിൽ നെൽക്കതിർകെട്ടി വയറ എന്നു പറയുന്ന വള്ളികൊണ്ടും കെട്ടി ഞാത്തിയിടും. ഇത് അടുത്ത വർഷം ഇപ്രകാരം കെട്ടുമ്പോഴാണ് അഴിച്ചു കളയാറ്. ഇതുപോലെ പത്തായത്തിൻമേലും ഉരലിൻമേലും നെൽകതിർ ചാണകം കൊണ്ട് പതിച്ചു വെയ്ക്കും.

കൊയ്ത്തു കഴിഞ്ഞാലത്തെ ചടങ്ങ് പുത്തരി ഊണാണ്. അക്കാലത്തെ ഒന്നാം ക്ലാസിലെ പാഠപുസ്തകത്തിൽ തന്നെ ഈ വരികൾ കണാം.

കർക്കിടമാസേപുത്തരിയൂണും

ചിങ്ങംവരവേ വരുമിങ്ങോണം

കന്നിവരുമ്പോൾ നവരാത്രിയും

തുലാംവരവെ ദീപാവലിയും

അതായത് പുത്തൻ നെല്ലിന്റെ അരി ചോറുണ്ണുന്നതിന് മുമ്പ് ഈ ചടങ്ങു കഴിഞ്ഞിരിക്കണം എന്നതാണ് വിശ്വാസം. പുതിയ നെല്ലുകൊണ്ട് അവിൽ ഇടിച്ച് ശർക്കരയും നാളികേരവും ചേർത്തി കുഴച്ചതാണ് വിഭവം. ഇത് മരിച്ചുപോയ കാരണവന്മാർക്ക് വീതു വെച്ചതിനു ശേഷമാണ് വിട്ടിലുള്ളവർക്ക് കാരണവർ കൈയിൽ കൊടുക്കുന്നത്. അന്ന് വീട്ടിൽ പല വിഭവങ്ങളോടുകൂടിയ ഒരു സദ്യ തന്നയുണ്ടായിരിക്കും.

കൊയ്തും മെതിയും കഴിഞ്ഞാൽ വയക്കോലിന്റെ പണിയായി. വയ്ക്കോൽ തല്ലി തുറു ഇടണം. അന്ന് വയ്ക്കോൽ തല്ലുന്നതിന് അടുത്ത പ്രദേശമായ നാട്ടികയിൽ നിന്നുപോലും സ്ത്രീകൾ അന്തിക്കാട് വയ്ക്കോൽ തല്ലാനുണ്ടോ, വയ്ക്കോൽ തല്ലാനുണ്ടോ, എന്നു വിളിച്ചു ചോദിച്ചു കൊണ്ട് എത്തിയിരുന്നു. വയ്ക്കോൽ തല്ലി ഉണക്കി ചെറിയ തുറു ഇടുന്നത് അവരായിരുന്നു. അവർക്ക് ഉച്ചക്ക് കഞ്ഞി കൊടുക്കും. കൂടുതൽ നെല്ല് വയ്ക്കോലിൽ നിന്ന് കിട്ടിയെങ്കിൽ കുറച്ചു നെല്ല് വീട്ടുകാർ എടുക്കും.

തീരെ നെല്ലില്ലെങ്കിൽ കുറച്ചു നെല്ല് തല്ലുകാർക്ക് വീട്ടുകാർ കൊടുക്കുകയും ചെയ്യും. അതായത് ഒന്നര ഇടങ്ങഴി നെല്ല് ഒരു ദിവസം കൂലിയായി കിട്ടിയാൽ അന്ന് സ്ത്രീകൾ തൃപ്തരായിരുന്നു. വക്കോൽ തല്ലി കഴിയുന്ന ദിവസം തന്നെ വക്കോത്തുറു ഇടും. മിക്ക വീടുകളിലും അന്ന് വക്കോത്തുറു കാണാമായിരുന്നു.

വട്ടൻ (വിരിപ്പ്) വിളവെടുത്താൽ ഉടനെ മുണ്ടകൻ കൃഷി ഇറക്കാൻ ശ്രമിക്കും. കൊയ്ത്തു കഴിഞ്ഞതും പൂട്ടുന്നതാണ്. മൂന്നു നാലു ചാലെങ്കിലും പൂട്ടും. പലരും മാവിന്റെ തൂപ്പിറക്കി പൂട്ടുന്നതിന് കണ്ടത്തിൽ ഇടാറുണ്ട്. അതുപോലെ തന്നെ ചാണകവും. നിലം പാടായാൽ ഞാറ്റുവേല നോക്കി മിക്കവാറും ആയില്യത്തിൽ തന്നെ കൃഷിയിറക്കും. അന്നൊരു ചൊല്ലുണ്ട്. "ആയില്യക്കള്ളൻ അകത്തേയും പുറത്തേയും കളയും". അതായത് കൊയ്തു കൊണ്ട് വെച്ചതും പാടത്ത് വിതച്ചതും വെള്ളം കൊണ്ട് മുക്കി കളയും. കൂടുതൽ നിലമുള്ളവർ മിക്കവർക്കും ഞാറ്റു കണ്ടമുണ്ടായിരുന്നു. അതായത് അവരുടെ ഒരു ഉയർന്ന കണ്ടം. അതിൽ വിരിപ്പു വിതയ്ക്കാറില്ല. തിരുവാതിര ഞാറ്റുവേലയിൽ ഞാറിടാറാണ് പതിവ്. ഇത് പറിച്ച് ആയില്യത്തിൽ അല്ലെങ്കിൽ മകത്തിൽ തന്നെ നടുന്നതാണ്. രാസവളങ്ങളൊ കീടനാശിനികളൊ ഒന്നും തന്നെ അക്കാലത്ത് ഇല്ലായിരുന്നു. ചാണകം തന്നെ അന്നത്തെ വളം. അപൂർവ്വം ചിലർ കപ്പലണ്ടി പിണ്ണാക്ക് ഇടാറുണ്ടായിരുന്നു. മുണ്ടകന് പുല്ലിന്റെ ശല്യം അത്ര കണ്ട് ഉണ്ടാകാറുമില്ല. ഉണ്ടെങ്കിൽ തന്നെ അത് പറിപ്പിക്കും. ഈ കൃഷി തുലാം വർഷത്തെയും അതിജീവിച്ച് നല്ലൊരു വിള കിട്ടാറുണ്ട്. വെള്ളപ്പൊക്ക കെടുതി ഒരിക്കലും ഉണ്ടാകാറില്ല. തുലാം വർഷം ചില കാലങ്ങളിൽ പിഴയ്ക്കാറുണ്ട്. അങ്ങനെ പിഴച്ചാലും ചില സ്ഥലങ്ങളിൽ മാത്രമാണ് ഉണക്കം ബാധിക്കാറ്. അങ്ങനെ സംഭവിച്ചാൽ അടുത്തുള്ള കുളങ്ങളിൽ നിന്ന് പമ്പ് സെറ്റ് വെച്ച് വെള്ളം എടുത്ത് നനച്ച് രക്ഷപ്പെടുത്താറുണ്ട്. ഇതിനൊരു പരിഹാരമായിട്ടാണ് 1974ൽ അന്തിക്കാട് ലിഫ്റ്റ് ഇറിഗേഷൻ വന്നത്. മാത്തു തോടിനു ചുറ്റും 500 ഏക്കറിന് ഉദ്ദേശിച്ചുള്ളതാണ്. എന്നാൽ ലിഫ്റ്റ് പ്രവർത്തനത്തിൽ വരുന്നതിനു മുമ്പു തന്നെ പലരും നിലം നികത്തി തൈയ്യപ്പാക്കി തോടുകൾ തൂർത്ത് വെള്ളം കെട്ടിക്കിടന്നു. വെള്ളം കയറാത്തതുമായി. എന്നാൽ പിന്നീട് ഇതിനു പരിഹാരത്തിനായി കൃഷിക്കാരോ ഡിപ്പാർട്ടുമെന്റോ ഇന്നുവരെയും രംഗത്തിറങ്ങിയിട്ടില്ല.

ഈ വിളവിറക്കിയത് വൃശ്ചികം അവസാനത്തിലും ധനു ആദ്യവുമായി കൊയ്തു കഴിയും. ഇതായിരുന്നു മുൻ കാലത്തെ വട്ടൻ പാടത്തെ കൃഷി രീതി. അന്ന് 10 മേനി വിളഞ്ഞാൽ കർഷകൻ വളരെ സന്തുഷ്ടനായിരുന്നു. അപ്പോഴും അവന് നല്ലൊരു ലാഭവും അവന്റെ കുടുംബവും അതു കൊണ്ട് ജീവിച്ചിരുന്നു. ഇന്ന് കൃഷി രീതി പാടെ മാറി മറിഞ്ഞിരിക്കുന്നു. ഒന്നാമതായി മുണ്ടകൻ കൊയ്തു കഴിഞ്ഞാൽ നിലം പൂട്ടി പൊടിയാകുന്നതിന് കാളകളൊ പോത്തുകളൊ ഇല്ല. ടില്ലർ കൊണ്ടോ, ട്രാക്ടർ കൊണ്ടോ അങ്ങനെ പൊടിയാക്കാൻ എളുപ്പമല്ല. മീനമാസത്തിലെ മഴ കിട്ടിയാൽ ചിലർ നിലം ഒരു ചാൽ ടില്ലർ കൊണ്ട് ഉഴുതിടും. പിന്നെ നടീലിന്റെ അവസരത്തിലാണ് ഒന്നുകൂടി പൂട്ടുന്നത്. മഴ തീരെ ക്ളിപ്തമല്ലാത്തതിനാൽ എടവപ്പാതിയോടുകൂടി നടുന്നതിനാണ് മിക്കവരും ഞാറിടുന്നത്. ഇതു തന്നെ ചില വർഷങ്ങളിൽ മഴയില്ലാത്തതുകൊണ്ട് മുളയ്ക്കാറില്ല. മറ്റു ചില വർഷങ്ങളിൽ കൂടതൽ മഴ വന്ന് മുളച്ചത് ചീഞ്ഞു പോകുന്നു. അതിനു പ്രധാന കാരണം തോടുകൾ മൂടപ്പെട്ടതിനാൽ വെള്ളം ഒഴിഞ്ഞു പോകാത്തതു തന്നെ ഞാറു മൂന്നു നാലു ദിവസം മൂടിക്കിടന്നാൽ ചീഞ്ഞതുതന്നെ. പിന്നെ രണ്ടാം

മതും ഞാറിടുന്നത് എളുപ്പമല്ല. കാരണം അപ്പോഴേക്കും തിരുവാതിര ഞാറ്റുവേലയും മഴയുടെ ശല്ല്യവും കൂടുതലായി. അങ്ങനെ വന്നാൽ തരിശിടലു തന്നെ ഫലം. അതാണ് ഇന്ന് സംഭവിച്ചു കൊണ്ടിരിക്കുന്നത്.

മിക്കവാറും എടവ മാസം അവസാനത്തോടു കൂടിയാണ് ഇന്ന് നടീൽ കൊണ്ടുചെല്ലുന്നത്. അത് ജ്യോതി, ചുവന്ന ത്രിവേണി, കാഞ്ചന, ആതിര തുടങ്ങിയ പുതിയ വിത്തുകളാണ്. പലപ്പോഴും നടീൽ കഴിഞ്ഞാൽ ശക്തിയായ കാലവർഷം അനുഭവപ്പെടുന്നു. നാലുദിവസം വെള്ളം നിന്നാൽ നട്ടതും പോയി. പ്രധാന കാരണം ഒഴിഞ്ഞു പോകാത്തതു തന്നെ. അങ്ങനെ ചീഞ്ഞുപോയാൽ അവിടം തരിശായി കിടക്കുന്നു. ഇതു അടുത്ത മൂന്നു നാലു വർഷത്തെ അനുഭവമാണ്. അതുകൊണ്ട് ഈ കഴിഞ്ഞ രണ്ടാണ്ടുകളിലായി മാത്തുപാടത്തും അതുപോലെ ശ്രീരാമൻ ചിറതോടിന്റെ ഇരുഭാഗത്തുള്ള പാടങ്ങളും ഇന്ന് തരിശാണ്.

ഇതുതന്നെയാണ് മുണ്ടകന്റെയും സ്ഥിതി. വളരെ കുറച്ചുപേർ മാത്രമാണ് പല ബുദ്ധിമുട്ടുകളും സഹിച്ച് മുണ്ടകൻ ഇറക്കുന്നത്. കൃഷിയെ രക്ഷപ്പെടുത്താൻ പഴയ കാലത്തെ മരചക്രം വെച്ചു വെള്ളം വറ്റിക്കേണ്ട ഗതികേടും ഉണ്ട്. ഇതുകൊണ്ടാണ്. നമ്മുടെ നെൽപാടത്തിന്റെ 5% മായി നെൽകൃഷി കുറഞ്ഞിരിക്കുന്നത്. ഇത് നമ്മുടെ പഞ്ചായത്തിലെ ഏറ്റവും ഗൗരവമായ ഒന്നാണ്. ഇതിന് പരിഹാരം യുദ്ധകാലാടിസ്ഥാനത്തിൽ കാണേണ്ടിയിരിക്കുന്നു. അതിൽ പ്രധാനം ജലനിർഗ്ഗമനവും ജലസേചനവും തന്നെ. ഒരിക്കലും ഇനി നിലംനികത്താൻ അനുവദിച്ചുകൂടാ. മറ്റൊരു കാര്യം കൂലിയിൽ വന്ന വർദ്ധനവാണ്. അത് നെല്ലിന്റെ വിലയോട് യാതൊരു ബന്ധവുമില്ലാത്ത തരത്തിലാണ്. മറ്റൊന്നുള്ളത് തൊഴിലാളികളുടെ പ്രവർത്തനക്ഷമതയിൽ ഉണ്ടായ കുറവാണ്. ആദ്യകാലത്ത് ഒരു പറ നിലം പറിച്ചുനടാൻ രണ്ടു സ്ത്രീതൊഴിലാളിയായിരുന്നു കണക്ക്. ഇന്നത് നാലു തൊഴിലാളിയാണ്. കൂലിയിൽ വന്ന മാറ്റമാണ് താഴെ കൊടുത്തിരിക്കുന്നത്.

| വർഷം | 1930 | 1948 | 1952 | 1955 | 1985 | 1995 |
|---|---|---|---|---|---|---|
| പുരുഷൻ | 4ണ | 6ണ | 10ണ | 1രൂ | 20രൂ | 100രൂ |
| സ്ത്രീ | 2ണ | 3ണ | 4ണ | 10ണ | 10രൂ | 45രൂ |

ഇതുപോലെതന്നെ രാസവളങ്ങൾക്കും, കീടനാശിനികൾക്കും, കപ്പലണ്ടിപിണ്ണാക്ക് വേപ്പിൻപിണ്ണാക്ക്, ചാണകം എന്നിവക്കും ക്രമാതീതമായി വില വർദ്ധിച്ചിട്ടുണ്ട്. അതും കൃഷി ലാഭകരമല്ലാതാക്കാൻ ഒരു പ്രധാന കാരണം തന്നെ

## കോൾകൃഷി

### അന്നും ഇന്നും

കോളിൽ മകരം മൊക കഴിഞ്ഞാലാണ് ആദ്യകാലത്ത് വിതയ്ക്കാറ്. അന്ന് ചീര, ചിറ്റേനി എന്നിവയായിരുന്നു പ്രധാന വിത്തുകൾ. യാതൊരു വളവും ഇടാറില്ല. നടീലും ഇല്ല. വിത കഴിഞ്ഞ് ഒരു മാസമാകുമ്പോഴേക്കും ചില വർഷങ്ങളിൽ പുഴു വീഴുന്ന ഒരു കേടുണ്ടായിരുന്നു. അതായത് അന്തരീഷം മേഘാവൃതമാകുന്ന കാലങ്ങളിലാണ് ഇത് സംഭവിക്കാറ്. ഇതിന് അന്നത്തെ പരിഹാരം ചൂലുകൊണ്ട് മുറത്തിലേക്ക് അടിച്ചുവാരിയിട്ട് കൊട്ടയിലാക്കി വരമ്പത്തു തന്നെ കുഴിച്ചിടലായിരുന്നു. ഇതുകൂടാതെ മറ്റു യാതൊരു കേടുകളും വരാറില്ല. പുല്ലും ഇന്നത്തെപ്പോലെ ഉണ്ടായിരുന്നില്ല. പുല്ലുണ്ടായാൽ അത് ഇന്നത്തെപ്പോലെ തന്നെ ആളെ കൊണ്ടുപോയി പറപ്പിക്കും. പുല്ലുപറി കഴിഞ്ഞുപോന്നാൽ പിന്നെ കൃഷിക്കാരൻ നെല്ലുകാണാൻ പോകുന്നുവെന്നല്ലാതെ മറ്റൊന്നും അവന് അവിടെ ചെയ്യേണ്ടതില്ല. വെള്ളം കൂട്ടലും കുറയ്ക്കലും തുടങ്ങിയ പണികൾ അതാതു പടവുകാവൽക്കാരൻ ചെയ്തുകൊള്ളും. കൊയ്ത്താറാകുമ്പോൾ

അതും കാവക്കാരൻ കൃഷിക്കാരന്റെ വീട്ടിൽ വന്ന് പറയുന്നതും പതിവാണ്.

അങ്ങിനെ കൃഷിക്കാരൻ വിഷുവിനു മുമ്പോ വിഷുപിറ്റേന്നോ കൊയ്ത്തിന് ആൾക്കാരെയും കൊണ്ടു പോയി കൊയ്യിക്കും. കൊയ്ത്തിന് ആൾക്കാർ വളരെ ധാരാളമായിരുന്നു. പുലർച്ചക്കു തന്നെ പോയി കൊയ്തു തുടങ്ങും. ഏറിയാൽ 10മണി വരെ കൊയ്തുള്ളൂ. പിന്നെ കറ്റകെട്ടലായി കറ്റതലയ്ക്കും കാവിനും ചുമന്ന് ഇടപ്പായയിൽ എത്തിക്കണം. കാരണം കൃഷിസ്ഥലവും കർഷകന്റെ വീടും തമ്മിൽ മൂന്നു നാലു കിലോമിറ്റർ നീളമുണ്ട്. ചിലർക്ക് ഒന്നും രണ്ടും ഇടപ്പായകൾ ഉണ്ടാകാറുണ്ട്. അങ്ങനെ സന്ധ്യവരെ കറ്റകെട്ടലു തന്നെ. രണ്ടു ദിവസം കൊയതത് മൂന്നാമത്തെദിവസം മെതിക്കും. അന്ന് പത്തുപതിനഞ്ച് ദിവസം കൊണ്ട് കൊയ്തു കഴിയും. അന്നും പതമ്പ് അഞ്ചുപറകൃഷിക്കാരനും ഒരുപറ കൊയ്യുന്നവർക്കും. കൊയ്തുകഴിഞ്ഞതും കന്നാലികളെക്കൊണ്ട് രണ്ടു ചാൽപൂട്ടി മുട്ടിയിട്ടിരിക്കും. പിന്നെ അടുത്ത വർഷം കൃഷിയിറക്കുമ്പോൾ ചവട്ടിവീണ്ടി വലിക്കൽ മാത്രം.

ഇന്നു കൊയ്തുകഴിഞ്ഞാൽ പൂട്ടാൻ സൗകര്യപ്പെട്ടാറില്ല. ഒന്നാമതായി കന്നുകാലികളില്ല. രണ്ടാമതായി സമയത്തിന് ടില്ലറോ, ട്രാക്കടറോ കിട്ടുകയുമില്ല. കൃഷിയിറക്കുന്നതിന് വെള്ളം വറ്റിയാൽ കർഷകൻ നിലം പാകപ്പെടുത്തുന്നതിനുവേണ്ടി നെട്ടോട്ടമാണ്. അങ്ങനെ ചിലർ ടില്ലറുകൊണ്ട് ഉഴുതും മറ്റുചിലർ ഉഴുന്നതിനു തരപ്പെട്ടില്ലെങ്കിൽ വെറുതേയും വിതക്കേണ്ടിവരുന്നു. വിതക്ക് നിലം ഒരുക്കാൻ വരമ്പുവെക്കാനും, ആണിയും ചാലും തിരിച്ച് നിരത്താനും വിതക്കാനും വേണ്ട സമയത്ത് ആളെ കിട്ടുന്നതിനും ബുദ്ധിമുട്ടുണ്ട്. തിരക്കിട്ട് ഒരു വിധത്തിൽ കൃഷിയിറക്കുന്നു. നടീലിന് ഇന്ന് വളരെ ബുദ്ധിമുട്ടാണ്. ഒന്നാമത് ഞാറ്റടിയില്ല. രണ്ടാമതു നടീലിന് ആളില്ല. ഉള്ളവരുടെ പ്രവർത്തനക്ഷമത തന്നെ ആദ്യത്തതിന്റെ പകുതിമാത്രം

വിതകഴിഞ്ഞാൽ രാസവളം ഇടണം. അതിന് അമിതവിലയാണ്. വർഷാവർഷങ്ങളിൽ വിലകൂടികൊണ്ടിരിക്കുന്നു. 6 വർഷം മുമ്പ് 30 രൂപ 50 കിലോയുടെ ഒരു ചാക്ക് മസൂറിഫോസിന് ഉണ്ടായിരുന്നത് ഇന്ന് 110 രൂപയാണ്. അതുപോലെ തന്നെ മൂന്നും നാലിരട്ടിയാണ് പൊട്ടാഷിനും, യൂറിയക്കും, ഫാക്റ്റംഫോസിനും. പിന്നെ പുല്ലുപറിയാണ്. അതും ഇന്ന് ആദ്യത്തേക്കാൾ വളരെ കൂടുതൽ. പറക്ക് 4 കൂലിയോ 5 കൂലിയോ ചിലർക്ക് വരുന്നുണ്ട്. അതുകഴിഞ്ഞ് 2 ാം വളം ഇടുന്നു. ഇതിനിടയിൽ രണ്ടും മൂന്നും മരുന്നടി. മരുന്നുകൾക്ക് വില വളരെ കൂടുതൽ. അടുത്ത വർഷം വരെ പുഞ്ചക്ക് വെള്ളം കിട്ടാതെ വരൾച്ച ബാധിക്കാറുണ്ടായിരുന്നു. എന്നാൽ ചിമ്മിണി വന്നതോടുകൂടി വെള്ളക്ഷാമം തീർന്നു.

പുല്ലു പറിയും, വളമിടലും, മരുന്നടിയും കഴിഞ്ഞു. അടുത്തത് കൊയ്ത്താണ്. നെല്ലുവിളഞ്ഞാലും സമയത്തിന് കൊയ്യാൻ ആളില്ല. 10 വർഷം മുമ്പ് 80 പേരെകൊണ്ട് കൊയ്യിച്ചിരുന്ന സ്ഥലത്തേക്ക് ഇന്ന് എട്ടുപേരാണ് ഉള്ളത. പലർക്കും കൊയ്ത്തുകാരെ കാറിലോ ഓട്ടോയിലോ കൊണ്ടുപോകണം. അതും പാടത്ത് എത്തുമ്പോൾ 9 മണികഴിഞ്ഞിരിക്കും. കൊയ്ത്തുകാർക്ക് ചായയും പലഹാരവും കൊടുക്കണം. കറ്റ വിട്ടിലേക്ക് എത്തിക്കാൻ വണ്ടി വേണം. വണ്ടിയിൽ കയറ്റാൻ കയറ്റുതൊഴിലാളി വേണം. അങ്ങിനെ വീട്ടിൽ എത്തിച്ചു. മെതിക്കാൻ ചുരുങ്ങിയത് 8ഉം 10ഉം ദിവസം കഴിയണം. കാരണം അതിനിടക്ക് കൊയ്ത്തുകാർ മറ്റുള്ളവർക്ക് കൊയ്ത്തിനുപോയി. അങ്ങിനെ വയ്ക്കോൽനെലു പോലെയായതായിരിക്കും മെതിച്ചുകിട്ടുന്ന നെല്ല് സമയത്ത് വിറ്റഴിക്കാനും പ്രയാസം. വയ്ക്കോൽ

മെതിക്കുമ്പോഴേക്കും തന്നെ കുറെയേറെ കേടുവന്നിരിക്കും. അതുതന്നെ തല്ലിയുണക്കാൻ ഇന്ന് ആരും വരാറില്ല. കർഷകൻ തന്നെ ഒരു വിധത്തിൽ ഉണക്കി എടുക്കുന്നു. അതിനിടയിൽ ചിലപ്പോൾ മഴയും വരുന്നു. അപ്പോൾ വയ്ക്കോലും പോയി. അതാണ് ഇന്നത്തെ കോൾകൃഷി. പണ്ട് "കിട്ടിയാൽ കോള് പോയാൽ കോള്". കാരണം മഴയെ മാത്രം ആശ്രയിച്ച കൃഷിയായിരുന്നു അന്ന്. ഇന്നത്തെ സ്ഥിതി അതല്ലല്ലോ. വരൾച്ചയെ ഭയപ്പെടേണ്ട മഴയെ മാത്രം ഭയപ്പെട്ടാൽ മതി. മുൻ കാലത്ത് കോളിൽ നിന്നു. 10 വിളവു കിട്ടിയാൽ കർഷകൻ സന്തുഷ്ടനായിരുന്നു. ഇന്ന് 20 വിളവ് കിട്ടിയാൽപോലും നഷ്ടം സംഭവിക്കുന്നതാണെന്ന് ഫാം ബഡ്ജറ്റിൽ നിന്ന് കാണാവുന്നതാണ്. സമയത്തിന് കൊയ്തെടുക്കാൻ സാധിക്കാതെ വന്നാൽ വട്ടൻ നിലങ്ങൾക്ക് ഇന്ന് സംഭവിച്ചതു തന്നെ കോൾ നിലങ്ങൾക്കും സംഭവിക്കുമെന്നുള്ളത് സംശയമില്ല. അതിന് പരിഹാരം ഉടനെ കാണേണ്ടതുണ്ട്.

കാർഷിക രംഗത്ത് പരിഹരിക്കേണ്ട പ്രധാന പ്രശ്നങ്ങൾ.

1. പാടങ്ങൾ നികത്തി തൈവെപ്പ് ആക്കുന്നത്.
2. ജലനിർഗ്ഗമന തോടുകൾ നികത്തി റോഡാക്കുന്നത്.
3. പാടങ്ങൾ പലയിടത്തും നികത്തിയതുകൊണ്ട് തുണ്ട് ഭൂമിയായിത്തീർന്നതിനാൽ ജലനിർഗ്ഗമന മാർഗ്ഗവും ജലസേചന മാർഗ്ഗവും തടസ്സപ്പെട്ടത്.
4. നെൽകൃഷി പ്രായേണ നഷ്ടമായത്
5. തേങ്ങയ്ക്ക് ഉൽപ്പാദന ചിലവിനനുസരിച്ചുള്ള വില കിട്ടാത്തത്.
6. പാടത്ത് വെള്ളം ഒഴിഞ്ഞുപോകാത്തതുകൊണ്ട് നെൽകൃഷി ചീഞ്ഞു നശിക്കാൻ ഇടയാക്കുന്നത്.
7. മണ്ണൊലിപ്പു കാരണം തെങ്ങു തടിയിൽ വേരുകൾ ഉണ്ടാകുന്നത്.
8. നല്ലയിനം നടീൽ വസ്തുക്കൾ ലഭിക്കാത്തത്.
9. കർഷക തൊഴിലാലികളെ വേണ്ടത്ര ആവശ്യ സമയത്ത് കിട്ടാത്തത്.
10. മണ്ണു പരിശോധനയുടെ കുറവ്.
11. ജൈവ വളങ്ങൾ (ചാണം, വെണ്ണീറ്, ഇല) കുറഞ്ഞുപോയത്.
12. വട്ടൻ പാടത്ത് ജലസേജന സൗകര്യങ്ങളുടെ കുറവ്.
13. കൃഷി പലർക്കും ഉപതൊഴിലായി തീർന്നത്.
14. കൃഷിയിലെ താല്പര്യക്കുറവ്.
15. വെള്ളക്കോളർ ജോലിക്കുള്ള ഓട്ടം.
16. തേങ്ങാ കച്ചവടത്തിലുള്ള ഇടത്തട്ടുകൾ.
17. തേങ്ങ കൊണ്ടുള്ള സംസ്കൃത വസ്തുക്കൾ ഉണ്ടാക്കുന്നതിന് പ്രദേശിക തലത്തിൽ സൗകര്യങ്ങളില്ലാത്തത്.
18. കൊയ്തു കഴിഞ്ഞാൽ ഉടൻ തന്നെ നെല്ല് വിൽക്കാൻ കഴിയാത്തത്.
19. നെല്ലില്ലും പച്ചക്കറി കൃഷിയിലും വ്യാപകമായി കണ്ടുവരുന്ന കീടബാധ.
20. കൃഷി ഭവന്റെ പ്രവർത്തനം കാര്യക്ഷമമാകാത്തത്.
21. സമയത്തിന് നിലം പൂട്ടി ഒരുക്കാൻ കഴിയാത്തതും നടീലിനും കൊയ്ത്തിനും ആവശ്യമായ കാർഷിക തൊഴിലാളികൾ ഇല്ലാത്തത്.
22. ഞാറ്റടിക്ക് സ്ഥലമില്ലാത്തത്.

**നിർദ്ദേശങ്ങൾ.**

**കൃഷി.**

1. ഓരു ജലം തടയുന്നതിന് ഒരു സ്ഥിരം സംവിധാനമുണ്ടാക്കുക.

2. അത്യുല്പാദന ശേഷിയുള്ള നടീൽ വസ്തുക്കൾ സബ്സിഡി നിരക്കിൽ നൽകുക.

3. ജൈവവളങ്ങളും രാസവളങ്ങളും കീടനാശിനികളും കുമ്മായവും സബ്സിഡി നിരക്കിൽ നൽകുക.

4. കാർഷികോൽപന്നങ്ങളായ നെല്ല്, നാളികേരം, അടക്ക, കശുവണ്ടി തുടങ്ങിയവക്ക് പൊതു സംഭരണ സവിധാനം ഏർപ്പെടുത്തുക, ഇവ സംസ്കരിക്കുന്നതിന് പൊതു സംവിധാനം ഉണ്ടാക്കുക.

5. പൂകൃഷി, കൂൺകൃഷി, ഔഷധ സസ്യങ്ങൾ, തീറ്റപുല്ല് കൃഷി എന്നിവക്ക് പ്രോൽസാഹനം നൽകുക.

6. കാർഷിക രംഗത്ത് യന്ത്രവൽക്കരണം എത്രയും വേഗം നടപ്പിലാക്കുക. നടീലിനും കൊയ്ത്തിനും.

7. പച്ചക്കറിയുടെ അടുക്കളത്തോട്ടം എല്ലാ വീട്ടിലും നിർബന്ധമായി നടപ്പിലാക്കുക.

8. മണ്ണുപരിശോധന കാര്യക്ഷമമാക്കുക

9. കൃഷിക്കാരനും കൃഷിഭവനും തമ്മിലുള്ള ആശയ വിനിമയം കാര്യക്ഷമമാക്കുക.

10. എല്ലാ വിടുകളിലും കമ്പോസ്റ്റു യൂണിറ്റുകളും, മണ്ണിര നിർമ്മാണവളം നിർബന്ധമായി നടപ്പിലാക്കുക

11. കാറ്റു വീഴ്ച്ച തുടങ്ങിയ തെങ്ങുരോഗങ്ങൾ നിയന്ത്രിക്കുന്നതിന് ഫലപ്രദമായ നടപടികൾ സ്വീകരിക്കുക

12. ഗ്രൂപ്പ്ഫാമിങ്ങ് പൂർണ്ണമായും നടപ്പിലാക്കുക

13. ഒരു കൃഷി രണ്ടു പൂവാക്കാൻ വേണ്ട സംവിധാനം ഉണ്ടാക്കുക.

14. സ്പ്രേയർ തുടങ്ങിയ ഉപകരണങ്ങളും നീറ്റുകക്ക, തുരിശ്, മുതലായവയും സൗജന്യ നിരക്കിൽ നൽകുക.

15. കൃഷിഭവന് സ്വന്തമായ കെട്ടിടവും ഗോഡൗണും നിർമ്മിക്കുക.

16. വിള ഇൻഷൂറൻസ് സൗജന്യനിരക്കിൽ നടപ്പിലാക്കുക.

17. പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിൽ ഗ്രൂപ്പടിസ്ഥാനത്തിൽ പച്ചക്കറികൃഷി നടത്തുന്നതിനുള്ള സംവിധാനം ഉണ്ടാക്കുക.

18. തെങ്ങുകൃഷിക്കാർക്ക് പ്രോത്സാഹനം എന്ന നിലക്ക് നാളികേരം ഒന്നിന് ഒരു രൂപവെച്ച് പ്രോത്സാഹന ബോണസ് നൽകുക.

19. തെങ്ങിന് കൂട്ടായി മരുന്നടിക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കുക.

20. കർഷകർക്ക് യഥാസമയം വേണ്ട കാർഷികവായ്പ ലഭിക്കുന്നതിനുവേണ്ട പുതിയ സംവിധാനം ഉണ്ടാക്കുക.

21. ഉല്പാദനക്ഷമത കുറഞ്ഞ തെങ്ങുകൾ വെട്ടിമാറ്റി പുതിയ തൈകൾ വെക്കുന്ന സഹായം നെൽകുക.

22. പച്ചിലവളച്ചെടി കൃഷി പ്രോൽസാഹിപ്പിക്കുന്നതിന് സഹായിക്കുക.

23. പഞ്ചായത്തു തലത്തിൽ ഒരു നല്ല നേഴ്സറി സ്ഥാപിക്കുക.

24. തെങ്ങിന് ചേറ് ഇടുന്നതിന് സബ്സിഡി ഏർപ്പെടുത്തുക.

25. കൊയ്ത്തു കാലത്ത് മറ്റു മേഖലകളിലെ പണികൾ നിർത്തി വെച്ച് കൃഷി മേഖലകളിൽ കൂടുതൽ തൊഴിലാളികളെ ലഭ്യമാക്കുന്നതിന് ബോധവൽക്കരണം നടത്തുക.

26. കോൾ കർഷകർക്ക് പമ്പിങ്ങ് സബ്സിഡി ഏക്കറിന് 300 രൂപയാക്കു.

ക. അതു പോലെ ഇന്നു നൽകി വരുന്ന ഉൽപ്പാദന ബോണസും ഏക്കറിന് 250 രൂപയാക്കുക.

**ജലസേചനം**

1. പഞ്ചായത്തിൽ ഉള്ള പ്രധാന പുറമ്പോക്ക് തോടുകൾ അളന്നു് അതിർത്തി നിശ്ചയിച്ച് പരസ്പരം ബന്ധിപ്പിക്കുക.
2. ജലസേചന സൗകര്യം വർദ്ധിപ്പിക്കുന്നതിന് കോൾ നിലത്തിലെ വെള്ളം പഞ്ചായത്തിലെ എല്ലാ ഭാഗത്തേക്കും ലിഫ്റ്റ് ഇറിഗേഷൻ വഴി ലഭ്യമാക്കുക.
3. എല്ലാ റോഡിലും കാന നിർമ്മിച്ച് കൃഷിക്ക് ദോഷകരമായ നീർക്കെട്ടുകൾ ഒഴിവാക്കുക.
4. ശ്രീരാമൻ ചിറയിൽ ചിറകെട്ടി ജലം സംഭരിക്കുക.
5. കുളങ്ങളും കിണറുകളും സംരക്ഷിക്കുക.
6. കനാലുകളിൽ കാലാകാലങ്ങളിൽ അറ്റകുറ്റ പണികൾ നടത്തുക.
7. ചാഴൂർ കുഞ്ഞാലുക്കൽ മുതൽ ഏനാമാവ് വരെ ഒരു ഹൈലെവൽ കനാൽ നിർമ്മിക്കുകയും ഒരു വശം റോഡാക്കുകയും ചെയ്യുക.
8. കല്ലിടവഴി റോഡു മുതൽ അന്തിക്കാട് കിടവരെ കനാലിന്റെ ഒരു വശം കരിങ്കൽ കൊണ്ട് കെട്ടി സംരക്ഷിക്കുക.
9. കോളിൽ ആവശ്യമായ സ്ഥലങ്ങളിൽ ഫാം റോഡുകൾ നിർമ്മിക്കുക.
10. കോൾ പടവിലെ വെള്ളം വറ്റിക്കുന്നതിന് മോട്ടോർ സെറ്റും, പെട്ടി, പറ ഉപകരണങ്ങളും സൗജന്യമായി നൽകുക.
11. 70ം വാർഡിലെ പരപ്പൻചാൽ പദ്ധതി പ്രദേശത്തേയ്ക്ക് ഒരു ലിഫ്റ്റ് ഇറിഗേഷൻ നടപ്പിലാക്കുക.
12. കൃഷി നിലങ്ങൾ മണ്ണിട്ടു നികത്തുന്നത് തടയുക.
13. ഒന്നാം വാർഡിന്റെ തെക്കു ഭാഗത്തുള്ള സമ്മർ ബണ്ട് സ്ഥിരം ബണ്ടാക്കണം. ഇവിടെ നിന്ന് വേനൽക്കാലം ആരംഭിക്കുന്നതിന് മുമ്പ് (പുളി വരുന്നതിനു മുമ്പ്) 25 എച്ച്. പി. യുടെ ഒരു മോട്ടോർ വെച്ച് ഒന്ന്, രണ്ട്, പത്ത് എന്നീ വാർഡുകളുടെ മദ്ധ്യത്തിൽ കിടക്കുന്ന കൊച്ചി പാടത്തേക്ക് ശുദ്ധജലം പമ്പുചെയ്തു നിർത്തുക.
13. കോളിലെ അന്തിക്കാടു കിടയിൽ നവീന രീതിയിൽ ഒരു സ്ളൂയിസ് നിർമ്മിച്ച് അവിടെ നിന്ന് മൈനർ ഇറിഗേഷൻ പമ്പ് ഹൗസ് വരെയുള്ള തോടിന്റെ ബണ്ട് ഉയർത്തി മെയിൻചാലിൽ നിന്ന് പമ്പ് ഹൗസ് വരെ വെള്ളം എത്തിക്കണം. ഈ വെള്ളം കോളിലേയ്ക്ക് കടക്കാതിരിക്കാൻ പമ്പ് ഹൗസിന് മുൻവശം ഒരു ക്രോസ് ബാർ നിർമ്മിക്കണം.
14. ആൽ കോൾ റോഡിന്റെ കിഴക്കേ അറ്റത്ത് ഹൈലെവൽ കനാലിൽ ഒരു പമ്പ് സെറ്റ് സ്ഥാപിച്ച് 8ാം വാർഡിൽ സമൃദ്ധിയായി വെള്ളം നൽകുക.
15. വാക്കര കുളത്തിൽ കോളിലെ വെള്ളം ശേഖരിച്ച് പടിയം മേഖലയിലെ എല്ലാ വാർഡുകളിലും വെള്ളം എത്തിക്കുക.
16. താഴെ പറയുന്ന സ്ഥലങ്ങളിൽ ക്രോസ്സ് ബാറുകൾ സ്ഥാപിക്കണം.

1. പെരുമാടൻ പാലത്തിനു സമീപം.
2. ചുരക്കോട്ട് അമ്പലത്തിന് കിഴക്കുഭാഗത്ത്.
3. പാതിരിശ്ശേരി മനയുടെ കിഴക്കുഭാഗത്ത്.
4. മുറ്റിച്ചൂർ അയ്യപ്പൻ കാവ് ക്ഷേത്രത്തിന്റെ കിഴക്കുഭാഗത്ത്.
5. ആലയുടെ തെക്കുഭാഗത്തുള്ള തോട്ടിൽ.

6. പടിയം വില്ലജാഫീസിന് തെക്കുഭാഗത്ത് കുറ്റിമാവ് റോഡിലുള്ള പാലത്തിനു മുമ്പിൽ.

7. കുറ്റിമാവിനു വടക്കുള്ള പാലത്തിനു മുന്നിൽ.

8. പരപ്പൻ ചാലിൽ.

9. പുത്തൂർ പിള്ളിക്കാവ് അമ്പലം റോഡ് ക്രോസ്സ് ചെയ്യുന്ന തോട്ടിൽ.

17. പണി നടന്നു കൊണ്ടിരിക്കുന്ന അന്തിക്കാട് പടിയം പ്രോജക്ടിന്റെയും 6ാം വാർഡിലുള്ള വള്ളൂർച്ചാൽ പ്രോജക്ടിന്റെയും പ്രവർത്തന ക്ഷമത പരിശോധിച്ച് ലക്ഷ്യത്തിലെത്തിക്കുവാൻ വേണ്ട പ്രവർത്തനങ്ങൾ നടത്തുക. കോളിൽ ഒരു ഹെക്ടർ സ്ഥലത്ത് വിതച്ച് (ഒരു പൂവ്) കൊയ്യുന്നതിന്റെ വരവു ചിലവു കണക്കാണ് താഴെ കൊടുത്തിരിക്കുന്നത്. ഇന്നത്തെ ചെലവ് വെച്ച് നോക്കിയാൽ 20 മേനി വിളഞ്ഞാൽ തന്നെ കിട്ടുന്ന ഓരോ പറ നെല്ലിന്മേലും 4 രൂപ 10 പൈസ നഷ്ടം വരുന്നുണ്ടെന്ന് കാണാം. എന്നാൽ 22 മേനി വിളവുണ്ടായാൽ നഷ്ടമുണ്ടാകുന്നതല്ല. 22 മേനിയിൽ കൂടുതൽ വിളവു കിട്ടുന്നത് ചുരുക്കം പേർക്കു മാത്രമാണ്. ശരാശരി വിളവ് 20 മേനിക്കടുത്താണ്. അതുകൊണ്ടാണ് കൃഷി ഇന്ന് ലാഭകരമല്ലെന്ന് പറയുന്നതും കർഷകൻ മറ്റു മേഖലകളിലേക്ക് തിരിയുന്നതും.

## കോളിൽ ഒരു ഹെക്ടർ വയലിൽ വിതച്ചു കൊയ്യുന്നതിനുള്ള ബഡ്ജറ്റ്

നിലം പൂട്ടുന്നതിന് ഏഴര മണിക്കൂർ മണിക്കൂറിന് 100 രൂപ — 750 രൂപ.

കന്നുകാലികളെക്കൊണ്ട് നിലം നിരപ്പാക്കാൻ ഏക്കറിന് 300 രൂപ തോതിൽ — 750 രൂപ.

വരമ്പു വെക്കാൻ 3 പുരുഷന് ഒരാൾക്ക് 100 രൂപ — 300 രൂപ.

ആണി തിരിച്ച് നിലം നിരപ്പാക്കാനും വിതക്കുന്നതിനും 3 പുരുഷന് ഒരാൾക്ക് 100 രൂപ — 300 രൂപ.

വിത്തിന് വില 125 കിലോവിന് കിലോ 10 രൂപ — 1250 രൂപ

വിത്ത് പാടത്തേക്ക് എത്തിക്കുന്നതിന് വണ്ടി വാടക — 125 രൂപ.

കക്ക 500 കിലോവിന് കിലോ 2.80 രൂപ — 1400 രൂപ.

കക്ക പാടത്തേക്ക് എത്തിക്കുവാനും വിതറാനും മ — 150 രൂപ.

വളത്തിന്റെ വിലയും എത്തിക്കാനും വിതറാനും കൂടി — 1800, രൂപ.

കള വലിക്കുന്നതിന് 75 കൂലി ഒരു സ്ത്രീക്ക് 45 രൂപ — 3375 രൂപ.

മരുന്നടിക്കുന്നതിന് (വിലയും കൂലിയും) — 1500 രൂപ.

വെള്ളം വറ്റിക്കുന്നതിനും മറ്റും എഞ്ചിൻ കൂലി — 1250 രൂ.

കൊയ്തിനും മെതിക്കും 20 മേനിക്ക് 100 പത പിതമ്പ് 40 രൂപ നിരക്കിൽ — 4000 രൂപ.

കറ്റ വീട്ടിൽ കൊണ്ടുവരുന്നതിന് വണ്ടികൂലി 6 വാൻ 150 രൂപ നിരക്കിൽ — 900 രൂപ.

മറ്റു ചിലവുകൾ (പോക്കുവരവ്, ചായ, പലഹാരം കൊയ്ത്തുകാർക്ക്) — 500 രൂപ.

ആകെ — 18345 രൂപ.

14345 രൂപക്ക് 15% നിരക്കിൽ 6 മാസത്തേക്ക് പലിശ 1076 രൂപ.

7500 രൂപക്ക് (നിലത്തിന്റെ വില) 15% നിരക്കിൽ ഒരു വർഷത്തേക്ക് പലിശ — 11250 രൂപ.

ആകെ — 31671 രൂപ.

3750 കന്ന് വയ്ക്കോലിന് ഒന്നിന് 1.5 രൂപ — 5625 രൂപ


ബാക്കി ചിലവ് — 26046 രൂപ

ഒരു പറ നെല്ലിന് വരുന്ന ചിലവ് 20 മേനി തോതിൽ 22046/500 = 44.10 രൂപ


ഇന്ന് ഒരു പറ നെല്ലിന് കിട്ടുന്ന മാർക്കറ്റ് വില — 40 രൂപ.

ഒരു പറ നെല്ലിന്മേൽ വരുന്ന നഷ്ടം 4.10 രൂപ.

## ട്രാൻസെക്ട -1



| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| ഭൂപ്രകൃതി | കനോലി കനാൽ | തീര സമതലം | നെൽപാടം തരിശു നിലം | ഉയർന്ന സമതലം | നെൽപാടം | ഉയർന്ന സമതലം | നെൽപാടം | ഉയർന്ന സമതലം | ൽപാടം | ഉയർന്ന സമതലം | കോൾ മേഖല |
| മണ്ണിനം | ചേറ് | മണൽ കലർന്ന കളിമണ്ണ് | മണൽ കലർന്ന കളിമണ്ണ്, ചളി | മണൽ കലർന്ന കളിമണ്ണ് | മണൽ കലർന്ന കളിമണ്ണ് | മണൽ കലർന്ന കളിമണ്ണ് | മണൽ കലർന്ന കളിമണ്ണ് | മണൽ കലർന്ന കളിമണ്ണ് | മണൽ കലർന്ന കളിമണ്ണ് | മണൽ കലർന്ന കളിമണ്ണ്,ചെങ്കല്ല് | മണൽ കലർന്ന കളിമണ്ണ് |
| സസ്യ വിവരണം | വെള്ളം | തെങ്ങ് മറ്റു ഫലവൃക്ഷങ്ങൾ | നെല്ല് | തെങ്ങ് ഫലവൃക്ഷങ്ങൾ | നെല്ല് | തെങ്ങ് ഫലവൃക്ഷങ്ങൾ | നെല്ല് | തെങ്ങ് ഫലവൃക്ഷങ്ങൾ | നെല്ല് | തെങ്ങ് ഫലവൃക്ഷങ്ങൾ | കൃപ്പേരി മുപ്പേരി |
| പരിസ്ഥിതി പ്രശ്നങ്ങൾ | | ഓരുജലം കുടിവെള്ള ക്ഷാമം | വെള്ളക്കെട്ട് വേനലിൽ പുളി വെള്ളം | മണ്ണൊലിപ്പ് വർധിച്ച | വെള്ളക്കെട്ട് ജലസേചന സൗകര്യമില്ല | മണ്ണൊലിപ്പ് വർധിച്ച | വെള്ളക്കെട്ട് ജലസേചനമില്ല | മണ്ണൊലിപ്പ് വർധിച്ച | ജലസേചിത പ്രദേശം വെള്ളക്കെട്ട് | മണ്ണൊലിപ്പ് വർധിച്ച | വെള്ളക്കെട്ട് ജലസേചനം ഇല്ല |



## മാസംതോറുമുള്ളവർഷപാതം

### സ്ഥലം - ഏനാമാക്കൽ റെഗുലേറ്റർ

| മാസങ്ങൾ | 1985 മി.മീ. | 1986 മി.മീ. | 1987 മി.മീ. | 1988 മി.മീ. | 1989 മി.മീ. | 1990 മി.മീ. | 1991 മി.മീ. | 1992 മി.മീ. | 1993 മി.മീ. | 1994 മി.മീ. | 1995 മി.മീ. |
|---|---|---|---|---|---|---|---|---|---|---|---|
| ജനുവരി | 23.2 | 5.4 | | | | | | | | 66.4 | |
| ഫെബ്രുവരി | 0.0 | 3.2 | | 2.0 | | | | | 45.6 | 3.8 | |
| മാർച്ച് | 0.8 | 5.6 | | 40.0 | 10.0 | | 13.0 | | 42.0 | 20.8 | 25.4 |
| ഏപ്രിൽ | 23.7 | 171.0 | 8.0 | 153.0 | 45.0 | 24.0 | 88.0 | 55.0 | 21.8 | 78.8 | 116.2 |
| മെയ് | [illegible] | 127.6 | 8.0 | 230.0 | 173.0 | 618.0 | 111.0 | 277.0 | 284.0 | 70.0 | 474.60 |
| ജൂൺ | [illegible] | 725.4 | 938.0 | 715.0 | 720.0 | 490.0 | 1146.0 | 1016.0 | 903.4 | 1037.0 | 600.4 |
| ജൂലായ് | [illegible] | 284.4 | 290.0 | 499.0 | 500.0 | 622.0 | 763.0 | 753.0 | 810.2 | 898.6 | 722.4 |
| ആഗസ്റ്റ് | 361.0 | 346.2 | 464.0 | 546.0 | 258.0 | 225.0 | 467.0 | 344.0 | 148.6 | 502.0 | 427.4 |
| സെപ്റ്റംബർ | 86.3 | 400.8 | 165.0 | 503.0 | 150.0 | 61.0 | 26.0 | 212.0 | 91.6 | 252.0 | 329.4 |
| ഒക്ടോബർ | 215.0 | 125.4 | 419.0 | 40.0 | 535.0 | 410.0 | 265.0 | 270.0 | 483.6 | 366.8 | 165.4 |
| നവംബർ | 33.6 | 203.6 | 269.0 | 8.0 | 89.0 | 75.0 | 127.0 | 347.0 | 100.4 | 42.4 | 97.8 |
| ഡിസംബർ | 105.4 | 57.0 | 65.0 | 35.0 | | 7.0 | | | 7.6 | | |
| ആകെ | 2437.7 | 2455.6 | 2626.0 | 2771.0 | 2480.0 | 2532.0 | 3006.0 | 3274.0 | 2938.8 | 3338.6 | 2959.0 |

1985 മുതൽ 1995 വരെയുള്ള 10 വർഷക്കാലത്തെ ശരാശരി വർഷപാതം 2754.39

പഞ്ചായത്തിന്റെ ആകെ വിസ്തൃതിയിൽ ഒരു വർഷത്തിൽ കിട്ടുന്ന വെള്ളം 36.243 ലക്ഷം ക്യു. മീറ്റർ.

## മൃഗസംരക്ഷണം

<u>അവലംബം ലൈവ്സ്റ്റോക് സെൻസസ്സ്</u>

### സാമൂഹ്യ സാമ്പത്തിക സർവ്വെ

കാർഷിക ഗ്രാമമായ അന്തിക്കാട് പഞ്ചായത്തിൽ കൃഷിയുടെ അവിഭാജ്യ ഘടകമായിരുന്നു കന്നുകാലി വളർത്തൽ. ഉഴവുമാടുകളെന്ന നിലയിലും, വണ്ടി വലിക്കുന്നതിനും, കാളത്തേക്കിനും, പാലുൽപ്പാദിക്കുന്നതിനും,നാടൻ ചക്കാട്ടുന്നതിനും, പ്രത്യേകിച്ചും കൃഷിക്കാവശ്യമായ ജൈവവളങ്ങളുടെ, (ചാണം) മുഖ്യ സ്രോതസ്സായും കന്നുകാലികളെ ധാരാളം വളർത്തിയിരുന്നു. പശു, ആട്, എരുമ എന്നിവയെ വളർത്തി പാല്, നെയ്യ്, തൈര്, മോരു് ഉണ്ടാക്കൽ മുഖ്യതൊഴിലാക്കിയ നിരവധി കുടുംബങ്ങൾ ഈ പഞ്ചായത്തിലുണ്ടായിരുന്നു. കോളിലെ കൊയ്ത്തു കഴിഞ്ഞാൽ പഞ്ചായത്തിലെ എല്ലാ ഭാഗത്തുനിന്നും കന്നുകാലികളെ കൂട്ടംകൂട്ടമായി മേയ്ക്കുന്നതിനു് കൊണ്ടുപോകുക സർവ്വസാധാരണമായിരുന്നു.

വട്ടൻപാടത്തെ മുണ്ടകൻകൃഷി കൊയ്ത്തു കഴിഞ്ഞാൽ മേടമാസത്തെ വിരിപ്പു വിതക്കുന്നതുവരെ കാളകളെകൊണ്ടും പോത്തിനെകൊണ്ടും ഉഴുത് നിലം പൊടിയാക്കിയിടുന്ന സമ്പ്രദായം നിലവിലുണ്ടായിരുന്നു. "18 ചാലും മുട്ടിയും" എന്ന ഒരു ചൊല്ലുതന്നെയുണ്ട്. മിക്ക കൃഷിക്കാരുടെ വീടുകളിലും ഉഴവുമാടുകൾ ഉണ്ടായിരുന്നു. ഇവയെകൊണ്ടാണ് പാടവും പറമ്പും പൂട്ടിയിരുന്നത്. അന്ന് കറവിനും ഉഴവിനും ഉപയോഗിച്ചിരുന്നത് നാടൻ വർഗ്ഗമായിരുന്നു. മിക്ക വീടുകളിലും മാടിനെ നോക്കുന്നതിന്നും പൂട്ടുന്നതിന്നും മാസ ശമ്പളത്തിൽ തൊഴിലാളികളെ നിർത്തുന്ന സമ്പ്രദായം ഉണ്ടായിരുന്നു. ഇന്ന് സ്ഥിതി ആകെ മാറി. ഉഴവുമാടുകൾ നാമമാത്രമായി. ചക്കാട്ടുന്നതും, കാളത്തേക്കും പാടേ നിലച്ചു. വണ്ടിക്കാളകളും നാമമാത്രമായി. ഇന്ന് പഞ്ചായത്തിൽ അഞ്ചോ, ആറോ കാളവണ്ടികൾ മാത്രം. ഇപ്പോൾ പ്രധാനമായും അത്യുൽപാദനശേഷിയുള്ള സങ്കര വർഗ്ഗ പശുക്കളും എരുമകളും പാലുല്പാദനത്തിനു വേണ്ടി മാത്രമാണ് പരിരക്ഷിക്കപ്പെടുന്നത്. പ്രജനനത്തിന് വിത്തുകാളകളെ ഉപയോഗിക്കുന്നതും അപൂർവ്വമായിരിക്കുന്നു. 4 വിത്തുകാളകൾ മാത്രമാണ് ഇപ്പോൾ ഉള്ളത്. മൂരിക്കുട്ടികളേയും, പോത്തുകുട്ടികളേയും നന്നേ ചെറുപ്പത്തിൽതന്നെ മാംസത്തിന്ന് ഉപയോഗിക്കുന്നു. വലുതാകാൻ അനുവദിക്കുന്നില്ല.

പഴയകാലത്ത് മൃഗസംരക്ഷണത്തിന് നാട്ടുവൈദ്യന്മാരുടെ ചികിത്സയായിരുന്നു. അതിൽ വിദഗ്ദരായ പല വൈദ്യന്മാരും ഉണ്ടായിരുന്നു. ഇന്ന് ആ സമ്പ്രദായം നിലവിലില്ല. ഈ പഞ്ചായത്തിൽ 1952 ൽ വെറ്റിനറി സബ് സെന്റർ തുടങ്ങി.1962 ൽ മൃഗാസ്പത്രിയായി. കൂടാതെ 1983 ൽ പടിയത്തിൽ ഒരു കേമ്പ് ഡിസ്പൻസറിയും സ്ഥാപിച്ചിട്ടുണ്ട്.

അത്യുല്പാദനശേഷിയുള്ള പുതിയ വർഗ്ഗങ്ങൾ വന്നതോടുകൂടി നാടൻ ഇനങ്ങൾ അപ്രത്യക്ഷമായി. മാവ് പ്ലാവ് മുതലായ നാടൻ വൃക്ഷങ്ങൾ മിക്ക പറമ്പുകളിലും ഉണ്ടായിരുന്നു. ഇന്ന് വൃക്ഷങ്ങൾ വളരെ കുറഞ്ഞുപോയതുകൊണ്ട് ആടിനുള്ള തീറ്റ കുറയുകയും, ആട്ടിൻപാലിന്റെ വിപണനം ലാഭകരമല്ലാത്തതിനാലും ആടുവളർത്തൽ കുറഞ്ഞിരിക്കുന്നു. ഇന്ന് മുഖ്യമായും മാംസത്തിനുവേണ്ടിയാണ് ആടിനെ വളർത്തുന്നത്ആടിന്റെ മാംസത്തിന് 1940ൽ റാത്തലിന് 4 ആണയുണ്ടായിരുന്നത് ഇന്ന് കിലോവിന് 90 രൂപയാണ്.

ഇപ്പോൾ നിലവിലുള്ള വളർത്തു മൃഗങ്ങളുടെ പട്ടികയാണ് ചുവടെ കൊടുത്തിരിക്കുന്നത്.

| | | | |
|---|---|---|---|
| കാള | സങ്കരം | വംശവർദ്ധനവിന് | 4എണ്ണം |
| " | " | മറ്റാവശ്യത്തിന് | 108 എണ്ണം |
| പശു | നാടൻ | | ഇല്ല. |
| " | സങ്കരം | കറവുളളത് | 992 |
| | " | കറവില്ലാത്തത് | 440 |
| എരുമ | " | കറവുളളത് | 64 |
| " | " | കറവില്ലാത്തത് | 50 |
| പോത്ത് | | | 26 |
| ആട് | | | 1192 |
| നായ | | | 622 |
| കന്നുകുട്ടികൾ | | 11/2വയസ്സിനുതാഴെ | 1051 |
| | | ആകെ | 4549 |

ഇതു ജനസംഖ്യയുമായി താരതമ്യപ്പെടുത്തുമ്പോൾ 5 ആൾക്ക് ഒരു വളർത്തു മൃഗംപോലുമില്ല. ഈ കുറവ് പറമ്പിലേയും പാടങ്ങളിലേയും വളക്കൂറിനെ കാര്യമായി ബാധിച്ചിരിക്കുന്നു.

## താറാവ്, കോഴി വളർത്തൽ

ആദ്യകാലത്ത് പഞ്ചായത്തിലെ ഒട്ടുമിക്ക വിടുകളിലും നാടൻ കോഴി വളർത്തൽ ഉണ്ടായിരുന്നു. അവരുടെ വരുമാനത്തിലെ പ്രധാന ഘടകം കൂടിയായിരുന്നു അത്. അന്ന് വീടുകളിൽ വന്ന് കച്ചവടക്കാർ കോഴിമുട്ടകൾ സംഭരിച്ച് അന്യ സംസ്ഥാനങ്ങളിലേക്ക് കയറ്റി അയച്ചിരുന്നു. 1930 1940 കാലഘട്ടങ്ങളിൽ ഒരു മുട്ടയ്ക്ക് ഒന്നരകാശായിരുന്നു വില. (6 കാശ് 1 അണ) നാട്ടിൽ നിന്നുതന്നെ കോഴികളെ വാങ്ങിച്ച് വിപണനവും നടത്തിയിരുന്നു. ഇന്ന് ഈ സമ്പ്രദായം നിലച്ചു. ആവശ്യത്തിന് കോഴി മുട്ടയും ഇറച്ചികോഴികളേയും അന്യസംസ്ഥാനങ്ങളിൽ നിന്ന് ഇറക്കുമതി ചെയ്യുന്നു. ഒരാൾക്ക് ഒരു ദിവസത്തിൽ അരമുട്ട വേണമെന്നാണ് ശാസ്ത്ര നിഗമനം. അപ്പോൾ പഞ്ചായത്തിലെ ആവശ്യത്തിന് ഇന്നത്തെ ജന സംഖ്യ അനുസരിച്ച് ദിവസത്തിന് 12708 മുട്ടകൾ വേണം.

പഞ്ചായത്തിന്റെ തീരപ്രദേശങ്ങളിൽ താറാവു വളർത്തൽ പരിമിത തോതിൽ നടന്നുവരുന്നുണ്ട്. കോഴി, താറാവ് എന്നിവയുടെ സ്ഥിതി വിവരകണക്ക് താഴെ കൊടുക്കുന്നു.

| | | |
|---|---|---|
| പൂവ്വൻ കോഴി | | 8545 |
| പിടക്കോഴി | മുട്ടയിടുന്നത് | 11750 |
| " | മുട്ടയിടാത്തത് | 13120 |
| പൂവൻ താറാവ് | | 134 |
| പിട താറാവ് | | 230 |

പഞ്ചായത്തിൽ ആകെയുളള മൃഗസംരക്ഷണ സംവിധാനം മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്നു. അന്തിക്കാട് വെറ്റനറി പോളിക്ലിനിക്കാണ്. മൃഗാസ്പത്രിയുടെ ആരംഭം മുതൽ സ്വകാര്യ വ്യക്തികളുടെ കെട്ടിടത്തിലായിരുന്നു ഇതു പ്രവർത്തിച്ചിരുന്നത്. അടുത്തകാലത്താണ് വില്ലേജാഫീസ്സിന്റെ കെട്ടിടത്തിലേയ്ക്ക് ഇതു മാറ്റിയത്. ഇതിന്റെ കീഴിൽ പടിയത്തിൽ തുടങ്ങിയിട്ടുളള കേമ്പ് ഡിസ്പൻസറി ഇപ്പോൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല.

പഞ്ചായത്തിൽ പൊതുവേ മൃഗങ്ങൾക്കു കണ്ടു വരുന്ന രോഗങ്ങൾ.

1. ദഹനസംബന്ധമായവ
2. ശ്വാസകോശസംബന്ധമായവ
3. ഉപാപചയത്വക്ക്രോഗങ്ങൾ
4. ധാതുലവണങ്ങളുടെ അഭാവം
5. പരാദ രോഗങ്ങൾ
6. പ്രത്യുൽപാദന വ്യവസ്ഥയുമായി ബന്ധപ്പെട്ടവ
7. വന്ധ്യത
8. അകിടു വീക്കം
9. മുടന്തൻപനി
10 കോഴി വസന്ത
11. കോഴികുരുപ്പ്
12. തൊണ്ടിവീക്കം
13. താറാവ് വസന്ത
14. പേ വിഷബാധ
15. കുളമ്പു രോഗം

ഇറച്ചികോഴിവളർത്തൽ കേന്ദ്രങ്ങൾ പലരും നല്ല രീതിയിൽ തുടങ്ങിയെങ്കിലും ഇടക്കാലത്ത് അത് നിന്നു പോയിരിക്കുന്നു. ഇപ്പോൾ തമിഴ്നാട്ടിൽ നിന്നും ഇറച്ചികോഴികളെ കൊണ്ടു വന്ന് ചെറിയ തോതിൽ വില്പന നടത്തുന്ന 5കേന്ദ്രങ്ങൾ ഉണ്ട് . അന്വേഷണത്തിൽ നിന്നും മനസ്സിലായത് അവർ കിലോവിന് 6ഉം 7ഉം രൂപ അധികം ഈടാക്കുന്നുണ്ട്. മുട്ടകോഴി വളർത്തൽ കേന്ദ്രം ഒന്നുപോലുമില്ല. മുട്ടയും തമിഴ്നാട്ടിൽ നിന്നും വരുന്നു.

അലഞ്ഞു തിരിഞ്ഞു നടക്കുന്ന പട്ടികളുടെ ശല്യം ഒരു പ്രശ്നമാണ്. അതു ഫലപ്രദമായി തടയണം. കാലിതീറ്റ നിർമ്മാണത്തിന് അന്തിക്കാട് പാൽസൊസൈറ്റിയുടെ കീഴിൽ പടിയത്തിൽ ഒരുയൂണിറ്റുണ്ട്. പഞ്ചായത്തിലെ പാൽ ഉല്പാദകരുടെ പാൽ വാങ്ങി വിതരണം ചെയ്യുന്നതും ഈ സൊസൈറ്റിയാണ്. പക്ഷെ വർഷക്കാലത്ത് മുഴുവൻ പാലും സംഭരിക്കാൻ അവർക്ക് കഴിയുന്നില്ല. സ്വകാര്യവ്യക്തികളും പാൽവാങ്ങി വിൽപന നടത്തുന്നുണ്ട്.

## നിർദ്ദേശങ്ങൾ.

1. കാലിതീറ്റ ചെറിയ വിലയ്ക്ക് ലഭിക്കുന്നില്ല.
2. ക്ഷീരവിപണത്തിനുള്ള സൗകര്യങ്ങൾ പരിമിതമാണ്.
3. മൃഗാശുപത്രിക്ക് ലഭിച്ച സ്ഥലത്ത് അടിയന്തിരമായി കെട്ടിടം പണിയണം
4. മുട്ടകോഴിതീറ്റ ചെറിയ വിലയ്ക്ക് ലഭ്യമല്ലാത്തതിനാൽ മുട്ടകോഴികളെ ലാഭകരമായി വളർത്താൻ സാധിക്കുന്നില്ല
5. പടിയം മേഖലയിൽ സ്ഥിരമായി ഒരു മൃഗാശുപത്രി വേണം.
6. പാലിന് ന്യായമായ വില കിട്ടണം.
7. കന്നുകുട്ടികൾക്ക് സൗജന്യ നിരക്കിൽ സമീകൃത ആഹാരം ലഭ്യമാക്കണം.
8. ഓരോ മാസവും മൃഗസംരക്ഷണ സെമിനാറും പരിശീലനക്ലാസുകളും നടത്തണം.
9. എല്ലാ വീടുകളിലും ഇന്നുള്ളതിൽ കൂടുതൽ നാടൻ കോഴികളെ വളർത്താൻ പ്രോൽസാഹിപ്പിക്കണം.
10. പഞ്ചായത്തിൽ ഒരു മൃഗഡോക്ടറുടെ മുഴുവൻ സമയ സേവനം ലഭ്യമാക്കണം.
11. നല്ലയിനം ആട്, എരുമ, പശുകുട്ടികളെ സൗജന്യ നിരക്കിൽ വിതരണം ചെയ്യണം.
12. പന്നിവളർത്തൽ യൂണിറ്റുകളെ പ്രോൽസാഹിപ്പിക്കണം.
13. പഞ്ചായത്തു തലത്തിൽ ഇറച്ചികോഴി, മുട്ടകോഴി, ഫാം ഉണ്ടാക്കണം.
14. തൊഴുത്തുകളുടെ അടി കോൺക്രീറ്റ് ചെയ്യുവാൻ ധനസഹായം നൽകണം. ഇതുപല രോഗങ്ങളിൽനിന്നും മൃഗങ്ങളെ സംരക്ഷിക്കും.
15. ജില്ലാ തലത്തിൽ ഒരു പാൽപൊടി നിർമ്മാണവും, മറ്റു പാൽ ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിന് ഒരു ഫാക്ടറി നിർമ്മിക്കണം.
16. മൃഗഡോക്ടറുടെ മുഴുവൻ സമയ സേവനവും ലഭ്യമാക്കുന്നതിന് ആസ്പത്രിയോട് ചേർന്ന് കോർട്ടേഴ്സും നിർമ്മിക്കണം.
17. ബീ[illegible] മറ്റും ആശുപത്രിയിൽ [illegible] ആവശ്യമാണ്.
18. പുത്തൻ പീ[illegible] ഒരു ആധുനിക അറവുശാല, മാംസസംസ്കരണ യൂണിറ്റ് സ്ഥാപിക്കണം.
19. മൃഗാശുപത്രിയിൽ നിന്ന് കൂടുതൽ മരുന്നുകൾ സൗജന്യനിരക്കിൽ ലഭ്യമാക്കണം.
20. പേവിഷ ബാധക്കുള്ള മരുന്ന് ഏതുകാലത്തും സൗജന്യനിരക്കിൽ ലഭ്യമാക്കണം.
21. കോഴി, മുയൽ, പന്നി, എന്നിവയെ വ്യവസായ അടിസ്ഥാനത്തിൽ വളർത്തുന്നതിന് സഹായധനംനൽകി പ്രോൽസാഹിപ്പിക്കണം.
22. കന്നുകാലികൾക്ക് ഇൻഷുറൻസ് സൗജന്യമാക്കണം.
23. ഓരോ പാർ[illegible] ഡയറികൾക്ക് സഹായധനം നൽകണം.
24. കന്നുകാലികളെ വാങ്ങാൻ ബാങ്ക് ലോൺ

കിട്ടാൻ എളുപ്പമാർഗ്ഗങ്ങൾ ഉണ്ടാക്കണം.

25. പഞ്ചായത്തിന്റെ കിഴക്കുഭാഗത്ത് കായലോരത്ത് താറാവ് വളർത്താൻ 25 യൂണിറ്റുകൾ ഉണ്ടാക്കുവാൻ സഹായധനം നൽകുക.

26. ദാരിദ്ര്യ രേഖയ്ക്കു താഴെയുളളവർക്ക് സൗജന്യനിരക്കിൽ പശുക്കളെയും, വെളളംകൊടുക്കുന്നതിനുളള തൊട്ടിയും കാലിതീറ്റയും നൽകുക. ഇവയെ സൗജന്യമായി ഇൻഷ്വൂറും ചെയ്തു കൊടുക്കുക.

27. വഴിയോരങ്ങളിൽ പാഴ്മരങ്ങൾ വെക്കുന്നതിന്പകരം പ്ലാവ് വെച്ച് ആടുകൾക്ക് തീറ്റ സുലഭമാക്കുക.

28. ഉന്നത ജനിതക മേന്മയുളള സങ്കരവർഗ്ഗ പശുക്കളുടെ വംശവർദ്ധനവിനായി ഭ്രൂണ മാറ്റ വിദ്യ നടപ്പിലാക്കുക.

29. എഗ്ഗർ ലെയർ നേഴ്സറികൾ പഞ്ചായത്തിലെ ഓരോ വാർഡിലും നടപ്പിലാക്കുക

30. സ്ക്കൂൾ പൗൾട്രി ക്ലബ്ബുകൾ പഞ്ചായത്തിലെ രണ്ട് ഹൈസ്ക്കൂളുകളിലും നടപ്പിലാക്കുക

31. പഞ്ചായത്ത് തലത്തിൽ ഏറ്റവും നല്ല മൃഗസംരക്ഷണ പ്രവർത്തകന് അവാർഡ് നൽകണം.

32. യൂറിയ ചേർത്ത് വൈക്കോൽ സമ്പുഷ്ടമാക്കുന്ന പദ്ധതി ഒരോവാർഡിലും ആവശ്യക്കാർക്ക് കൊടുക്കണം.

33. കന്നുകുട്ടികൾക്ക് 4 മാസം വരെ സമഗ്ര ആരോഗ്യപരിപാലനം ഫലപ്രദമാക്കുന്ന മരുന്നു കിറ്റ് പദ്ധതി നടപ്പിലാക്കുക.

# മൽസ്യബന്ധനം

പഞ്ചായത്തിന്റെ വിസ്തൃതി 5.14 ചതുരശ്രമൈൽ ആകുന്നു. ഏറ്റവും ഒടുവിലത്തെ കണക്കുപ്രകാരം 25,426 ആണ് ജനസംഖ്യ. ഇന്ന് പഞ്ചായത്തിലെ ഭൂരിപക്ഷം ജനങ്ങളും മൽസ്യവും മാംസവും ഭക്ഷിക്കുന്നവരാണ്. ചുരുക്കി പറഞ്ഞാൽ ദിവസത്തിൽ ഒരു നേരമെങ്കിലും മൽസ്യം ഉപയോഗിക്കാത്തവർ വളരെ ചുരുക്കമാണ്.

മത്സ്യത്തിന് ഇന്ന് വളരെ ദൗർഭല്ല്യമില്ലെങ്കിലും മുൻകാലത്തേക്കാൾ വില വളരെ കൂടുതലാണ്. 1930കളിൽ 1 അണക്ക് 100 ചാള (മത്തി) കിട്ടിയിരുന്നെങ്കിലും ഇന്നു് 1 എണ്ണത്തിനു് 1 രൂപ വരെ വില വന്നിട്ടുണ്ട്. അതായത് വർദ്ധനവു് 1600 ഇരട്ടി.

പഞ്ചായത്തിലെ മൊത്തം വിസൃതിയുടെ 34% ഉൾനാട്ടിൽ കിടക്കുന്ന പാടശേഖരങ്ങളും അതിനോടു ചേർന്നു കിടക്കുന്ന ധാരാളം കുളങ്ങളും ആയിരുന്നു. ഇവിടെയെല്ലാം ധാരാളം നാടൻ മത്സങ്ങൾ വരാൽ, മുശു, കടു, പരൽ, കോലാൻ, കരിപ്പിടി, പള്ളത്തി, വയമ്പ് തുടങ്ങിയ മത്സ്യങ്ങൾ ഉണ്ടായിരുന്നു. ആദ്യകാലത്ത് മത്സ്യബന്ധനം മാത്രം തൊഴിലാക്കിയവർ ഉണ്ടായിരുന്നു. എന്നാൽ ഇന്ന് അത് ഒരു ഉപതൊഴിലായി ചുരുങ്ങിയിരിക്കുന്നു ആദ്യകാലത്ത് കായലിൽ നിന്നും കുളങ്ങളിൽ നിന്നും മൽസ്യം പിടിക്കാനുള്ള വീശൽ വലകൾ നൂലുകൊണ്ട് തൊഴിലാളികൾ തന്നെ തുന്നി നിർമ്മിക്കുകയായിരുന്നു. അതുപോലെ മത്സ്യം പിടിക്കുന്നതിന് ഒറ്റിൽ, കുരുത്തി, വടിവല, ചൂണ്ടൽ, ഓടയും ഊത്തുളളിയും വെട്ടുചൂണ്ടൽ തുടങ്ങിയ ഉപകരണങ്ങൾ സ്വയം ഉണ്ടാക്കിയാണ് മത്സ്യം പിടിച്ചിരുന്നത്.

മുൻകാലങ്ങളിൽ പാടങ്ങളിലും തോടുകളിലും കുളങ്ങളിലും ധാരാളം ആമ, തവള, ഞണ്ട്, ഞവനി മുതലായവയും ഉണ്ടായിരുന്നു. എന്നാൽ മനുഷ്യർ തവളയെ ഭക്ഷിച്ചിരുന്നില്ല. ആമ, ഞണ്ട്, ഞവനി എന്നിവയെ ഭക്ഷിച്ചിരുന്നു. അടുത്തകാലത്ത് തവളയെ ഭക്ഷിക്കാനും കയറ്റി അയക്കുവാനും തുടങ്ങി. ഇത് വൻതോതിൽ പിടിക്കപ്പെടുകയും കൃഷിക്ക് ഉപയോഗിക്കുന്ന കീടനാശിനി പ്രയോഗംമൂലം ഏതാണ്ട് വംശനാശത്തിന് അടുത്ത് നിൽക്കുന്നു. ഇപ്പോൾ തവളയെ അങ്ങിങ്ങായി കുറേശ്ശെ കണ്ടുവരുന്നു. ഇവ നെൽപ്പാടങ്ങളിലെ ശത്രു കീടങ്ങളെ നശിപ്പിക്കുന്നതിന് അത്യന്താപേക്ഷിതമായ ജീവികളാണെന്നുളളതും വളരെ ശ്രദ്ധേയമാണ്.

പഞ്ചായത്തിന് മത്സ്യ വിപണനത്തിന് അംഗീകൃത മാർക്കറ്റ് ഉണ്ടായിരുന്നുവെങ്കിലും ആത് ഇന്നില്ല. അന്തിക്കാട് വടക്കേ ആലിനു സമീപവും (ആൽകോൾ) പുത്തൻപീടിക സെന്ററിന് അടുത്തു വെച്ചും രാവിലെ സൈക്കിളിലും മറ്റു വാഹനങ്ങളിലും കൊണ്ടുവന്നു ചെറിയതോതിൽ വിൽക്കുന്നുണ്ട്. ഉൾനാടൻ പ്രദേശങ്ങളിൽ ആദ്യകാലത്ത് വലിയ മീൻകുട്ടകൾ കാവിൽ ചുമന്ന് വീടുകളിൽ കൊണ്ടുവന്നിട്ടായിരുന്നു വിപണനം നടത്തിയിരുന്നത്. ആ സമ്പ്രദായത്തിനു പകരം ഇന്ന് സൈക്കിൾ, സ്കൂട്ടർ എന്നീ വാഹനങ്ങളിൽ കൊണ്ടുവന്നു വിൽക്കുന്ന സമ്പ്രദായമാണ്.

അറബികടൽ പഞ്ചായത്തിന് വളരെ അടുത്തായതിനാൽ കടൽമത്സ്യത്തിന് ഒട്ടും ക്ഷാമമില്ല. കൂടാതെ പഞ്ചായത്തിന്റെ കിഴക്കുഭാഗത്ത് വർഷത്തിൽ ഏഴുമാസം വെളളം കെട്ടി നിൽക്കുന്ന വിശാലമായ മനക്കൊടി കായൽ ഉളളതിൽ 288 ഹെക്ടർ പഞ്ചായത്തിന്റെ പരിധിയിൽ പെട്ടതാണ്. പടിഞ്ഞാറെ അതിർത്തിയിൽ രണ്ടു കിലോമീറ്റർ നീളത്തിൽ കനോലി കനാലാണ്. ഇതിന്റെ വീതി 100 മീറ്ററിൽ കൂടുതലാണ്. ഇവിടെ കാലവർഷ സമയത്ത് ശുദ്ധജലവും വേനൽക്കാലത്ത് (നവംബർ.മെയ്) ഉപ്പുവെളളവുമാണ്. ഈ രണ്ടു മേഖലകളിലും പ്രകൃതിദത്തമായ മത്സ്യങ്ങളാണ് വളരുന്നത്. പഞ്ചായത്തിന്റെ ഉൾപ്രദേശങ്ങളിലുളള നെല്പാടങ്ങളിൽ ധാരാളം തോടുകളും ഉണ്ട്. ഇവയിൽ മഴക്കാലത്തു മാത്രമേ വെളളം ഉണ്ടാവുകയുളളൂ അതുകൊണ്ട് സ്വാഭാവികമായി ഇതിൽ മത്സ്യങ്ങൾ സ്ഥിരമായി വളരുന്നില്ല. പക്ഷെ പഞ്ചായത്തിനുളളിൽ ഈ തോടുകളോടു ചേർന്ന് ധാരാളം കുളങ്ങൾ ഉണ്ട്. ക്ഷേത്ര കുളങ്ങളും പഞ്ചായത്തു കുളങ്ങളും

നിരവധി സ്വകാര്യ വ്യക്തികളുടെ കുളങ്ങളുമുണ്ട് അനാധികാലം മുതൽ ഇവിടെയൊക്കെ നാടൻ മത്സ്യങ്ങൾ ധാരാളം വളർന്നിരുന്നു. നിരവധി ആളുകൾ മത്സ്യബന്ധനം നടത്തി ഉപജീവനം കഴിക്കുന്നുണ്ട്. ഇവരിൽ പലർക്കും സ്വന്തമായി വള്ളം, വല എന്നീ ഉപകരണങ്ങൾ ഉള്ളവരാണ്.

നാട്ടിൽ സാധാരണ കണ്ടുവരുന്ന നാടൻമത്സ്യങ്ങൾ വരാൽ, മുശു, കടു, കരിമീൻ, വാള തുടങ്ങിയവയാണ് പഴയ കാലങ്ങളിൽ ധാരളമുണ്ടായിരുന്നത്. എന്നാൽ അടുത്തകാലത്ത് മത്സ്യത്തിന് കേടുകൾ വന്നതിനാൽ ഇവയുടെ എണ്ണത്തിൽ ഗണ്യമായ കുറവുണ്ടായി. കനോലി കനാലിൽ പുളിവെള്ളം വരുന്ന സമയത്ത് ഇളമീൻ, കരിമീൻ, ചെമ്പല്ലി കണമ്പ് മുതലായവ ലഭിക്കുന്നു.

1993ൽ മത്സ്യങ്ങൾക്ക് രോഗം വന്നതുകൊണ്ട് നാട്ടിലെ മത്സ്യങ്ങൾ വളരെയേറെ ചത്തൊടുങ്ങി. രോഗകാരണവും പ്രതിവിധിയും ഇതുവരെ നിർദ്ദേശിക്കപ്പെട്ടിട്ടില്ല. തുടർന്നുള്ള വർഷങ്ങളിൽ അന്നത്തെപോലെ കേടുകൾ കാണുന്നില്ല. എന്നാലും ചിലയിടങ്ങളിൽ കാണുന്നുണ്ട്.

ഉൾനാട്ടിലെ കുളങ്ങളിലെ വെള്ളം തെങ്ങുകൃഷിക്ക് പമ്പ്ചെയ്ത് എടുക്കുന്നതുകൊണ്ട് വേഗം വറ്റിപോകുന്നു. അതുകൊണ്ട് മത്സ്യം പൂർണ്ണവളർച്ച എത്തുന്നില്ല. കൂടെതെ പാടങ്ങളിൽ കൃഷിക്കുള്ള മരുന്നുതെളി, മത്സ്യം, തവള. ഞണ്ട്, ഞവനി എന്നിവയെ ദോഷകരമായി ബാധിക്കുന്നു.

ഉൾനാടൻ കുളങ്ങളിൽ ഇതുവരെ ആരും മത്സ്യകൃഷി വ്യാപാര അടിസ്ഥാനത്തിൽ ശാസ്ത്രീയമായി നടത്തിയിട്ടില്ല. കോൾ നിലങ്ങളിൽ വ്യാപാര അടിസ്ഥാനത്തിൽ മത്സ്യങ്ങളെ വളർത്തിയിട്ടില്ല. എന്നാൽ മത്സ്യം വളർത്താതെ തന്നെ 1600 ഏക്കറിൽ ഏകദേശം 2 1/2 ലക്ഷം രൂപയ്ക്കുള്ള മത്സ്യം സംഘടിതമായി പിടിച്ച് വിപണനം നടത്തുന്നതായി ഇപ്പോൾ സ്ഥിരീകരിക്കപ്പെട്ടിട്ടുണ്ട്. കോളിൽ പ്രധാന മത്സ്യബന്ധനം കഴിഞ്ഞാൽ അനേകം മത്സ്യതൊഴിലാളികൾ വേനൽകാലം മുഴുവൻ കായലിൽ നിന്നും മത്സ്യംപിടച്ച് ഉപജീവനം കഴിക്കുന്നു. ഇതിൽ നിന്നും ഉൾനാടൻ മത്സ്യബന്ധനത്തിന്റെ വ്യാപ്തി മനസ്സിലാക്കാൻ കഴിയുമല്ലോ വികസന സാദ്ധ്യതകൾ ധാരളമുള്ള മേഖലകൂടിയാണിത്.

### നിർദ്ദേശങ്ങൾ

1. വാർഡുകളിലുള്ള സ്വകാര്യ കുളങ്ങളിൽ മത്സ്യം വളർത്താൻ സാധ്യതയുള്ള കൃഷിക്കാർക്കു് ഡിപ്പാർട്ടുമെന്റിൽ നിന്നും ശാസ്ത്രീയമായ അറിവും സഹായവും എത്തിക്കുക.
2. മത്സ്യകൃഷി നടത്തുന്നതിൽ നിന്നും മത്സ്യബന്ധനത്തിനും മത്സ്യകൃഷിക്കാരുടെയും ബന്ധപ്പെട്ട തൊഴിലാളികളുടെയും സഹകരണസംഘം രൂപീകരിക്കുക.
3. ശ്രീരാമൻചിറയിൽ ഒരു പൂകൃഷി കഴിഞ്ഞാൽ ചിറകെട്ടി പാടങ്ങളിൽ ചെമ്മീൻ കൃഷിചെയ്യുന്നതിനും ശ്രമിക്കുക.
4. വള്ളവും വലയും സൗജന്യനിരക്കിൽ വിതരണം ചെയ്യുക
5. പഞ്ചായത്ത് കുളങ്ങളിൽ മത്സ്യകൃഷി നടത്തുവാൻ താൽപര്യമുള്ളവർക്ക് പാട്ടത്തിന് കൊടുക്കുക.
6. കോൾ നിലങ്ങളിൽ കൃഷിചെയ്തു കഴിഞ്ഞതിനു ശേഷം മത്സ്യകൃഷി നടത്തുക.
7. പരപ്പൻ ചാലിനോട് ബന്ധപ്പെട്ടുകിടക്കുന്ന ജലാശയങ്ങളിൽ മത്സ്യകൃഷി നടത്തുവാൻ സൗകര്യമുണ്ടാക്കുക.
8. മത്സ്യ വില്പനക്ക് ആധുനിക രീതിയിൽ ഒരു പൊതു മാർക്കറ്റ് സ്ഥാപിക്കുക.
9. കോളിൽ മത്സ്യം വളർത്തുന്നതിന് ഒരു പൈലറ്റ് പ്രോജക്റ്റ് തയ്യാറാക്കി പരീക്ഷണം നടത്തുക

# വ്യവസായം.

തൊഴിൽ മേഖല പരിശോധിച്ചാൽ വ്യവസായികമായി അന്തിക്കാട് പഞ്ചായത്തിന്റെ അവസ്ഥ ശോചനീയമാണ്. വേണ്ടത്ര വ്യവസായ സ്ഥാപനങ്ങളോ അതു നടത്തുന്നതിന് ആവശ്യമായ സംവിധാനങ്ങളോ ഈ പഞ്ചായത്തിന് ഇല്ല. ഈ ശോചനീയാവസ്ഥക്ക് ഒരു പരിധിവരെ കാരണം വൈദ്യുതിയുടെ കുറവാണ്. പഞ്ചായത്തിൽ വ്യാപകമായി നടക്കുന്ന ഏക പരമ്പരാഗത വ്യവസായം കള്ള് ചെത്താണ്. ഈ വ്യസായവുമായി ബന്ധപ്പെട്ട് ഏകദേശം അഞ്ഞൂറോളം തൊഴിലാളികൾ പണിയെടുക്കുന്നുണ്ട്. മറ്റൊരു പരമ്പരാഗത വ്യവസായമായ ചകിരി വ്യവസായം കാര്യക്ഷമമായി നടക്കുന്നില്ല. നല്ല നിലയിൽ നടന്നിരുന്ന ചകിരി തൊഴിലാളി സഹകരണ സംഘം ഇപ്പോൾ പുരോഗതിയില്ലാതെയാണ് പ്രവർത്തിക്കുന്നത്. ആധുനിക യന്ത്ര സാമഗ്രികൾ ഉപയോഗിച്ച് വിപുലീകരിച്ചാൽ സംഘം നല്ലനിലയിൽ പ്രവർത്തിക്കുകയും വളരെയേറെ തൊഴിൽസാധ്യതകൾ ഉണ്ടാവുകയും ചെയ്യും. ഇപ്പോൾ മുപ്പതോളം തൊഴിലാളികൾ പണിയെടുക്കുന്നുണ്ട് പഞ്ചായത്തിന് പുറത്തുള്ള വ്യവസായ ശാലകളായ നാട്ടിക കോട്ടൺ മിൽ, കേരള ലക്ഷമി മിൽ, വനജ മിൽ തുടങ്ങിയവയിൽ കുറച്ചു പേർ ജോലി ചെയ്യുന്നുണ്ട്. പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കൈത്തറി സ്ഥാപനങ്ങളിൽ മൊത്തം 20 പേർ പണിയെടുക്കുന്നുണ്ട്.

പരമ്പരാഗത വ്യവസായ മേഖലയിൽ പ്രമുഖം കൈത്തറിയാണെങ്കിലും പരിമിതമായ തൊഴിലാളികളെ ഇവിടെ ഈ രംഗത്ത് ജോലി ചെയ്യുന്നുള്ളു. കൈത്തറി തൊഴിലാളി സഹകരണസംഘം നിലവിലുണ്ട്. ഇരുപത് തൊഴിലാളികൾ ഈ രംഗത്ത് തൊഴിൽ ചെയ്യുന്നു. ഉന്നത നിലവാരം പുലർത്തുന്ന ഏറ്റവും ആധുനികമായ നെയ്ത്തിന് തയ്യാറുള്ള തൊഴിലാളികൾ ലഭ്യമാണ്. ആവശ്യമായ യന്ത്രങ്ങളും തൊഴിലാളികൾക്ക് പരിശീലനവും നൽകിയാൽ വളരെ പുരോഗമന സാധ്യതയുള്ള ഒരു മേഖലയാണിത്. നൂലിന്റെ വില വർദ്ധനവും ഏറ്റവും കുറഞ്ഞ കൂലി ലഭ്യതയും ഈ മേഖലയെ തളർത്തുന്നു. വിപണരംഗത്തെ മാൽസര്യവും ഈ മേഖല അഭിമുഖീകരിക്കുന്ന ഒരു പ്രതിസന്ധിയാണ്.

വനിതാ വ്യവസായം എന്ന പേരിൽ ഒരു സഹകരണ സംഘം ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട് പ്രസ്തുത സംഘത്തിൽ 25 സ്ത്രീ തൊഴിലാളികൾ ജോലിചെയ്യുന്നുണ്ട്. അവിടെ മെഴുകുതിരി, സോപ്പ്, ചന്ദനത്തിരി, പലവ്യഞ്ജനങ്ങൾ പൊടിച്ച് പേക്കറ്റിലാക്കൽ, പ്ലാസ്റ്റിക്ക് കൊട്ട നെയ്ത്ത്, ഗാർമെന്റ്സ് ഉണ്ടാക്കൽ എന്നിവ ചെയ്യുന്നുണ്ട്. വിപണന രംഗം മൽസരങ്ങൾ നേരിടുന്നതിനാലും വിദഗ്ദമായ വിപണന മേഖലകളുടെ അഭാവം മൂലവും ഈ സംഘം പുരോഗതിയിലേക്കല്ല പോകുന്നത്. ഇവിടെ നൽകുന്ന കൂലി വളരെ കുറവാണ്. ഉൽപന്നത്തിന്റെ ഗുണം വർദ്ധിപ്പിച്ചും വിപണന മേഖല കാര്യക്ഷമമാക്കിയും ഈ വ്യവസായം വൻ പുരോഗതിയിൽ എത്തിക്കാവുന്നതാണ്.

വളരെ പണ്ടുകാലം മുതൽക്ക് നല്ലനിലയിൽ നടന്നു വരുന്ന ഒരു വ്യവസായമാണ് മൺപാത്ര വ്യവസായം. 1950 ൽ കാരമുക്ക് ആസ്ഥാനമായി ഒരു സഹകരണ സംഘം പ്രവർത്തിച്ചിരുന്നു. എന്നാൽ ഇപ്പോഴത് പ്രവർത്തനരഹിതമാണ്. മൺപാത്രവ്യവസായ

| വ്യവസായം | തൊഴിലാളികളുടെ എണ്ണം | യൂണിറ്റുകൾ |
|---|---|---|
| ഭക്ഷ്യവസ്തു സംസ്കരണം | 10 | 2 |
| എഞ്ചിനീയറിങ്ങ് | 8 | 3 |
| സോഡാഫാക്ടറി | 5 | 3 |
| വർക്ക്ഷോപ്പ് | 35 | 8 |
| എള്ള് ആട്ടുന്ന മിൽ | 6 | 3 |
| കാലിത്തീറ്റ ഫാക്ടറി | 4 | 1 |
| പ്രസ്സ് | 14 | 4 |
| ഓയിൽ മിൽ | 4 | 1 |
| റൈസ് മിൽ | 16 | 16 |
| പ്ലാസ്റ്റിക്ക് | 4 | 1 |

ത്തിന് ആവശ്യമായ കളിമണ്ണ് ലഭ്യമാണെങ്കിലും മണ്ണ് ലഭിക്കാനുള്ള പ്രായോഗിക ബുദ്ധിമുട്ട് ഈ രംഗത്തെ തളർത്തുന്നു. പരിചയസമ്പന്നരായ തൊഴിലാളികളുടെ കുറവും ഈ വ്യവസായത്തെ നിശ്ചലാവസ്ഥയിലാക്കുന്നു. ആധുനിക രീതിയിലുള്ള പാത്രങ്ങൾ ഗാർഹിക മേഖല കൈപിടിയിൽ ഒതുക്കിയിരിക്കയാണെങ്കിലും കള്ള് ചെത്ത് വ്യവസായത്തിന് അത്യാവശ്യമായ "മാട്ടം" ഇവിടെ അനിവാര്യമായതിനാൽ ഈ വ്യവസായത്തിന് വൻ സാദ്ധ്യതയുണ്ട്. പരമ്പരാഗത വ്യവസായങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് വരുമാനം കുറഞ്ഞുവരികയാൽ ഈ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുടെ എണ്ണം കുറഞ്ഞുവരികയാണ്.

പരമ്പരാഗതമായി ഇവിടെ നടന്നു വരുന്ന ഓട്, സ്വർണ്ണം, ഇരുമ്പ് എന്നീ വ്യവസായങ്ങൾ ഇന്ന് ശോചനീയമായ അവസ്ഥയിലാണുള്ളത്. ഈ രംഗം ശാസ്ത്രീയമായി പുനഃക്രമീകരിക്കാൻ നടപടിയുണ്ടാകണം. നല്ല രീതിയിൽ പ്രവർത്തിക്കുന്ന ഒരു വൈരക്കല്ല് പോളിഷിംഗ് യൂണിറ്റ് ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. പഞ്ചായത്തിന്റെ വിവിധ സ്ഥലങ്ങളിൽ ഇത്തരം യൂണിറ്റുകൾ തുടങ്ങാം.

കുടിൽ വ്യവസായമായി പായ നെയ്ത്ത്, പപ്പടം പണി, ചൂല് നിർമ്മാണം, നോട്ട് പുസ്തകങ്ങൾ ഉണ്ടാക്കൽ, പലഹാരനിർമ്മാണം എന്നിവ നടത്തിവരുന്നുണ്ട്. പായ നെയ്ത്തിന് ആവശ്യമായ കൈതഓലയുടെ അഭാവം ഈ വ്യവസായത്തെ പുറകോട്ടാക്കുന്നു. നമ്മുടെ പഞ്ചായത്തിന്റെ പടിഞ്ഞാറൻ മേഖലയിൽ ചകിരി നാര് കൊണ്ടുവന്ന് വീടുകളിൽ കുലക്കയർ പിരിച്ചുണ്ടാക്കി വിൽപ്പന നടത്തുന്നുണ്ട്. അതുപോലെ ചെറിയ പ്ലാസ്റ്റിക്ക് കുപ്പികൾ ഉണ്ടാക്കുന്ന ഒരു യൂണിറ്റുമുണ്ട്.

ഫർണിച്ചർ നിർമ്മാണം വൻപുരോഗതിക്ക് സാദ്ധ്യതയുള്ളതാണെങ്കിലും ആകെ മൂന്നു യൂണിറ്റുകൾ മാത്രമേ പ്രവർത്തിക്കുന്നുള്ളു. എണ്ണയാട്ടു വ്യവസായം, ഖാദി മേഖലയിൽ മൂന്നു യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. S.S.I യൂണിറ്റിൽ പ്രവർത്തിക്കുന്ന ചെറിയ ചെറിയ ഒറ്റപ്പെട്ട യൂണിറ്റുകൾ വേറെയും പ്രവർത്തിക്കുന്നുണ്ട്.

അന്തിക്കാട് പാൽ വിതരണ സഹകരണ സംഘത്തിന്റെ കീഴിൽ ഒരു കാലിത്തീറ്റ ഫാക്ടറി പ്രവർത്തിക്കുന്നുണ്ട്. ഇതിനു വേണ്ട അസംസ്കൃത വസ്തുക്കൾ പുറമേ നിന്നു കൊണ്ടുവരികയാണ്. ഇത് ഇവിടെ ലഭ്യമാക്കാവുന്നതും ഫാക്ടറി വിപുലീകരിക്കാവുന്നതുമാണ്. ഇവിടെ നാല് തൊഴിലാളികൾ മാത്രമാണ് പ്രവർത്തിക്കുന്നത്. ഈ ഫാക്ടറി വിപുലീകരിക്കുവാൻ നാം നിശ്ചയദാർഢ്യത്തോടെ പ്രവർത്തിക്കേണ്ടിയിരിക്കുന്നു.

ചെറിയ നാലു പ്രസ്സുകൾ ഇവിടെ പ്രവർത്തിക്കുന്നുണ്ട്. ഇതിൽ പത്തു തൊഴിലാളികളുണ്ട്. വിപുലീകരിച്ച പ്രസ്സ് നടത്തുവാൻ ഇവിടെ സാദ്ധ്യതയുണ്ട്. ചുരുക്കം സോഡാ ഫാക്ടറികളും പ്രവർത്തിക്കുന്നുണ്ട്.

കേരവൃക്ഷങ്ങൾ തിങ്ങി നിറഞ്ഞു നിൽക്കുന്ന പ്രദേശമാണ് ഈ ഗ്രാമം. ഇവിടെ നല്ല വിളവുതരുന്ന തെങ്ങുകളുണ്ട്. വൻ വ്യവസായസാദ്ധ്യതയുള്ള ഈ രംഗം ഇന്ന് ചുരുക്കം ചില സ്വകാര്യ വ്യക്തികൾ മാത്രം കൈയ്യടക്കിയിരിക്കയാണ്. ന്യായമായ വില കർഷകർക്ക് ലഭിക്കാത്തതിനാൽ കൃഷിക്കാർ വിമുഖരാണ്. ഇവിടെ ഉൽപാദിപ്പിക്കുന്ന നാളികേരം മുഴുവൻ ശേഖരിച്ചും കൊപ്ര, വെളിച്ചെണ്ണ, ഇളനീർ, ചിരട്ട, മടൽ, തൊണ്ട് മുതലായവ ഉപയോഗിച്ചും വിവിധ വ്യവസായങ്ങൾ നല്ലരീതിയിൽ നടത്താവുന്നതാണ്. വെളിച്ചെണ്ണ എടുത്തതിന് ശേഷമുള്ള പിണ്ണാക്ക് കാലിത്തീറ്റ ഫാക്ടറിക്ക് ഉപയോഗിക്കാവുന്നതാണ്. വീണ്ടും ബാക്കി വരികയാണെങ്കിൽ ജൈവവളം നിർമ്മിക്കുവാനും സാധിക്കും. വർഷത്തിൽ ഏകദേശം 70 ലക്ഷം നാളികേരം ഇവിടെ ലഭ്യമാണ്. എന്നാൽ നല്ല നിലയിൽ പ്രവർത്തിക്കുന്ന വെളിച്ചെണ്ണ മില്ലുകൾ ഇല്ല. കരിക്കൊടി കയർ സഹകരണ സംഘം വിപുലീകരിച്ചാൽ ചകിരി ഉപയോഗിച്ച് വിവിധ തരം ഉൽപ്പന്നങ്ങൾ ഉണ്ടാക്കാവുന്നതാണ്.

ഈ ഗ്രാമം നെല്ലുല്പാദനത്തിൽ സ്വയം പര്യാപ്തമാണ്, എന്നാൽ ഈ നെല്ല് സംഭരിച്ച് അരിയാക്കി വിൽക്കുന്നത് ചുരുക്കം സ്വകാര്യ വ്യക്തികളാണ്. ഇത് ഈ പഞ്ചായത്തിന് പുറത്തുമാണ്. ഇവിടുത്തെ നെല്ല് സംഭരിക്കുന്ന

ഒരു സഹകരണസംഘം അന്താണിയിൽ ഉണ്ട്. പക്ഷേ അവർ കർഷകരെ കഴിയാവുന്നിടത്തോളം ബുദ്ധിമുട്ടിക്കുന്ന ഒരു നയമാണ് സ്വീകരിച്ചുട്ടുളളത്. ഈ ജില്ലയിൽ ഉൽപ്പാദിപ്പിക്കുന്ന മുഴുവൻ നെല്ലും ഈ സഹകരണ സംഘത്തിന് സംഭരിച്ച് അരിയാക്കി വിതരണം ചെയ്യാവുന്നതാണ്. നടത്തിപ്പുകാർ ശ്രദ്ധിച്ചാൽ ഇത് വിജയകരമാക്കാവുന്നതാണ്. അല്ലാത്ത പക്ഷം ബ്ലോക്ക് അടിസ്ഥാനത്തിൽ നെല്ല് സംഭരിച്ച് അരിയാക്കാനുള്ള ഒരു സംരംഭം തുടങ്ങണം. കന്നുകാലി വളർത്തൽ ഇവിടെ ധാരാളമായി നടക്കുന്നുണ്ട്. മിക്കവാറും വീടുകളിൽ പശുക്കളെ ഉപതൊഴിലായി വളർത്തുന്നുണ്ട്. നെൽകൃഷി ധാരാളമായി ഉളളതിനാൽ ഈ വൈക്കോൽ കൃഷിക്കാർക്ക് കാലിതീറ്റയായി ഉപയോഗിക്കാവുന്നത് ഒരു ഗുണപരമായ ഘടകമാണ്. എന്നാൽ ഇവിടെ ഉൽപാദിപ്പിക്കുന്ന പാൽ മുഴുവൻ സംഭരിക്കുവാൻ ഇവിടെ പ്രവർത്തിക്കുന്ന സഹകരണസംഘത്തിന് സാധിക്കുന്നില്ല. എന്നാൽ ഈ ജില്ലയിൽ ഉൽപാദിപ്പിക്കുന്നതും ഇന്ന് അധികമായി വരുന്നതുമായ പാൽ മുഴുവൻ ജില്ലാ അടിസ്ഥാനത്തിൽ സംഭരിച്ച് പാൽ ഉപയോഗിച്ച് പാലുൽപ്പന്നങ്ങൾ നിർമ്മിക്കുന്ന ഒരു വൻകിട ഫാക്ടറി ഉണ്ടാവുകയാണെങ്കിൽ അത് ഒരു വൻവിജയമാക്കാം.

നമ്മുടെ പഞ്ചായത്തിൽ കോഴിമുട്ട, ഇറച്ചികോഴി, മുതലായവ പുറത്തുനിന്ന് ഇറക്കുമതി ചെയ്യുകയാണ്. ഇവ ധാരാളമായി വിപണനം നടക്കുന്നുമുണ്ട്. വ്യാവസായിക അടിസ്ഥാനത്തിൽ ഇവിടെ തന്നെ ഇറച്ചികോഴി, മുട്ടകോഴി, കാടപക്ഷി, പന്നി എന്നിവയെ വളർത്താൻ കഴിയും. ഇവക്ക് ഇവിടെ വിപണന സാധ്യതയുളളതാണ്.

ആധുനിക വ്യവസായങ്ങൾ ഇവിടെ ഒന്നും കാര്യമായി പ്രവർത്തിക്കുന്നില്ല. പുതിയത് തുടങ്ങുകയാണെങ്കിൽ ഇവകൊണ്ട് കാര്യമായി പരിസര മലിനീകരണ പ്രശ്നങ്ങൾ ഉണ്ടാവുന്നതല്ല. ശാസ്ത്രീയമായി മൽസ്യകൃഷി വ്യാവസായിക അടിസ്ഥാനത്തിൽ നടത്താവുന്നതാണ്. വളരെ പേർക്ക് വരുമാനം വർദ്ധിപ്പിക്കാനുളള ഒരു ഉപാധിയാണിത്. വലിയ നാടൻ മാവുകൾ മുഴുവനും നാട്ടിൽനിന്ന് അപ്രത്യക്ഷമായതുകൊണ്ട് ഇവിടെ നല്ല നിലയിൽ നടന്നിരുന്ന തേനീച്ച വളർത്തൽ ഇന്ന് വളരെ പരിമിതമായിരിക്കയാണ്. തേനീച്ചകൾക്ക് രോഗബാധ മറ്റൊരു കാരണമാണ്. ഇതിനെ പഞ്ചായത്ത് അടിസ്ഥാനത്തിൽ പ്രോൽസാഹിപ്പിച്ച് ശുദ്ധമായ തേൻ ലഭ്യമാക്കണം.

ഇ പഞ്ചായത്തിൽ മൂന്നു എഞ്ചിനീയറിങ്ങ് വർക്ക്ഷോപ്പുകൾ ഉണ്ട്. ഇലട്രോണിക്ക് വ്യവസായങ്ങൾ നാമമാത്രമാണ്. ബീഡി വ്യാവസായം ഉണ്ടായിരുന്നെങ്കിലും ഇപ്പോൾ നിലവിലില്ല. എന്നാൽ വീടുകളിൽ ഈ തൊഴിലിൽ ഏർപ്പെട്ടിട്ടുളള തൊഴിലാളികളുണ്ട്.

## നിർദ്ദേശങ്ങൾ

1. അന്തിക്കാട് പഞ്ചായത്തിലെ കൊപ്ര മുഴുവൻ സംഭരിക്കുന്നതിന് ഒരു സംഘം ഉണ്ടാക്കി അതിൽ ആധുനിക രീതിയിലുളള ഡ്രയർ, എക്സ്പെല്ലർ എന്നിവയുടെ സഹായത്താൽ ശുദ്ധമായ വെളിച്ചെണ്ണ എടുത്ത് വിപണനം ചെയ്യുന്നതിനുളള സംവിധാനം ഉണ്ടാക്കണം. ചിരട്ടകൊണ്ടുളള കരകൗശല വസ്തുക്കൾ, തേങ്ങാപൊടി, തേങ്ങാപ്പാൽ, തേങ്ങാവെളളം കൊണ്ടുളള പാനീയം എന്നിവ ഉണ്ടാക്കി വിപണനം ചെയ്യണം.
2. നെല്ല് സംഭരിച്ച് അരിയാക്കി വിതരണം നടത്തണം.
3. ആവശ്യമായ സോപ്പ്, ചന്ദനത്തിരി, മെഴുകുതിരി, എന്നിവ ഉണ്ടാക്കുന്നതിനുളള വനിതാ വ്യാവസായ യൂണിറ്റ് ഉണ്ടാക്കണം
4. അന്തിക്കാട് പഞ്ചായത്തിൽ പണ്ട് ഉണ്ടായിരുന്ന കൈത്തറി പരിശീലനകേന്ദ്രം അന്യാധീനപ്പെട്ടിരിക്കയാണ്. ഇത് വീണ്ടെടുത്ത് നൂതന രീതിയിലുള്ള നെയ്ത്ത് പരിശീലന കേന്ദ്രം പ്രവർത്തനം ആരംഭിക്കണം.
5. തേനീച്ച വളർത്തൽ പ്രോൽസാഹിപ്പിക്കണം
6. രണ്ടു വാർഡുകളിൽ രജിസ്ട്രേഷൻ ലഭിച്ച ചെരിപ്പ് നിർമ്മാണ യൂണിറ്റും ഹോമിയോ മരുന്നു കുപ്പികളുണ്ടാക്കുന്ന യൂണിറ്റും. പ്രവർത്തനക്ഷമമാക്കണം

7. ഒരു ബ്രഡ് യൂണിറ്റ് തുടങ്ങണം.

8. കൃഷി ഉപകരണങ്ങൾ ഉണ്ടാക്കുന്ന യൂണിറ്റ് ഉണ്ടാക്കണം.

9. പെയിന്റ് ഉൽപാദന യൂണിറ്റ് ഉണ്ടാക്കണം.

10 ഒരു ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് സ്ഥാപിക്കണം.

11 പഴവർഗ്ഗങ്ങൾ സംസ്ക്കരിക്കുന്നതിനും സ്ക്വാഷ്, ജാം, അച്ചാറുകൾ എന്നിവ ഉണ്ടാക്കുന്നതിനും യൂണിറ്റ് വേണം.

12. റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം പ്രോൽസാഹിപ്പിക്കണം.

13 കുട നിർമ്മാണത്തിന് ഒരു വനിതാ യൂണിറ്റിന് പരിശീലനം ലഭ്യമാക്കണം.

14. വ്യാവസായ സംരംഭകർക്ക് ആവശ്യമായ ലോൺ കൊടുക്കുന്നതിന് ബാങ്കുകാർ വിമുഖത കാണിക്കുന്നു. പലതവണ അധികാരികളുടെ ശ്രദ്ധയിൽ പെടുത്തിയിട്ടും ഇതുവരെ ഒരു പരിഹാരം ഉണ്ടായിട്ടില്ല.

15. പ്രാദേശികമായി ഇവിടെ ഉൽപ്പാദിപ്പിക്കുന്ന സാധനങ്ങൾ വിറ്റഴിക്കുന്നതിന് ഒരു പൊതു മാർക്കറ്റ് ഉണ്ടാക്കണം.

16. വനിതകൾക്ക് പൊതുവെ തൊഴിലവസരങ്ങൾ കുറവാണ്.

17. പഞ്ചായത്തുതലത്തിൽ ഒരു തൊഴിൽപരിശീലനകേന്ദ്രം തുടങ്ങണം.

18. പച്ചക്കറി വിത്ത് വ്യാവസായികടിസ്ഥാനത്തിൽ ഉൽപാദിപ്പിക്കുന്ന യൂണിറ്റ് സ്ത്രീകൾക്കായി ഉണ്ടാക്കാം.

19 പഞ്ചായത്തിൽ ഒരു തീപ്പെട്ടി നിർമ്മാണ സഹകരണസംഘം പുലാമ്പുഴ കടവിൽ ഉണ്ടായിരുന്നു. അത് ഇന്ന് പ്രവർത്തന രഹിതമാണ് ഉപകരണങ്ങൾ കെട്ടിക്കിടക്കുന്നു. വളരെയധികം സ്ത്രീകൾക്കും കുട്ടികൾക്കും തൊഴിൽ ലഭിച്ചിരുന്നതാണ്.

20. പടിഞ്ഞാറൻ മേഖലയിൽ കക്ക നിക്ഷേപം ധാരളമുണ്ട് അതിന്റെ സംസ്കരണ കേന്ദ്രങ്ങൾ ഉണ്ടാക്കണം. ചെറിയതോതിൽ കക്ക നീറ്റു കേന്ദ്രങ്ങൾ ഇന്നും നിലവിലുണ്ട്. കൃഷി ആവശ്യത്തിനും വെളള പൂശുന്നതിനും ഇത് ഉപകരിക്കും. ഈ വ്യവസായം പ്രോൽസാഹിപ്പിക്കേണ്ടതാണ്.

21. ഒരു സോപ്പ് നിർമ്മാണ വ്യവസായസഹകരണസംഘം ഉണ്ടായിരുന്നത് ഇന്ന് പ്രവർത്തിക്കുന്നില്ല.

22. ഓട്ടോമൊബൈൽ വർക്ക് ഷാപ്പ്, സ്പ്രേപെയിന്റിംഗ്, സ്കാൻ സെന്റർ, അപ്ഹോൾസ്റ്ററി വർക്ക്, റബ്ബർ ഫ്ലാപ്പ്, ടയർ റിസോളിംഗ്, റെക്സിൻ ബേഗ്, സീറ്റ് കവർ, ടൂവീലേഴ്സ്, സ്റ്റൗ തിരികൾ, ബേക്കറി ഐറ്റംസ്, ഇറച്ചി-മീൻ പാക്ക് ചെയ്ത് വീടുകളിൽ എത്തിക്കുക എന്നീ ചെറുകിട വ്യാവസായിക യൂണിറ്റുകൾക്ക് പ്രോത്സാഹനം നൽകണം.

## ഊർജ്ജം

ഈ പഞ്ചായത്തിൽ ഇലക്ട്രിക്ക് സബ്സ്റ്റേഷനുകൾ(KSEB)ഒന്നും പ്രവർത്തിക്കുന്നില്ല. മണലൂർ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന 110 KV സബ്സ്റ്റേഷനിൽ നിന്നാണ് ഈ പഞ്ചായത്തിൽ വൈദ്യുതി ലഭ്യമാകുന്നത്. വൻ വ്യവസായശാലകൾ ആരംഭിക്കാൻ തയ്യാറായി നിൽക്കുന്ന ഈ പഞ്ചായത്തിൽ കാര്യശേഷിയോടുകൂടിയ വൈദ്യുതി വിതരണത്തിന് 110 KV സബ്സ്റ്റേഷൻ സ്ഥാപിക്കേണ്ടത് അത്യാവശ്യമാണ്. ഇപ്പോൾ വിതരണം ചെയ്യുന്നതിൽ 70% ഗാർഹിക ആവശ്യങ്ങൾക്കും കൃഷി ആവശ്യങ്ങൾക്കുമാണ് ഉപയോഗിക്കുന്നത്. ഇവിടെ സ്ഥാപിച്ചിട്ടുള്ള ട്രാൻസ്ഫോർമറുകൾ അതിന്റെ നിശ്ചിതശേഷിയേക്കാൾ വളരെയധികം ലോഡ് വഹിക്കേണ്ടി വരുന്നതിനാൽ വോൾട്ടേജ് ക്ഷാമം ഈ പഞ്ചായത്തിൽ പരക്കെ അനുഭവപ്പെടുന്നു. വൈദ്യുതിയുടെ ഉപയോഗം ക്രമാതീതമായി വർദ്ധിച്ചു വരികയാണ്.

നെൽകൃഷി കൂടുതലുള്ള കോൾ പടവുകൾ ഉൾപ്പെടുന്ന ഗ്രാമമായതിനാലും പമ്പ് ചെയ്ത വെള്ളം വറ്റിച്ച് കൃഷി ചെയ്യേണ്ടതിനാലും ഈ രംഗത്ത് വൈദ്യുതി ധാരാളം ആവശ്യമായി വരുന്നു. ഈ ഗ്രാമത്തിലെ അധികം കർഷകരും വൈദ്യുത മോട്ടറും പമ്പും ഉപയോഗിച്ച് കൃഷി നടത്തുന്നവരാണ്. ധാരാളംചെറുകിട വ്യവസായ യൂണിറ്റുകൾ തുടങ്ങുന്നതിന് ആളുകൾ മുന്നോട്ടു വരുന്നതിനാൽ വൈദ്യുതിയുടെ ആവശ്യം വർദ്ധിച്ചുവരുന്നു. 5 ട്രാൻസ്ഫോർമറെങ്കിലും പുതിയതായി പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ സ്ഥാപിച്ച് വോൾട്ടേജ് ക്ഷാമം പരിഹരിക്കേണ്ടതാണ്. ആധുനികവൽക്കരണം മൂലം ഗാർഹിക ആവശ്യങ്ങൾക്ക് വൈദ്യുതി കണക്ഷൻ എടുക്കുമ്പോൾ ആവശ്യമായതിന്റെ ഇരട്ടി വൈദ്യുതി ഇന്ന് മിക്കവാറും വീടുകളിൽ ഉപയോഗിക്കുന്നു. ടിവി, ഫ്രിഡ്ജ്, മിക്സി, വാഷിംഗ് മെഷീൻ, ഗ്രൈന്റർ എന്നിവയുടെ ഉപയോഗം വർദ്ധിച്ചു വരുന്നു. പഞ്ചായത്തിൽ നിലവിലുള്ള റോഡുകളിൽ കുറഞ്ഞ വോൾട്ടേജിലും കത്താവുന്ന(C.F.L) ട്യൂബ്ലൈറ്റുകൾ സ്ഥാപിക്കണം. റോഡുകളിൽ ഗതാഗതത്തിന് തടസ്സമായി നിൽക്കുന്ന പോസ്റ്റുകൾ മാറ്റിസ്ഥാപിക്കണം. പാചകത്തിന് വൈദ്യുതി ഉപയോഗം കുറയക്കുന്നതിന് വിവിധ മാർഗ്ഗങ്ങൾ അവലംബിക്കേണ്ടതാണ്.

കേരവൃക്ഷങ്ങൾ ധാരളമായി ഉള്ളതിനാൽ പാചകത്തിന് ആവശ്യത്തിനുള്ള വിറകിന്റെ കാര്യത്തിൽ സ്വയം പര്യാപ്തമാണ് ഈ ഗ്രാമം. പഴയ രീതിയിലുള്ള അടുപ്പുകൾ ഉപയോഗിക്കുമ്പോൾ വളരെ കുറവ് ഊർജ്ജം മാത്രമേ കിട്ടുന്നുള്ളൂ. ആയതിനാൽ ദക്ഷത കൂടിയ അടുപ്പുകൾ ഏവർക്കും എത്തിക്കാൻ തിരുമാനിച്ചിട്ടുണ്ട്. കന്നുകാലികൾ കൂടുതലുള്ളതിനാൽ ബയോഗ്യാസ് ഉൽപാദിപ്പിക്കുവാൻ സാദ്ധ്യതയുണ്ട്. പാചകഗ്യാസ് കൂടുതൽ ഉപയോഗിക്കുന്നുണ്ട്. ആവശ്യാനുസരണം ഗ്യാസ് സിലണ്ടറുകൾ എത്തിക്കാനുള്ള സൗകര്യം ഉണ്ടാക്കണം. ആവശ്യത്തിന് വിറക് ലഭ്യമായതിനാൽ വനനശീകരണത്തിൽ ഈ ഗ്രാമം പങ്കാളിയല്ല. പാചകത്തിന് മണ്ണെണ്ണയും ഉപയോഗിക്കുന്നുണ്ട്. വൈദ്യുതീകരിക്കാത്ത വീടുകൾ മുഴുവനും വൈദ്യുതീകരിക്കണം.

| ഇലക്ട്രിസിറ്റി ഇല്ലാത്ത വീടുകൾ | ഇലക്ട്രിസിറ്റി ഉള്ള വീടുകൾ |
|---|---|
| 2393 | 3111 |

## നിർദ്ദേശങ്ങൾ

1. നിലവിലുള്ള ട്രാൻസ്ഫോർമറുകൾ മാറ്റി കപ്പാസിറ്റി കൂടിയത് സ്ഥാപിച്ച് വോൾട്ടേജ് ക്ഷാമം പരിഹരിക്കുക.
2. വൈദ്യതി ലൈനിൽ മുട്ടിനിൽക്കുന്ന വൃക്ഷലതാതികൾ യഥാസമയം മുറിച്ചുമാറ്റി ഊർജ്ജം ചോർന്നുപോകുന്നത് തടയുക.
3. പഞ്ചായത്തിന്റെ എല്ലാ റോഡുകളിലും ലൈൻ ഇട്ട് അവിടെ സ്ട്രീറ്റ് ലൈറ്റുകൾ കത്തുന്നുണ്ടെന്ന് ഉറപ്പുവരുത്തുക
4. അപകട സാദ്ധ്യതയുള്ള എല്ലാ വളവു കളിലും റ്റ്യൂബ് ലൈറ്റുകൾ സ്ഥാപിക്കുക.(C.F.L)
5. ഗതാഗതത്തിന് തടസ്സമായി നിൽക്കുന്ന എല്ലാ പോസ്റ്റുകളും സൈഡിലേക്കു മാറ്റി സ്ഥാപിക്കുക
6. അപ്രഖ്യാപിത പവർകട്ടുകൾ നിർത്തലാക്കണം
7. വൈദ്യുതി ദുരുപയോഗപ്പെടുത്തുന്നതിനെതിരായി ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റുമായി ആലോചിച്ചു ഒരു ബോധവൽക്കരണ പരിപാടി നടത്തുക.
8. അപേക്ഷകർക്ക് എത്രയും വേഗം വൈദ്യുതി കണക്ഷൻ ലഭിക്കുവാനുള്ള സംവിധാനം ഉണ്ടാക്കുക.
9. എല്ലാ കൃഷി ആവശ്യത്തിനുള്ള വൈദ്യുതി സൗജന്യമാക്കുക.
10. വൈദ്യുതിക്ഷാമം ഉള്ളതുകൊണ്ടാണ് നമ്മുടെ നാട്ടിൽ ചെറുകിട വ്യവസായങ്ങൾ വളരാത്തത്. ജനങ്ങളുടെ തൊഴിലവസരങ്ങൾകൂടി നഷ്ടപ്പെടുന്നതുകൊണ്ട് ഇതൊരു വെല്ലുവിളിയായി ഏറ്റെടുത്ത് എത്രയും വേഗം വൈദ്യുതി ക്ഷാമത്തിനുള്ള പരിഹാരം ഉണ്ടാക്കുക.
11. പാചകത്തിന് കഴിയുന്നതും വൈദ്യുതി ഉപയോഗിക്കാതിരിക്കുക.
12. ദക്ഷത കൂടിയ അടുപ്പുകൾ എല്ലാ വീടുകൾക്കും സബ്സിഡി നിരക്കിൽ ലഭ്യമാക്കണം.
13. ഓരോ വീട്ടിലും സൗരോർജ്ജം ഉപയോഗിക്കുന്നത് മാതൃകയാക്കണം. വെളിച്ചം, ചൂടുവെള്ളം, റേഡിയോ, ടെലിവിഷൻ, പ്രവർത്തനങ്ങൾ ഇവയ്ക്കെല്ലാം സോളാർ എനർജി ഉപയോഗിക്കാം. ഇതിന് പ്രചരണം നൽകുകയും വേണം.
14. വൈദ്യുതി വിതരണത്തിലെ പ്രസരണനഷ്ടം ഒഴിവാക്കി വിതരണം കാര്യക്ഷമമാക്കി വോൾട്ടേജ് ക്ഷാമം പരിഹരിക്കുക. ആകെ 3111 വൈദ്യുതീകരിച്ചതും 2041 വൈദ്യുതീകരിക്കാത്തതുമായ വീടുകൾ ഉണ്ട്.

# ഗതാഗതം

## റോഡുകളും ജലമാർഗ്ഗങ്ങളും

പഞ്ചായത്തിന്റെ കിഴക്കേ അതിർത്തി കോളും പടിഞ്ഞാറതിർത്തി കനോലി കനാലുമായതിനാൽ കിഴക്കും പടിഞ്ഞാറും ഭാഗങ്ങളിൽ ജലഗതാഗതത്തിന് വളരെ സൗകര്യമുണ്ടായിരുന്നു. കനോലി കനാലിന്റെ പടിഞ്ഞാറതിർത്തി പഴയ മലബാർ പ്രദേശത്തിലെ നാട്ടിക ഫർക്കയായിരുന്നു. അതായത് ഇന്നത്തെ തൃശൂർ ജില്ലയിലെ തളികുളം പഞ്ചായത്തി. ഇവിടെയാണ് മുറ്റിച്ചൂർ കടവും പുലാമ്പുഴ കടവും സ്ഥിതിചെയ്യുന്നത്. ഈ രണ്ടു കടവിലും രണ്ടു കരക്കാർക്കുമായി സർക്കാർ ലേലം ചെയ്തു കൊടുത്തിരുന്ന കടത്തു വള്ളങ്ങൾ ഉണ്ടായിരുന്നു. ഒരാൾക്ക് കടത്തുകൂലി 1930 ൽ ഒന്നര കാശായിരുന്നു. (96 കാശു് ഒരു രൂപ). ഈ കടവുകൾ കേരളത്തിന്റെ തെക്കെ അറ്റത്തു തിരുവനന്തപുരത്തുള്ള വള്ളക്കടവാമായും വടക്കു കോഴിക്കോട്ടെ വള്ള ക്കടവുമായും ബന്ധപ്പെട്ടു കിടക്കുന്നതാണ്. അതുപോലെ പഞ്ചായത്തിലെ കിഴക്കെ അതിർത്തിയിൽ കോളിലുള്ള അന്തിക്കാട്ട് വള്ളക്കാവ് തൃശൂരിൽ കൊക്കാലയിൽ റെയിൽവേ സ്റ്റേഷന് പടിഞ്ഞാറു വശത്ത് കോൾ നിലങ്ങളുടെ കിഴക്കേ അറ്റത്തു സ്ഥിതി ചെയ്യുന്ന വള്ളക്കുളവുമായി പെരുമ്പുഴ തോടും കൊക്കാലതോടും വഴി ബന്ധപ്പെട്ടു കിടക്കുന്നു. ഈ കടവുകളിൽ നിന്ന് തൃശൂരിലേക്കും തിരുവന്തപുരം, കൊല്ലം, കോട്ടയം ചങ്ങനാശ്ശേരി, അമ്പലപ്പുഴ, ആലപ്പുഴ, ചേർത്തല, കൊച്ചി, എറണാകുളം, വൈപ്പിൻ, പറവൂർ, കൊടുങ്ങല്ലൂർ, എന്നീ തെക്കൻ ഭാഗങ്ങളിലേക്കും കണ്ടശ്ശാംകടവ്, പുളിക്കകടവ്, കോടമുക്ക്, ഏനാമാവ്, ചേറ്റുവ, ചാവക്കാട് ഗുരുവായൂർ തുടങ്ങി വടക്കേ കോഴിക്കോടു വരേയും വള്ളങ്ങളിൽ ചരക്കു കയറ്റി അയക്കുകയും ഇവിടേക്ക് കൊണ്ടുവരുകയും ചെയ്തിരുന്നതാണ്. പഞ്ചായത്തിന്റെ പടിഞ്ഞാറെ ഭാഗത്ത് പടിയം വില്ലേജിൽ പെട്ട കാനോലി കനാലിന്റെ ഓരത്തെ പ്രധാന വ്യവസായമായിരുന്നു ചകിരി. ഇതു പ്രധാനമായും കൊച്ചിയിലേക്കും ആലപ്പുഴയിലേക്കും വള്ളത്തിലാണ് അയച്ചിരുന്നത്. അതുപോലെ ഈ പഞ്ചായത്തിനെ പ്രധാന തൊഴിൽ അന്നും ഇന്നും ചെത്താണ്. തൃശൂരിനും പരിസരത്തും ഉളള ഷാപ്പുകളിലേക്ക് ഉളള കള്ള് അന്തിക്കാട് കടവാരത്തു നിന്ന് വള്ളത്തിലാണ് കൊക്കാലക്ക് കൊണ്ടുപോയിരുന്നത്. അന്തിക്കാടും പടിയത്തിലുമുള്ള കള്ള് കാവിന് ചുമന്നാണ് അന്തിക്കാട് കടവോരത്ത് എത്തിച്ചിരുന്നത്. അന്ന് ഇന്നത്തെ പോലെ ലോറി തുടങ്ങിയ വാഹനങ്ങൾ ഉണ്ടായിരുന്നില്ലെന്നു തന്നെ പറയാം ജനങ്ങളുടെ മറ്റു സ്ഥലങ്ങളിലേക്കുളള യാത്രക്കും വള്ളങ്ങളാണ് ഉപയോഗിച്ചിരുന്നത് കൊടുങ്ങല്ലൂർ ഭരണി, തൃപ്രയാർ ഏകാദശി, ഗുരുവായൂർ ഏകാദശി എന്നീ ഉത്സവക്കാലത്തു കനോലി കനാൽ വള്ളങ്ങൾ കൊണ്ട് നിറഞ്ഞിരുന്നു. പൊന്നാനി-ആല-വഴി കൊച്ചിക്കു ബോട്ട് സർവ്വീസ് കാനോലി കനാലിൽ കൂടി ഉണ്ടായിരുന്നു. അന്നത്തെ പ്രധാന ഗതാഗത മാർഗ്ഗം ഇതായിരുന്നു. ഇന്നും കാനോലി കനാലിൽ ബോട്ടുചാൽ ഉണ്ട്.

റോഡുകൾ നൂറ്റാണ്ടിന്റെ ആരംഭത്തിൽ വളരെ ചുരുക്കം. തൃശൂരിൽ നിന്ന് തൃപ്രയാറിലേക്ക് കാഞ്ഞാണി വഴി അന്തിക്കാട് പെരിങ്ങോട്ടുകര കൂടി പോകുന്ന ഒരേ ഒരു റോഡാണ് പഞ്ചായത്തിലുണ്ടായിരുന്നത്. കാഞ്ഞാണിയിൽ നിന്ന് ഈ റോഡ് മണലൂർ പഞ്ചായത്തിനെ ഏനാമാവിലേക്കും ഉണ്ടായിരുന്നു. അതുപോലെ കാഞ്ഞാണിയിൽ നിന്ന് കണ്ടശ്ശാംകടവിലേക്കും ഈ റോഡുകളിൽ ഒരോ മണിക്കൂർ ഇടവിട്ട് ഓടുന്ന രണ്ടു ബസ്സുകളാണ് ആദ്യത്തിൽ ആരംഭിച്ചത്.

അന്തിക്കാട് സെന്ററിൽ നിന്ന് പഞ്ചായത്തിന്റെ വടക്കേ ഭാഗത്തുള്ള വെള്ളറക്കത്ത് മനയുടെ കിഴക്കേ പടിവരെ ഒരു പഞ്ചായത്ത് റോഡുണ്ടായിരുന്നു. അതിൽ മെറ്റൽ വിരിച്ചിരുന്നില്ല. ചെങ്കൽ വിരിച്ചതായിരുന്നു. ഈ രണ്ടു റോഡുകൾ കൂടാതെ മറ്റു റോഡുകൾ ഒന്നും തന്നെ സ്വതന്ത്ര ലബ്ദിക്ക് മുമ്പുണ്ടായിരുന്നില്ല. ഉൾപ്രദേശത്തെ യാത്ര മുഴുവനും പാടത്തെ നടവരമ്പത്തു കൂടിയും പറമ്പുകളുടെ ഇടയിലുള്ള ഇടവഴികളിൽ കൂടിയും മാത്രമായിരുന്നു. ഇടവഴികൾ മഴക്കാലത്ത്

വെളളം ഒഴിഞ്ഞു പോകാനുളള ജലം നിർഗ്ഗമന മാർഗ്ഗങ്ങളായിരുന്നു. ഇവയിലൊന്നും തന്നെ വാഹന ഗതാഗതങ്ങൾക്ക് ഉതകുന്നതല്ലായിരുന്നു. അന്ന് വാഹനങ്ങളും ഇല്ലായിരുന്നു. ഈ റോഡുകളിലും ഇടവഴികളിലും നടവരമ്പത്ത് അവർണ്ണർക്ക് നടക്കുന്നതിന് ചില പരിമിതികൾ ഉണ്ടായിരുന്നുവെന്ന് കേൾക്കുമ്പോൾ ഇന്നത്തെ തലമുറ അത്ഭുതപ്പെടുന്നുണ്ടായിരുക്കും. അന്ന് തൊട്ടുകൂടാ, തീണ്ടികൂടാ കാലം ഉണ്ടായിരുന്നു. നമ്പൂതിരിമാർ വഴിയിൽ കൂടി നടക്കുമ്പോൾ താഴ്ന്ന ജാതിക്കാർക്ക് നടക്കാൻ പാടില്ലായിരുന്നു. ഇതിനെല്ലാം മാറ്റം വന്നത് ക്ഷേത്ര പ്രവേശന വിളംബരം 1936ൽ നവംബറിന് ശേഷമാണ്. അന്നു് കരമാർഗ്ഗത്തിൽ ചരക്കുകൾ കൊണ്ടുവരുന്നതിനും കൊണ്ടുപോകുന്നതിനും ഉപയോഗിച്ചിരുന്നത് കാളവണ്ടിയായിരുന്നു.

ഗാതാഗതത്തെ സംബന്ധിച്ചിടത്തോളം ദേശീയപാത ഈ പഞ്ചായത്തിൽകൂടി പോകുന്നില്ല. എന്നാൽ നല്ല രീതിയിലുളള ഒരു റോഡ് ശൃംഗല ഈ ഗ്രമത്തിലുണ്ട്. മൊത്തം റോഡുകളുടെ നീളം 55.25 കി. മീ. ആണ്. 25 കി. മീ. മാത്രമേ ടാറിട്ടിട്ടുളളു. പഞ്ചായത്തിന്റെ കീഴിൽ 42.25 കി. മീ. റോഡുണ്ട്. അത് ടാർ ചെയ്തത് 12 കി. മീറ്ററാണ്. ഈ പഞ്ചായത്തിൽ 6 P.W.D. റോഡുകളുണ്ട്. അവയുടെ നീളം ഏകദേശം 13 കി. മീറ്ററാണ്. എല്ലാ റോഡുകളുടേയും സ്ഥിതി മോശമാണ്. പ്ലാനിംഗ് ഇല്ലാത്തതിനാൽ റോഡിനിർമ്മാണം കഴിഞ്ഞാൽ വാട്ടർ അതോറിട്ടി, ടെലികമ്മ്യൂണിക്കേഷൻ, ഇലക്ട്രിസിറ്റി ബോർഡ് മുതലായവർ വിവിധ ആവശ്യങ്ങൾക്ക് പലപ്പോഴായി വെട്ടിപ്പൊളിക്കുന്നു.

യഥാസമയങ്ങളിൽ അറ്റകുറ്റപ്പണികൾ നടക്കാത്തതിനാൽ ചെറിയ ചെറിയ കുഴികൾ പോലും വൻ ഗർത്തങ്ങളായതിന് ശേഷമേ അധികൃതർ തിരിഞ്ഞു നോക്കാറുളളൂ. മിക്കവാറും റോഡുകൾ സമീപ പ്രദേശങ്ങളേക്കാൾ താഴ്ന്നു കിടക്കുന്നതിനാൽ ജലനിർഗ്ഗമനം മുഴുവൻ റോഡിൽകൂടിയാണ്. എന്നാൽ റോഡുകളുടെ ഇരുവശങ്ങളിലും ജലനിർഗ്ഗമനചാലുകൾ നിർമ്മിച്ചുട്ടുമില്ല. റോഡുനിർമ്മാണത്തിന് ആവശ്യമായ സ്ഥലം സൗജന്യമായി വിട്ടുകിട്ടണമെന്നുളള വ്യവസ്ഥയുളളതിനാൽ പുറമ്പോക്കായി കിടക്കുന്ന ജലനിർഗ്ഗമനചാലുകളാണ് റോഡിനായി തിരഞ്ഞെടുക്കുന്നത്. സൗജന്യമായി ലഭിക്കുന്ന സ്ഥലം കുറവായതിനാൽ പുതിയ ജലനിർഗ്ഗമനചാലുകൾ നിർമ്മിക്കുന്നുമില്ല.

കഴിഞ്ഞ അഞ്ചു വർഷം കൊണ്ട് പഞ്ചായത്ത് അഞ്ചര കിലോമീറ്റർ പുതിയ റോഡുകൾ നിർമ്മിച്ചിട്ടുണ്ട്. മിക്കവാറും റോഡുകൾക്ക് ഓവുചാലുകളോ കൾവർട്ടുകളോ ഇല്ല. സമീപപ്രദേശങ്ങളിലെ ഭൂമി മണ്ണിട്ടു നികത്തിയാൽ കൾവർട്ടുകൾ ഉപയോഗയോഗ്യമല്ല. മഴക്കാലത്ത് മിക്കവാറും റോഡുകൾ സഞ്ചാരയോഗ്യമല്ല. ഈ ഗ്രാമങ്ങളിൽ റോഡിന്റെ ആവശ്യകത കൂടി വരികയാണ്. പാടശേഖരങ്ങളിൽ ഫാം റോഡുകൾ നിർമ്മിക്കാത്ത പക്ഷം കൃഷി മേഖല സ്തംഭനാവസ്ഥയിലേക്ക് എത്തുന്നതാണ്. പുതിയ റോഡു നിർമ്മാണത്തിനായി ജനങ്ങൾ പഞ്ചായത്തിനെ സമീപിച്ചു കൊണ്ടിരിക്കുകയാണ്.എന്നാൽ പുതിയ റോഡുകൾ ഉണ്ടാക്കുന്നതിന് പഴയതിനെ സംരക്ഷിക്കുന്നതിനും പഞ്ചയത്തിന്റെ സാമ്പത്തിക നില മോശമായതിനാൽ സാധിക്കുന്നില്ല.

അന്തിക്കാട് പഞ്ചായത്തിനേയും തളിക്കുളം പഞ്ചായത്തിനേയും വേർതിരിക്കുന്നത് കനോലി കനാലാണ്. കൊച്ചിയിൽ നിന്ന് പുതുപൊന്നാനിയിലേക്ക് പോകുന്ന ഈ കനാലിനു മുകളിൽ മുറ്റിച്ചൂർ കടവിൽ ഒരു പാലം അത്യാന്താപേക്ഷിതമാണ്. ഈ പാലം നിർമ്മിച്ചാൽ തളികുളം പഞ്ചായത്തിൽ കൂടി പോകുന്ന ദേശീയ പാത 17നെ വിവിധ പഞ്ചായത്തുളുമായി ബന്ധിക്കാവുന്നതാണ്. ഈ പാലം നിർമ്മിക്കാൻ വേണ്ട പ്രാരംഭ നടപടികൾ സർക്കാർ തുടങ്ങി കഴിഞ്ഞിട്ടുണ്ട് എന്നാൽ ഈ പാലം അടുത്ത ഒരു വർഷത്തിനകം ഒരു യാഥാർത്ഥ്യമാക്കാൻ സർക്കാർ നടപടിയെടുക്കണം.

NREP, RLEGP, VRMLP, JRY മുതലായ പദ്ധതികളിൽ നിർമ്മിച്ച ധാരാളം റോഡുകൾ അറ്റകുറ്റപണികൾ നടത്താൻ കഴിയാതെ ദുർഗതിയിലാണ്.

## നിർദ്ദേശങ്ങൾ

1. റോഡിന്റെ ഇരുവശങ്ങളിലും കാനകൾ ഇല്ല. ഇതുമൂലം ടാർറോഡുകളും മറ്റു റോഡുകളും നാശമാവുന്നു. അതുകൊണ്ട് എല്ലാ റോഡുകളിലും കാനകൾ നിർമ്മിക്കണം.
2. പഞ്ചായത്തിലെ എല്ലാറോഡുകളും ആവശ്യത്തിന് വീതി കൂട്ടി അറ്റകുറ്റ പണികൾ നടത്തി ഗതാഗത യോഗ്യമാക്കണം.
3. എല്ലാ ഗ്രാവൽ റോഡുകളും മെറ്റലിട്ട് ടാർ ചെയ്യണം.
4. നികന്ന പറമ്പുകളിലെ വെള്ളം റോഡിലേക്ക് ഒഴുക്കി വിടുന്നത് നിയമം മൂലം തടയണം.
5. എല്ലാ കോളനികളിലേക്കും വഴിയുണ്ടാക്കണം.
6. കൽവർട്ടുകളുടെ കുറവ് എല്ലാ ഭാഗത്തുമുണ്ട്.
7. അന്തിക്കാടിന്റെ പടിഞ്ഞാറൻ മേഖലയിൽ PWD റോഡുകൾ ഉണ്ടെങ്കിലും ബസ്സ്റൂട്ട് ഇല്ല. ഇവിടെനിന്ന് ആശുപത്രി, റജിസ്ട്രാഫീസ്, പോലീസ് സ്റ്റേഷൻ, പോസ്റ്റോഫീസ്, പഞ്ചായത്ത് ഓഫീസ്, മൃഗാശുപത്രി എന്നീ സ്ഥാപനങ്ങളിലേക്ക് മൂന്നു കിലോമീറ്റർ നടന്നുവരണം. അല്ലങ്കിൽ ഓട്ടോറിക്ഷയിൽ അമിത ചാർജ് കൊടുക്കേണ്ടിവരും. ബസ്സ് ഗതാഗതം ഉറപ്പുവരുത്തണം.
8. ജനങ്ങളുടെ ഏക ആശ്രയം ഓട്ടോറിക്ഷയാണ്. ഇതിന്റെ ചാർജ്ജ് നിജപെടുത്താൻ വേണ്ട നടപടികൾ എടുക്കണം.
9. വളരെയേറെ ജനങ്ങൾ കടക്കുന്ന മുറ്റിച്ചൂർ പാലം പണിത് ദേശീയപാത 17 ആയി ബന്ധിപ്പിക്കുക.
10. രണ്ടു പഞ്ചായത്തുകളുടെ ഇടയിൽ വരുന്ന റോഡുകൾ ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുത്ത് അഭിവൃദ്ധി പണികൾ നടത്തേണ്ടതാണ്.
11. പഞ്ചായത്ത് റോഡുകളുടെ അറ്റക്കുറ്റ പണികൾക്ക് 5000 രൂപയിൽ കൂടുതൽ അനുവദിക്കാൻ പാടില്ല എന്ന 1962 ലെ നിയമം എടുത്തുമാറ്റി ആവശ്യത്തിനുളള തുക അനുവദിക്കാനുളള നിയമം ഉണ്ടാക്കണം.
12. ATC റോഡിൽ കൂടി വർഷങ്ങൾക്ക് മുമ്പ് ബസ്സുകൾ ഓടിയിരുന്നു. അവിടേക്കും തൃപ്രയാർ മുറ്റുച്ചൂർ ചൂരക്കോട്ടു നടകണ്ടശ്ശാംകടവ് വഴി തൃശൂരിലേക്ക് ബസ്സ് അനുവദിക്കണം.
13. വിവിധ ഗ്രാമസഭകൾ 35 ഓളം റോഡുകൾ അടിയന്തിരമായി അറ്റകുറ്റപ്പണികൾ നടത്താനും പുതിയവ നിർമ്മിക്കാനും നിർദ്ദേശിച്ചിട്ടുണ്ട്. ആയവ മുൻഗണനാ ക്രമത്തിൽ നടത്തുവാൻ നടപടിയുണ്ടാക്കണം.

# പൊതുജനാരോഗ്യം

സമീപപ്രദേശങ്ങളെ അപേക്ഷിച്ച് അന്തിക്കാട് പഞ്ചായത്തിൽ പൊതുജനാരോഗ്യ പ്രവർത്തനങ്ങൾ വളരെ മുമ്പുതന്നെ ആരംഭിച്ചിട്ടുണ്ട്. ഏകദേശം 75 വർഷത്തോളം പഴക്കം വരുന്ന അന്തിക്കാട് ഗവൺമെന്റ് ആശുപത്രിയാണ് പഞ്ചായത്തിലെ ആദ്യത്തെ ആരോഗ്യ കേന്ദ്രം. ഒരു സ്വകാര്യ ആശുപത്രി അടക്കം പഞ്ചായത്തിൽ നാല് ആരോഗ്യ സ്ഥാപനങ്ങൾ ഇപ്പോൾ പ്രവർത്തിക്കുന്നു. അലോപ്പതി, ആയുർവേദം, ഹോമിയോ എന്നീ വിഭാഗങ്ങളിൽപ്പെട്ടവയാണ് ഇത്. ഈ സ്ഥാപനങ്ങൾക്ക് പുറമേ ആലപ്പാട് കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന് കീഴിൽ പഞ്ചായത്തിൽ 4 ആരോഗ്യ ഉപകേന്ദ്രങ്ങളും പ്രവർത്തിക്കുന്നുണ്ട്.

| നമ്പർ | സ്ഥാപനത്തിന്റെ പേര് | ഇനം | കെട്ടിടം സ്വന്തം/ വാടക | ഉദ്യോഗസ്ഥരുടെ എണ്ണം | സ്ഥാപിച്ച വർഷം |
|---|---|---|---|---|---|
| 1 | ഗവ:ആശുപത്രി | സർക്കാർ | സ്വന്തം | 24 | - |
| 2 | ഗവ:ആയുർവ്വേദ ആശുപത്രി | സർക്കാർ | സ്വന്തം | 18 | 1970 |
| 3 | ഗവ:ഹോമിയോ ആശുപത്രി | സർക്കാർ | വാടക | 3 | 1980 |
| 4 | പാദുവാ മിഷൻ ആശുപത്രി | സ്വകാര്യം | സ്വന്തം | 13 | 1981 |
| 5 | പ്രാഥമിക ആരോഗ്യ ഉപകേന്ദ്രങ്ങൾ | | | | |
| | 1. അന്തിക്കാട് | സർക്കാർ | സ്വന്തം | 1 | - |
| | 2. പുത്തൻപീടിക | സർക്കാർ | വാടക | 1 | - |
| | 3. മുറ്റിച്ചൂർ | സർക്കാർ | സ്വന്തം | 1 | - |
| | 4. പടിയം | സർക്കാർ | വാടക | 1 | - |

### പ്രശ്നങ്ങൾ

1. പഞ്ചായത്തിലെ ഏകദേശം 25% വീടുകൾക്ക് സാനിറ്റേഷൻ സൗകര്യം ഇല്ല.
2. വീടുകളിലെ പരിസര ശുചീകരണ പ്രവർത്തനങ്ങൾ പൊതുവെ ഉയർന്നതാണെങ്കിലും കൂടുതൽ ശ്രദ്ധിക്കേണ്ടതും പകർച്ചവ്യാധികൾ പകരുന്നതിനെതിരെയുള്ള പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കേണ്ടതുമാണ്.
3. പഞ്ചായത്തിന്റെ പലഭാഗങ്ങളിലും മലിന വസ്തുക്കൾ കെട്ടി കിടക്കുന്നുണ്ട്
4. ഹോട്ടൽ പരിസരങ്ങളിൽ മാലിന്യങ്ങൾ കെട്ടികിടക്കുന്നു.
5. പഞ്ചായത്തിൽ ഒരു മത്സ്യമാംസ മാർക്കറ്റ് ഇല്ല എന്നത് വളരെ രൂക്ഷമായ പ്രശ്നമാണ്.
6. അന്തിക്കാട് സെന്ററിൽ കംഫർട്ട് സ്റ്റേഷനില്ല.
7. പഞ്ചായത്തിലെ രോഗ പ്രതിരോധ പ്രവർത്തനങ്ങൾ കാര്യക്ഷമമല്ല
8. സ്ക്കൂൾ ആരോഗ്യ പ്രവർത്തനങ്ങൾ കാര്യക്ഷമമല്ല.
9. അന്തിക്കാട് ഗവൺമെന്റ് ആശുപത്രിയിൽ ലബോറട്ടറി സൗകര്യമോ എക്സ്റെ യൂണിറ്റോ ഇല്ല. ആശുപത്രിയിലുള്ള ആംബുലൻസിന് സ്ഥിരമായ ഡ്രൈവറില്ല. ഇവിടെ ഡോക്ടർമാരുടെ മുഴുവൻ സമയ സേവനം ലഭ്യമല്ല. മാത്രമല്ല ആശുപത്രിയിൽ ഫോണില്ല എന്നുള്ളതും പ്രധാന പ്രശനങ്ങളാണ്.
10. ആയുർവേദാശുപത്രിയിൽ ഫർണിച്ചർ, സ്ട്രച്ചർ, വീൽചെയർ, പാത്തി, ഫോൺ തുടങ്ങിയ ഭൗതിക സാഹചര്യങ്ങളുടെ അപര്യാപ്തതയും ഡോക്ടർമാരുടെ ഉത്തരവാദിത്തമില്ലായ്മയും നിഴലിച്ചുകാണാം. ആവശ്യത്തിനുള്ള ജോലിക്കാരുടെ അഭാവം നിലവിലുള്ള ജോലിക്കാരുടെ ജോലിഭാരം വർദ്ധിച്ചിരിക്കുന്നു. I. P.ക്ക് വേണ്ടി രണ്ടു വാർഡുകൾ ഉണ്ടെങ്കിലും അതിലേക്ക് വേണ്ട ബഡ്, ബെഡ്ഷീറ്റ്, തലയിണ തുടങ്ങിയവയുടെ പോരായ്മയുണ്ട് കൂടാതെ തൂണികൾ വൃത്തിയാക്കുന്നത് ആവശ്യമായ ജോലിക്കാരും മറ്റു സൗകര്യങ്ങളോ ഒന്നും തന്നെയില്ല. പുതിയ കെട്ടിടമാണെങ്കിലും അതിന്റെ സ്ഥതി വളരെ ശോചനീയമാണ്. ഡോക്ടർമാർക്ക് ഇരുന്ന് ചികത്സിക്കാനുള്ള

സൗകര്യമില്ല.

11. ഹോമിയോ ആശുപത്രിക്ക് കെട്ടിടം നിർമ്മിക്കണം.

12. ആശുപത്രി വികസന സൗഹൃദ സമിതിയുടെ പ്രവർത്തനം കാര്യക്ഷമമല്ല.

13. എല്ലാ ആശുപത്രികളിലും ആവിശ്യ മരുന്നുകളുടെ അഭാവം നിലനിൽക്കുന്നുണ്ട്.

14. സബ്സെന്ററുകൾക്ക് ആവിശ്യമായ കെട്ടിടവും മരുന്നുകളും ഇല്ലാത്തതു മൂലം ക്ലീനിംഗ് നടത്തുന്നതിന് വളരെ അധികം ബുദ്ധിമുട്ടുണ്ട്

| വർഷം | ഇൻപേഷ്യന്റ് എണ്ണം | ഔട്ട്പേഷ്യന്റ് എണ്ണം | പകർച്ച വ്യാധികൾ | വിഷ |
|---|---|---|---|---|
| 1993-94 | 1547 | 77465 | 2202 | |
| 1994-95 | 2451 | 73574 | 3006 | 13361 |
| 1995-96 | 2862 | 79368 | 3424 | 18158 |

| വർഷം | ചിക്കൻ പോക്സ് | മലേറിയ |
|---|---|---|
| 1993-94 | 3 | 11 |
| 1994-95 | 2 | 12 |
| 1995-96 | 12 | 14 |

## നിർദ്ദേശങ്ങൾ

1. പഞ്ചായത്തിലെ കക്കൂസുകളില്ലാത്ത എല്ലാ വീടുകളിലും കക്കൂസ് ഉണ്ടാകുന്നതിനുളള സംവിധാനം ഉണ്ടാകണം. അതുനുളള ധന സഹായങ്ങൾ നൽകണം.

2. പരിസരശുചീകരണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുകയും പകർച്ചവ്യാധികളിൽ നിന്ന് രക്ഷപ്പെടുന്നതിന് കൊതുക് നിവാരണത്തിനുളള നടപടികൾ എടുക്കുക.

3. അലഞ്ഞുതിരിഞ്ഞു നടക്കുന്ന നായ്ക്കളെ തിരഞ്ഞുപിടിച്ച് നശിപ്പിക്കുക.

4. വീട്ടമ്മമാരുടെ ആരോഗ്യത്തിന് ഹാനികരമായ അടുപ്പുകൾ മാറ്റി പുകയില്ലാത്ത അടുപ്പുകൾ സ്ഥാപിക്കണം.

5. ശുദ്ധജല വിതരണ പദ്ധതി വിപുലപ്പെടുത്തുകയും പഞ്ചായത്തിന്റെ എല്ലാ സ്കൂളുകളിലും ശുദ്ധജലം എത്തിക്കാനുള്ള നടപടികൾ എടുക്കണം.

6. പഞ്ചായത്തിന്റെ പലഭാഗങ്ങളിലും ഹോട്ടലുകളുടെ പരിസരങ്ങളിലും കെട്ടികിടക്കുന്ന മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനുളള മടപടികൾ ഉണ്ടാക്കണം.

7. അന്തിക്കാട് കമ്മ്യൂണിറ്റിഹാളിന് അടുത്തുളള മീൻ വിൽപ്പ പഞ്ചായത്ത് പുറം പോക്ക് സ്ഥലത്ത് പോതു മാർക്കറ്റ് ഉണ്ടാക്കി അവിടേക്ക് മാറ്റണം.

8. സ്കൂൾ ആരോഗ്യ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കണം.

9. അന്തിക്കാട് സെന്ററിൽ ഒരു കംഫർട്ട് സ്റ്റേഷനുണ്ടാക്കണം.

10. സ്കൂളുകളിലെ കുട്ടികൾക്ക് ഫസ്റ്റ് എയ്ഡ് മരുന്നുകൾ പഞ്ചായത്തിൽ നിന്ന് നേരിട്ട് ലഭിക്കുമാറാകണം.

11. അന്തിക്കാട് ആശുപത്രിയിൽ ലബോറട്ടറി സൗകര്യവും, എക്സ്റേ യൂണിറ്റും, ഓപ്പറേഷൻ തിയ്യറ്ററിൽ ആധുനിക സജ്ജീകരണങ്ങളും, ഉണ്ടാക്കണം.

12. ആശുപത്രികളുടെ പ്രവർത്തനങ്ങളിൽ ശക്തമായി ഇടപെട്ടുകൊണ്ട് കാര്യക്ഷമമാക്കണം, ഉദ്യോഗസ്ഥൻമാരുടെ ഉത്തരവാദിത്തമില്ലാത്ത സ്വഭാവം ഇല്ലാതാക്കണം.

13. ആശുപത്രികളിൽ ആവശ്യമരുന്നുകൾ എത്തിക്കാനുളള നടപടികൾ ഉണ്ടാക്കണം.

14. ആയുർവേദ ആശുപത്രികളുടെ ശോചനീയാവസ്ഥ പരിഹരിക്കണം. അവിടേക്ക് ആവിശ്യമായ ഭൗതിക സാഹചര്യങ്ങൾ ഉണ്ടാക്കണം.

15. ആശുപത്രിവികസന സൗഹൃദസമിതിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുക.

16. പ്രാഥമിക ആരോഗ്യ ഉപകേന്ദ്രങ്ങൾക്ക്

കെട്ടിടവും ആവശ്യം മരുന്നുകളും ലഭ്യമാക്കുക.

17. അന്തിക്കാട് ഗവ. ആശുപത്രിയിൽ സ്പെഷലിസ്റ്റ് ഡോക്ടർമാർ ഓപ്ത്താൽമിക്ക് അസിസ്റ്റന്റ് എന്നിവരുടെ സേവനം ലഭ്യക്കുക.

18. ഹോട്ടലുകളിലെ ഭക്ഷണപദാർത്ഥങ്ങൾ യഥാസമയം ഫുഡ് ഇൻസ്പെക്ടർ പരിശോധിക്കണം.

19. റോഡരികിലുളള മത്സ്യമാംസ വിൽപ്പന നിർത്തണം. പൊതുമാർക്കറ്റ് ഉണ്ടാക്കണം.

20. പകർച്ചവ്യാധികളേയും മറ്റുരോഗങ്ങളേയും കുറിച്ചും മറ്റും ആരോഗ്യ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുക.

## കുടിവെളളം

ഭൂമിശാസ്ത്രപരമായ പ്രത്യേകതകളാൽ അന്തിക്കാട്പഞ്ചായത്തിന്റെ കിഴക്കുഭാഗം വിശാലമായ നെൽപ്പാടങ്ങളും പടിഞ്ഞാറു ഭാഗം കനോലി കനാലുമാണ്. വർഷത്തിൽ ലഭിക്കുന്ന മഴവെളളത്തിന്റെ ഗണ്യമായഭാഗം പുഴയിലേക്കും കോൾനിലങ്ങളിലേക്കും ഒഴുകിപോകുന്നു. പഞ്ചായത്തിലെ 5152 വീടുകളിൽ 75% ത്തോളം കുടുംബങ്ങളും കുടിവെള്ളത്തിനായി ആശ്രയിക്കുന്നത് കിണറുകളെയാണ്. മറ്റു കുടുംബങ്ങൾ പൊതുകിണറുകളേയും, ടാപ്പുകളേയും അയൽ വീടുകളിലെ കിണറുകളെയും ആശ്രയിക്കുന്നു. വേനൽകാലങ്ങളിൽ പഞ്ചായത്തിൽ പൊതുവേ കുടിവെളളക്ഷാമം അനുഭവപെടാറുണ്ട് I, II, III വാർഡുകളിൽ ലഭ്യമാകുന്ന കിണർ വെളളം പുളിരസമുളളതും VII,VIII, എന്നീ വാർഡുകളിൽ ലഭിക്കുന്ന കിണർ വെളളത്തിൽ ചുണ്ണാമ്പു കലർന്നതുമാണ്. മുൻകാലത്ത് തളികുളം, മണലൂർ, ശുദ്ധജലവിതരണ പദ്ധതി എന്നിവയിൽ നിന്നാണ് പടിയം മേഖലയിൽ കുടിവെളളം വിതരണം ചെയ്തിരുന്നത്. 1996 ൽ അന്തിക്കാട് ശുദ്ധജല വിതരണ പദ്ധതി ആരംഭിച്ചതു മുതൽ പഞ്ചായത്തിൽ ശുദ്ധജലം വിതരണം ചെയ്യുന്നത് ഈ പദ്ധതിക്ക് കീഴിലാണ്.

## നിർദ്ദേശങ്ങൾ

1. പടിയം സാമൂഹ്യജലസേചന പദ്ധതിയും ആറാം വാർഡ് സാമൂഹ്യ ജലസേചന പദ്ധതിയും പൂർണ്ണമായും നടപ്പിലാക്കുക.
2. പൊതുകുളങ്ങളും, കിണറുകളും ആഴം വർദ്ധിപ്പിച്ച് മണ്ടകെട്ടി സംരക്ഷിക്കുക.
3. ഹൗസ് വാട്ടർകണക്ഷൻ പരമാവധി വീടുകളിലേക്ക് വ്യാപിപ്പിക്കണം.
4. പുളിരസമുളളതും, ചുണ്ണാമ്പ് കലർന്നതുമായ കിണർജലം രാസപരിശോധന നടത്തി ഉപയോഗയോഗ്യമാക്കുന്നതിനുളള സംവിധാനം ഉണ്ടാക്കണം.
5. പൊതു കിണറുകൾ കൂടുതലായി നിർമ്മിക്കുകയും നിലവിലുളളവ ശുദ്ധീകരിക്കുകയും ചെയ്യണം.
6. പൊതു ടേപ്പുകൾപഞ്ചായത്തിലെ എല്ലാ ഭാഗങ്ങളിലേക്കും വ്യാപിപ്പിക്കണം.
7. പഞ്ചായത്തിലെ എല്ലാ വീടുകളിലും കിണർ നിർമ്മിക്കുന്നതിനുളള പദ്ധതി ഉണ്ടാക്കണം.
8. 3-ാംവാർഡിലെയും 1ഉം, 2ഉം വാർഡ് യോജിക്കുന്ന കാനാലിൽ പുളികെട്ട് വേണ്ടസമയങ്ങളിൽ കെട്ടുകയും ഇറക്കുകയും ചെയ്യുന്നതിന് സ്ഥിരം സവിധാനം ഉണ്ടാക്കണം.
9. സ്ക്കൂളുകളിലേക്കും അംഗൻവാടികളിലേക്കും പൈപ്പ് കണക്ഷൻ നൽകണം.
10. പുഴയിലേക്കും കനാലിലേക്കുംഒഴുകിപോകുന്ന വെളളത്തിനെ കെട്ടിനിറുത്തി ഭൂഗർഭ ജലസംഭരണിവർദ്ധിപ്പിക്കാനുളള നടപടികൾ ഉണ്ടാകണം.
11. ശുദ്ധജലക്ഷാമത്തിന് പരിഹാരമായി നിർമ്മിച്ച VII-ാം വാർഡിലെ കുഴൽകിണറിലെ വെളളം ഉപയോഗ്യമാക്കുന്നതിനുളള നടപടികൾ എടുക്കണം.

# വിദ്യാഭ്യാസം

അന്തിക്കാട് മേഖലയിൽ സാമൂഹ്യ പരിഷ്ക്കരണ പ്രസ്ഥാനങ്ങളുടെയും ബഹുജനപ്രസ്ഥാനങ്ങളുടെയും പ്രവർത്തനങ്ങൾ വളരെ മുമ്പുതന്നെ ആരംഭിച്ചിരുന്നുവെങ്കിലും വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ ഈ പ്രദേശം വളരെ പിന്നോക്കാവസ്ഥയിലായിരുന്നു. ഈ നൂറ്റാണ്ടിന്റെ ആരംഭത്തിൽ ഔപചാരിക വിദ്യാഭ്യാസം തുടങ്ങുന്നതിനു മുമ്പു കളരികളെ കേന്ദ്രികരിച്ച് വേദങ്ങളും ജോതിഷവും പഠിപ്പിച്ചിരുന്നു. കലണ്ടർ നിർമ്മാണത്തിന് ജോതിഷമാണല്ലോ അടിത്തറ. അന്തിക്കാട് പ്രദേശത്തിന്റെ പടിഞ്ഞാറ് ഭാഗത്ത് ഗുരുകുല വിദ്യാഭ്യാസവും ക്ഷേത്രങ്ങളിലും മദ്രസ്സകളിലും മത പഠനവും ഉണ്ടായിരുന്നു. വായനശാലകളെ കേന്ദ്രീകരിച്ച് വയോജന വിദ്യാഭ്യാസവും നിശാ പാഠശാലകളും ഉണ്ടായിരുന്നു. ഇങ്ങനെയൊക്കെയാണെങ്കിലും ജനങ്ങളിൽ വിദ്യാഭ്യാസത്തിനുള്ള പ്രതിപത്തി തുലോം കുറവായിരുന്നു. അതിനുശേഷം വിദ്യകൊണ്ട് പ്രബുദ്ധരാകുക സംഘടനകൊണ്ട് ശക്തരാകുക എന്ന ശ്രീ നാരായണ സന്ദേശവും അതിനോടനുബന്ധിച്ചുള്ള സാമൂഹ്യപരിഷ്ക്കണ പ്രസ്ഥാനവും ജനങ്ങൾക്കിടയിൽ വിദ്യാഭ്യാസത്തെക്കുറിച്ച് പുതിയൊരു അവബോധം വളർത്തി. ഈ പശ്ചാതലത്തിലാണ് നൂറ്റാണ്ടിന്റെ ആദ്യ ദശകത്തിൽ ഔപചാരികമായ വിദ്യാഭ്യാസ സ്ഥാപനം നിലവിൽ വന്നത്

ഇപ്പോൾ അന്തിക്കാട് പഞ്ചായത്തിൽ എൽ. പി. യു. പി. ഹൈസ്കൂൾ വിഭാഗങ്ങളിലായി ഏഴ് സ്കൂളുകൾ പ്രവർത്തിക്കുന്നു. ഇതിനുപുറമേ സാങ്കേതിക വിദ്യാഭ്യാസസ്ഥപനങ്ങളും റ്റ്യൂഷ്യൻ സെന്ററുകളും പ്രവർത്തിക്കുന്നുണ്ട്,. സാമൂഹ്യക്ഷേമവകുപ്പിന്റെ കീഴിൽ പഞ്ചായത്തിൽ പത്തൊൻപത് അംഗനവാടികൾ ഉണ്ട്. ജനങ്ങളിൽ 95% ത്തോളം വിദ്യാസമ്പന്നരാണ്. പഞ്ചായത്തിൽ ഇംഗ്ലീഷ് മാധ്യമ വിദ്യാലയങ്ങളില്ലെങ്കിലും അതിനോടുള്ള ഭ്രമം മൂലം കുട്ടികൾ ധാരാളമമൂ പഞ്ചായത്തിന് പുറത്തുള്ള ഇംഗ്ളീഷ് മീഡിയം സ്കൂളിലേക്ക് പഠിക്കാൻപോകുന്നുണ്ട് പഞ്ചായത്തിലെ അദ്ധ്യാപകരിൽ ഭൂരിഭാഗവും സ്ത്രീകളാണ്. നിലവിലുള്ള വിദ്യാലയങ്ങളുടെയും സാങ്കേതിക വിദ്യാഭ്യസസ്ഥാപന ങ്ങളുടെയും വിവരം പട്ടിക നോക്കുക.

| സ്കൂളിന്റെ പേര് | 91-92 | 92-93 | 93-94 | 94-95 | 95-96 |
|---|---|---|---|---|---|
| സെന്റ്ആന്റണീസ് ഹൈസ്കൂൾ പുത്തൻപീടിക | 86% | 71% | 61% | 79% | 83% |
| അന്തിക്കാട് ഹൈസ്കൂൾ | 34% | 31% | 12% | 21% | 25% |

## മറ്റു വിദ്യാഭ്യാസസ്ഥാപനങ്ങൾ

| | | |
|---|---|---|
| 1 | ട്യൂഷ്യൻ സെന്റർ | 3എണ്ണം |
| 2 | ടൈപ്പ്റൈറ്റിംഗ് സ്ഥാപനം | 1 |
| 3. | കംബ്യൂട്ടർ സെന്റർ | 1 |
| 4. | ഐ. ട്ടി. സി | 1 |

## പ്രശ്നങ്ങൾ

1. അന്തിക്കാട് ഹൈസ്കൂളിൽ എസ് എസ്.എൽ.സി.വിജയശതമാനം വളരെ കുറവാണ്.
2. ഈ സ്കൂളിൽ പഠന നിലവാരം മോശമായതുകൊണ്ട് കുട്ടികൾ അടുത്ത പഞ്ചായത്തിലെ കൂടുതൽ മെച്ചപ്പെട്ട സ്കൂളിലേക്ക് പോകുന്നു. ഇതിന്റെ ഫലമായി ഡിവിഷൻ കുറയുകയും ക്ലാസ്മുറികൾ ഒഴിഞ്ഞുകിടക്കുകയും ചെയ്യുന്നു.
3. അദ്ധ്യാപകർക്ക് ഇൻസർവീസ് കോഴ്സില്ല.
4. പഞ്ചായത്തിലെ പല സ്കൂളിലെ ഭൗതീക സാഹചര്യങ്ങൾ മോശമാണ് ഇക്കാര്യത്തിൽ അന്തിക്കാട് കെ. ജി. എം. എൽ. പി, സ്കൂളിന്റെ ശോച്യാവസ്ഥ പ്രത്യകം എടുത്തുപറയേണ്ടതുണ്ട്. ഇടചുമരുകളില്ലാത്ത ഓലമേഞ്ഞ കെട്ടിടത്തിലാണ്. ഈ സ്കൂൾ പ്രവർത്തിച്ചു വരുന്നത്.
5. എസ് എസ്.എൽ.സി. പഠനത്തിനുഷേഷം തുടർവിദ്യാഭ്യാസത്തിനുള്ള സാഹചര്യം പഞ്ചായത്തിലില്ല.

6. മാങ്ങാട്ടുകര, പടിയം, മുറ്റിച്ചൂർ ഭാഗത്തുള്ള കുട്ടികൾ ഹൈസ്കൂൾ പഠനത്തിന് മൂന്നുകിലോമിറ്ററിൽ അധികം കഞ്ചരിക്കേണ്ടിയിരിക്കുന്നു.
7. മിക്ക വിദ്യാഭ്യാസ സ്ഥാപനങ്ങളിലും കളിസ്ഥലമില്ല.
8. ലാബറട്ടറി സൗകര്യവും ലൈബ്രറിയും കാര്യക്ഷമമല്ല.
9. ശുദ്ധജലലഭ്യത സക്കൂളുകളിൽ കുറവാണ്
10. വിദ്യാർത്ഥികൾക്ക് യാത്രാസൗകര്യം കുറവാണ്.
11. പഞ്ചായത്തിൽ ഇംഗ്ലീഷ് മാധ്യമത്തോടുള്ള ഭ്രമം വർദ്ധിച്ചുവരുന്നു.
12. സാക്ഷരത പ്രസ്ഥാനത്തോട് ബന്ധപ്പെട്ട് തുടർവിദ്യാഭ്യാസ സൗകര്യങ്ങളില്ല.
13. സ്വന്തമായി സ്ഥലമോ കെട്ടിടമോ ഇല്ലാത്ത അംഗനവാടികൾ ഉണ്ട്.
14. എല്ലാ അംഗനവാടികളിലും ആവശ്യം വേണ്ട കളിപ്പാട്ടങ്ങളോ ബോധനോപകരണങ്ങളോ ഇല്ല.
15. അംഗനവാടികളിൽ കുട്ടികൾക്ക് അനുവദിച്ചിരിക്കുന്ന ഭക്ഷണത്തിന്റെ അളവ് വളരെ കുറവാണ്.

### സാധ്യതകൾ

1. എ. യു. പി. എസ്. മാങ്ങാട്ടുകര അപ്ഗ്രേഡ് ചെയ്ത് ഹൈസ്കൂളാക്കുക.
2. എ. എൽ. പി. എസ്. മുറ്റിച്ചൂർ അപ്ഗ്രേഡ് ചെയ്ത് യു. പി. സ്ക്കൂളാക്കുക
3. എല്ലാ അദ്ധ്യപകർക്കും ഇൻസർവീസ് കോഴ്സ് പരിശീലനം നൽകുക.
4. എല്ലാ സ്ക്കൂളുകളിലും ശുദ്ധജല ലഭ്യത ഉറപ്പാക്കുന്നതിന് വാട്ടർ അതോറിട്ടിയുടെ പൈപ്പ് കണക്ഷൻ നൽകണം.
5. പുലാംപുഴയിൽ നിന്നും അന്തിക്കാട് വഴി ബസ്സ്സർവീസ് ആരംഭിരക്കണം
6. പഞ്ചായത്തിലെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനുവേണ്ടി ഉന്നത വിദ്യാഭ്യാസം നേടിയിട്ടുള്ള പഞ്ചായത്തിലെ വിദ്യാഭ്യാസ പ്രവർത്തകരെ കാര്യക്ഷമമായി ഉപയോഗപ്പെടുത്തണം.
7. സ്ക്കൂൾ കോംപ്ലക്സ് പരിപാടി പ്രയോഗികമാക്കണം ഇതിന്റെ ഭാഗമായി ഭൗതിക സാഹചര്യങ്ങൾ പഠനബോധന പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുകയും സ്ക്കൂൾ കോമ്പൗണ്ടുകളും, ക്ലാസ് മുറികളും സൗന്ദര്യവൽക്കരിക്കുകയും ചെയ്യണം.
8. സ്കൂൾ കോമ്പൗണ്ടിൽ ഫല വൃഷങ്ങളും പൂന്തോട്ടങ്ങളും വെച്ചു പിടിപ്പിക്കണം.
9. ലൈബ്രറി, ലബോറട്ടറി സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും പ്രവർത്തനം കൂടുതൽ കാര്യക്ഷമാക്കുകയും ചെയ്യുക.
10. സ്ക്കൂളിന്റെ ദൈനംദിന പ്രവർത്തനങ്ങളിൽ കൂടുതൽ ജനകീയ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിന്. താഴെ പറയുന്ന ജനകീയ സമിതികൾ രൂപീകരിക്കുക.
    1. പി. ടി. എ.
    2. സ്കൂൾ തല വിദ്യാഭ്യാസസമിതി
    3. മാതൃസംഘം
    4. പഞ്ചായത്ത് തല വിദ്യാഭ്യാസസമിതി
11. അന്തിക്കാട് ഹൈസ്കൂളിന്റെയും കെ. ജി. എം. സ്കൂളിന്റെയും പഠന നിലവാരത്തകർച്ചയും മറ്റു പ്രശ്നങ്ങളും പരിഹരിക്കുന്നതിന് ഈ രണ്ട് സ്കൂളുകൾ ഗവണ്മെന്റ് ഏറ്റെടുക്കേണ്ടതാണ്. കെ. ജി. എം. എൽ. പി. സ്കൂൾ, ഹൈസ്കൂൾ കോമ്പൗണ്ടിൽ ഒഴിഞ്ഞുകിടക്കുന്ന കെട്ടിടങ്ങളിൽ പ്രവർത്തിക്കാവുന്നതാണ്. കെ. ജി. എം. സ്കൂൾ കെട്ടിടത്തിന്റെ സ്ഥാനത്ത് പുതിയ കെട്ടിടം നിർമ്മിച്ച് ഒരു സാംസ്കാരിക കേന്ദ്രം തുടങ്ങുവാൻ കഴിയും.
12. അന്തിക്കാട് ഹൈസ്കൂളിലും പുത്തൻപീടിക ഹൈസ്കൂളിലും വി. എച്ച്. എസ്. സി. പഠനം ആരംഭിക്കണം.
13. പഞ്ചായത്തുതലത്തിൽ സാങ്കേതിക വിദ്യാ

ഭ്യാസ സ്ഥാപനം ആരംഭിക്കണം.

14. സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നിയന്ത്രണം പഞ്ചായത്തുകളെ ഏൽപ്പിക്കണം.

13. അന്തിക്കാട് സ്ക്കൂളിന്റെയും കെ.ജി. എം. സ്ക്കൂളിന്റെയും പഠന നിലവാര തകർച്ചയും മറ്റുപ്രശ്നങ്ങളും പരിഹരിക്കുന്നതിന് ഈ രണ്ടുസ്ക്കൂളുകൾ ഗവർമെന്റ് ഏറ്റെടുക്കേണ്ടതാണ്. കെ. ജി. എം. എൽ. പി. സ്ക്കൂൾ, പ്രവർത്തിക്കാവുന്നതാണ്. കെ. ജി. എം. സ്ക്കൂൾ കെട്ടിടത്തിന്റെ സ്ഥാനത്ത് പുതിയ കെട്ടിടം നിർമ്മിച്ച് ഒരു സാംസ്ക്കാരിക കേന്ദ്രം തുടങ്ങുവാൻ കഴിയും.

14. അന്തിക്കാട് ഹൈസ്ക്കൂളിലും പുത്തൻപീടിക ഹൈസ്ക്കൂളിലും വി. എച്ച്. എസ്. സി പഠനം ആരംഭിക്കണം.

15. പഞ്ചായത്തിതലത്തിൽ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനം ആരംഭിക്കണം.

16. സ്വാകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നിയന്ത്രണം പഞ്ചായത്തിനെ ഏൽപ്പിക്കണം.

# നിലവിലുള്ള വിദ്യാലയങ്ങളുടെയും സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും വിവരം താഴെ കൊടുക്കുന്നു.

| സ്കൂളിന്റെ പേര് | മാനേജ്മെന്റ് | കുട്ടികളുടെ എണ്ണം | | | അധ്യാപകരുടെ എണ്ണം | സ്കൂൾ കാമ്പസിന്റെ മൊത്തം വിസ്തീർണ്ണം | കളിസ്ഥലത്തിന്റെ വിസ്തീർണ്ണം | ഒന്നിനും ഉപയോഗിക്കാതെ കിടക്കുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണം |
|---|---|---|---|---|---|---|---|---|
| | | ആൺ | പെൺ | മൊത്തം | | | | |
| 1 ഹൈസ്കൂൾ അന്തിക്കാട് | എയ്ഡഡ് | 255 | 202 | 457 | 27 | 1 ഏക്കർ 35.5 സെന്റ് | ഇല്ല | 23.5 സെന്റ് |
| 2 സെന്റ് ആന്റണീസ് ഹൈസ്കൂൾ | എയ്ഡഡ് | 608 | 252 | 860 | 34 | 1.5 ഏക്കർ | 2 ഏക്കർ | ഇല്ല |
| 3, A.U.P.S മണലൂർക്കര L.P | എയ്ഡഡ് | 211 | 170 | 381 | 17 | 1.1 ഏക്കർ | ഇല്ല | ഇല്ല |
| 4 G.L.P.S പുത്തൻപീടിക | സർക്കാർ | 209 | 204 | 413 | 14 | 25 സെന്റ് | 28 സെന്റ് | ഇല്ല |
| 5 G.L.P.S അന്തിക്കാട് | സർക്കാർ | 131 | 125 | 256 | 8 | 57 സെന്റ് | ഇല്ല | ഇല്ല |
| 6 K.G.M.L.P.S അന്തിക്കാട് | എയ്ഡഡ് | 115 | 121 | 236 | 10 | 42.5 സെന്റ് | ഇല്ല | ഇല്ല |
| 7 A.L.P.S മുറ്റിച്ചൂർ | എയ്ഡഡ് | 151 | 134 | 285 | 9 | 28 സെന്റ് | ഇല്ല | ഇല്ല |

## സാമൂഹ്യക്ഷേമം

അവശതയനുഭവിക്കുന്ന വികലാംഗർ, അഗതികൾ, വിധവകൾ, പ്രായാധിക്യം വന്നവ, അവശകലാകാരൻമാർ, അവശകായികതാരങ്ങൾ, ക്ഷയരോഗികൾ, കുഷ്ഠരോഗികൾ ക്യൻസർ രോഗികൾ അവശരായ കർഷക തൊഴിലാളികൾ എന്നിവരുടെ സംരക്ഷണതതിനായിട്ടാണ്. സാമൂഹ്യക്ഷേമപദ്ധതികൾ ഇപ്രകാരം ധനസഹായം ലഭിക്കുന്നവരയെട പട്ടിക താഴെ കൊടുകകുനനു.

| | |
|---|---|
| വിധവാ പെൻഷൻ | 116 |
| വികലാഗ പെൻഷൻ | 65 |
| വാർദ്ധക്യപെൽഷൻ | 88 |
| ക്യൻസർരോഗികൾക്ക് | 3 |

ഐ. ആർ. ഡി. പി പദ്ധതി പ്രകാരം 1815 കുടുംബങ്ങൾ.

വട്ടികജാതിക്കാർക്ക് 344

ബ്ലോക്ക് തലത്തിൽ വടപ്പാക്കി വരുന്ന വിവിദ പദ്ധികൾ താഴെ കൊടുക്കുന്നു.

ഐ. ആർ. ഡി. പി. സംയോജിത ഗ്രാമ വികസന പരിപാടി

ഇതിൽ സഹായധനവും വായ്പയും ഉൾപ്പെട്ടിട്ടുണ്ട്. വിവിധ ധനകാര്യ സ്ഥാപനങ്ങൾ മുഖേനേയാണ് നടപ്പാക്കി കൊണ്ടിരിക്കുന്നത്. സമയാസമയങ്ങളിൽ വായ്പാധനം തിരിച്ചതച്ചില്ലെങ്കിൽ ധനസ്ഥാപനങ്ങളിൽ നിന്ന് ധനസഹായം കിട്ടുന്നതിന് ബുദ്ധിമുട്ടാണ്.

### ട്രൈസം

ഇതുപ്രകാരം ഓരോ വർഷവും 40 ഗുണഭോക്താക്കളെ വിവിധ സ്ഥാപനങ്ങളിലേക്ക് തൊഴിൽ പരിശീലനത്തിന് അയക്കുന്നു. അവർക്ക് സ്റ്റൈഫന്റായും പഠിപ്പിക്കുന്ന സ്ഥാപനത്തിന് അലവൻസ് കൊടുക്കാറുണ്ട്. പരിശീലനം പൂർത്തിയാക്കുന്ന വർക്ക ഐ. ആർ. ഡി. പി. ധനസഹായം നൽകി കൊണ്ടിരക്കുന്നു.

ഡി. ഡബ്ല്യിയു. സി. ആർ. എ.

ഗ്രാമീണവനിതാ ശിശു വികസന പരിപാടി കേന്ദ്ര ഗവൺ മെന്റോടും സംസ്ഥാന ഗവൺമെന്റോടും കൂട്ടായ സ്ത്രീകളുടേയും കുട്ടികളുടേയും ഉന്നനനത്തുനായി നടപ്പാക്കികൊണ്ടിരുക്കുന്ന ഈ പദ്ധതി 10 മുതൽ 15 വനിതകളെങ്കിലും ഓരു ഗ്രൂപ്പിൽ ഉണ്ടായിരിക്കണം. ഇവർക്ക് തൊവിൽ നെൽകുന്നതിന് 25000ക റിവോൾവിംങ്ഫ് ഫണ്ടായി അനുവദിക്കുന്നതാണ്.

സി. ആർ. എസ്. പി.

ദാരിദ്ര രേഖക്കു താഴെയുലള വർക്ക്കക്കൂസ് നിർമ്മിക്കുന്നതിഉളള സഹായ പദ്ധതിയാണ് ഇത്. ഒരാൾക്ക് ഈ സ്കീം അനുസരിച്ച് 2000എ സഹാടഘനം കിട്ടുന്നതാണ്.

വീടുവെക്കൽ പദ്ധതി

ദുർബന കുടുംബങ്ങൾക്ക് വിട് വെക്കുന്നതിന് ധനസഹായം നെൽകുന്നു. ഒരു കുടുംബത്തിന് വീട് വെക്കുന്നതിന് 22000രൂപ സൗജന്യമായി നൽകുന്നു സ്വന്തമായി 2 സെന്റു ഭൂമിയെങ്കുലും വേണം.

### പ്രശ്നങ്ങൾ

1. ബാങ്കിൽ നിന്ന് വായ്പ കിട്ടുന്നതിന് തടസ്സങ്ങൾ ഉണ്ട്.
2. അർഹതയുള്ള പലരും ആനുകല്ല്യം ലഭിക്കാതെ തല്ലപെടുന്നു.
3. സ്കീമിൽ പെടുന്നതിനുള്ള അപേഷകർക്ക് . സഹായം ലഭിക്കുന്നതിന് കാലതാമസം നേരിടുന്നു.

### നിർദ്ദേശങ്ങൾ

1. നിർദ്ധനരായ വിധവുകളുടെ പെൺമക്കളുടെ വിവാഹത്തിനുള്ള ധനസഹായം 2000 ത്തിൽ നിന്ന് 5000രൂപയാക്കുന്നു.

2. ബാങ്കിൽ നിന്ന് വായ്പ ലഭിക്കുന്നതിനുള്ള വ്യവസ്ഥകൾ ലഘൂകരിക്കുക

3. ഐ. ആർ. ഡി. പി. സർവ്വെ നടത്തുന്നത് കാര്യക്ഷമമാക്കി അർഹകരായ എല്ലാവരെയും ലിസ്റ്റിൽ ഉൾപ്പെടുത്തേണ്ടതാകുന്നു.

4. അപേക്ഷകർക്ക് ധനസഹായം ലഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കണം.

5. മിശ്രിത വിവാഹിതർക്കുള്ള ധനസഹായം 2000 രൂപയിൽ നിന്ന് 5000രൂപയാക്കണം.

6. അവശകലാക്കാരൻമാർക്ക് എല്ലാവർക്കും പെൻഷൻ നൽകണം.

7. നിർദ്ധനരും അനാഥരുമായ വൃദ്ധജനങ്ങളെ സംരക്ഷിക്കുന്നതിനായി ഒരു വൃദ്ധ സദനം പഞ്ചാതത്തി തനത്തിൽ സ്ഥാപിക്കണം.

8. അംഗൻ വാടികളുടെ പ്രവർത്തനം കാര്യക്ഷമമാക്കി കുട്ടകൾക്കും അമ്മമാർക്കും ആരോഗ്യസംരക്ഷണം നെൽകുന്ന കേന്ദ്രങ്ങളാക്കി മാറ്റണം.

9. സ്ത്രീകളെ പൊതുധാരയിലേക്ക് കൊന്നു വരുന്നതിനായി മഹിളാ സമാജങ്ങൾ സ്ഥാമിക്കണെ.

# പാർപ്പിടം

അന്തിക്കാട് പഞ്ചായത്തിലെ പാർപ്പിട സ്ഥിതി സാമാന്യം മെച്ചപ്പെട്ടതാണ്. പണ്ടത്തെ വാസ്തുശിൽപ്പമാതൃകക്ക് മകുടോദാഹരണങ്ങളായ അപൂർവം ചില വീടുകൾ ഇന്നും നിലവിലുണ്ട്. മിക്ക വീടുകളും ഓട്, ഓല, വെട്ടുകല്ല്, മുള, കളിമണ്ണ്, തെങ്ങ്, മരം എന്നിവ ഉപയോഗിച്ച് നിർമ്മിച്ചവയായിരുന്നു. 70 കൾക്ക് ശേഷം ഗൾഫ് പണത്തിന്റെ സ്വാധീനം പാർപ്പിട മേഖലയിൽ വലിയമാറ്റങ്ങൾ ഉണ്ടാക്കി. പഞ്ചായത്തിൽ ആകെ 5504 വീടുകളുണ്ട്. അതിൽ 1482 വീടുകൾ കോൺക്രീറ്റ് വീടുകളാണ്. 2726 വീടുകൾ ഓടുമേഞ്ഞതും ബാക്കി ഓലമേഞ്ഞതുമാണ്. സ്വന്തമായി സ്ഥലമില്ലാത്ത ചുരുക്കം ചിലർ പുറം പോക്കുകളിൽ വീടുവെച്ചു താമസിക്കുന്നുമുണ്ട്.

കെട്ടിടങ്ങളെ സംബന്ധിച്ച വിവരങ്ങൾ.

| കെട്ടിടങ്ങളുടെ എണ്ണം | ഒന്നിൽ കൂടുതൽ നിലയുള്ള കെട്ടിടങ്ങളുടെ എണ്ണം | കോൺക്രീറ്റ് | ഓട് | ഓല | മറ്റുള്ളവ |
|---|---|---|---|---|---|
| 15504 | 245 | 1482 | 2726 | 1215 | 81 |

1980 ൽ പ്രവർത്തനമാരംഭിച്ച ഒരു ഭവന നിർമ്മാണ സംഘം നിലവിലുണ്ട്. ധനാഗമ മാർഗ്ഗങ്ങളുടെ അപര്യാപ്തത മൂലം ആവശ്യമായ മുഴുവൻ ആളുകൾക്കും വീട് അനുവദിക്കാനായി ഈ സംഘത്തിന് കഴിഞ്ഞിട്ടില്ല. ബാങ്കിൽ നിന്നും ഭവനനിർമ്മാണ വായ്പ ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കേണ്ടതാണ്. നിശ്ചിതമാസ വരുമാനമുളളവർക്ക് മാത്രമേ സംഘത്തിൽ നിന്ന് വീട് വയ്പ്പ ലഭിക്കുന്നുളളൂ. ലക്ഷം വീടു കോളനി, നാലുസെന്റ് കോളനി സെറ്റിൽമെന്റ് കോളനി എന്നിവ ഈ പഞ്ചായത്തിലുണ്ട്. അതിൽ മിക്ക വീടുകളുടെയും നിലവാരം വളരെ മോശമാണ്. കോളനികളിലേക്ക് വഴിയില്ലാത്തതുകൊണ്ട് വളരെ ബുദ്ധിമുട്ടുണ്ട്. ഇവിടെ ശുചിത്വം വളരെ മോശമാണ്. മിക്ക വീടുകളിലും പൊട്ടിയൊലിക്കുന്ന കക്കൂസുകളാണ്. ഇനിയും വൈദ്യുതി ലഭിക്കാത്ത വീടുകൾ കോളനികളിലുണ്ട്. സ്വന്തമായി സ്ഥലമുളള ദുർബല വിഭാഗങ്ങൾക്കും പഞ്ചായത്തിൽ നിന്ന് NREP, R L E G P, JRY, IAY, RMW എന്നീ വകുപ്പുകൾ മുഖേന വീടുകൾ ലഭിച്ചിട്ടുണ്ട്. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽ അല്ലാത്ത മറ്റു സമുദായത്തിലെ I R D P ലിസ്റ്റിൽ പെട്ട കുടുംബങ്ങളുടെ സ്ഥിതി വളരെ ശോചനീയമാണ്. വിവിധ വിഭാഗത്തിൽ പെട്ട ആളുകൾ ഇപ്പോഴും കുടിലുകളിൽ താമസിക്കുന്നു. ഭവന നിർമ്മാണസംഘത്തിന്റെ പ്രവർത്തനം കാര്യക്ഷമമല്ല എന്നാണ് പഞ്ചായത്തിലെ പഠനത്തിൽ നിന്ന് ലഭിച്ചിട്ടുളള അറിവ്. അതുകൊണ്ട് ഇതര വിഭാഗത്തിൽപ്പെട്ട പാവപ്പെട്ടവർക്ക് വീട് നിർമ്മിക്കുന്നതിന് ഒരു പ്രത്യേക പദ്ധതി ഉണ്ടാക്കേണ്ടത് അനിവാര്യമാണ്. അതുകൊണ്ട് ഭവന നിർമ്മാണരംഗത്ത് ഔദ്യോഗിക സംവിധാനത്തിനൊപ്പം തന്നെ ജനകീയ സംവിധാനം കൂടി രൂപപ്പെടുത്തി രണ്ടും ഒപ്പത്തിനൊപ്പം പ്രവർത്തിച്ചാൽ കൂടുതൽ ഫലപ്രദമാകും.

ദുർബല വിഭാഗക്കാർക്ക് വീട് നിർമ്മാണത്തിന് സർക്കാർ തലത്തിൽ പുനരധിവാസം ഒന്നാംഘട്ടം, രണ്ടാംഘട്ടം, കൈരളി രാജീവ് ദശലക്ഷം, മൈത്രി എന്നിങ്ങനെയുളള പദ്ധതികളുമുണ്ട്.

## പ്രശ്നങ്ങൾ

1. കെട്ടിടനിർമ്മാണത്തിന് ആവശ്യമായ സാമഗ്രികൾ ഈ പഞ്ചായത്തിൽ ലഭ്യമല്ല.
2. കെട്ടിടനിർമ്മാണ വസ്തുക്കൾക്ക് അനിയന്ത്രിതമായി വില വർദ്ധിച്ചു കൊണ്ടിരിക്കുകയാണ്.
3. നിർമ്മാണ തൊഴിലാളികളുടെ ലഭ്യത കുറവും വർദ്ധിച്ചവേതനവും ഈ രംഗത്തെ ദോഷകരമായി ബാധിക്കുന്നു.
4. കെട്ടിട നിർമ്മാണ വായ്പകൾ ലഭിക്കുന്നതിന് പല കടമ്പകളും കടക്കേണ്ടി വരുന്നു.
5. സ്ഥിരം വരുമാനമില്ലാത്തവർക്ക് ഭവന നിർമ്മാണ വായ്പകൾ ലഭിക്കുന്നില്ല. വായ്പാ ചട്ടങ്ങൾ ലഘൂകരിക്കുക.

6. ദുർബല വിഭാഗങ്ങൾക്ക് പഞ്ചായത്തിൽ വീടുകൾ പണിയുന്നതിന് മിച്ചഭൂമിയോ പുറംമ്പോക്ക് സ്ഥലമോ ലഭ്യമല്ല.

7. ലക്ഷംവീട് കോളനികളിലെ അറ്റകുറ്റപണികൾ സമയാസമയങ്ങളിൽ ചെയ്യുക.

8. സ്വന്തമായി സ്ഥലമില്ലാത്ത ദുർബ്ബല വിഭാഗക്കാർക്ക് വീട്‌വെച്ച് കൊടുക്കുന്നതിനുള്ള പരിപാടി ഉണ്ടാക്കുക

9. പഞ്ചായത്തിലെ പുറംമ്പോക്കുകൾ അളന്നു തിട്ടപ്പടുത്തിയാൽ കുറേപേർക്ക് വീടു ് െവയ്ക്കുവാൻ സ്ഥലം കിട്ടുന്നതായിരിക്കും

10. അർഹതയില്ലാത്തവരെ IRDP ലിസ്റ്റിൽനിന്ന് പുറത്താക്കുക.

11. ക്ഷേമപദ്ധതികളുടെ നടത്തിപ്പ് കാര്യക്ഷമമാക്കുക.

12. ആധുനിക രീതിയിലുള്ള കക്കൂസ് നിർമ്മിച്ച് പാവങ്ങൾക്ക് നൽകുക.

## വനിതാ ക്ഷേമം

ഇന്ത്യൻ പ്ലാനിങ്ങിന്റെയും വികസന ത്തിന്റെയും ഒരു പ്രധാന ദൗർബല്ല്യം ജനസംഖ്യ യിൽ പകുതിയിൽ ഏറെവരുന്ന സ്ത്രീകൾ അവ ഗണിക്കപ്പെടുന്നു എന്നതാണ്. ഇതുവരെയു ള്ള കേരള മോഡൽ വികസനത്തിലും ഈ പ്രവണത പ്രകടമാണ്. രാജ്യത്തെ സാമൂഹ്യ സാമ്പത്തിക സാംസ്കാരിക പുരോഗതിയിൽ സ്ത്രീകൾകൂടി അടങ്ങുന്ന മനുഷ്യവിഭവശേഷി എങ്ങനെ ഫലപ്രദമായി ഉപയോഗപ്പെടുത്താം എന്നതിനെപ്പറ്റി വ്യക്തമായ കാഴ്ചപാട് രൂപം നൽകുന്നവർക്കില്ലെന്നതാണ് സത്യം.

അന്തിക്കാട് പഞ്ചായത്തിൽ സ്ത്രീ ജന സംഖ്യ പുരുഷൻമാരുടെതിനേക്കാൾ കൂടുത ലാണ്. മൊത്തം ജനസംഖ്യയിൽ സ്ത്രീകൾ 12408ഉം പുരുഷൻമാർ 11764ഉം വരുന്നു അതാ യത് ജനസംഖ്യയിൽ 51.33% സ്ത്രീകളാണ്. വിദ്യാ ഭ്യാസ ആരോഗ്യ കാര്യങ്ങളിൽ സ്ത്രീകളും പുരു ഷൻമാരും ഏതാണ്ട് തുല്ല്യ നിലയിലാണ്. വിദ്യ ഭ്യാസമുണ്ടായിട്ടും കുട്ടികളുടെ എണ്ണം കുറഞ്ഞിട്ടും വരുമാനമുണ്ടാക്കുന്ന തൊഴിലുക ളിൽ ഏർപെടുന്ന സ്ത്രീകളുടെ എണ്ണം പുരു ഷൻമാരുടേതിനേക്കാൾ കുറവാണ്. ഭൂരിഭാഗം സ്ത്രീകൾ വീട്ടമ്മമാരായി ജീവിതം തളളിനീക്കു കയാണ്. സ്ത്രീകളുടെ തൊഴിൽ പങ്കാളിത്ത നി രക്ക് കുറയുവാനുള്ള കാരണം ഈ പ്രവണ തയാണ്. പഞ്ചായത്തിന്റെ വികസന കാര്യത്തിൽ പിന്നോക്കാവസ്ഥയിൽ ഈ പ്രവ ണത ഒരു പ്രതികൂല ഘടകമാണ്.

പുരുഷൻമാർ പ്രധാനമായും ചെത്തു്, കൃഷി, കെട്ടിട നിർമ്മാണം, കച്ചവടം എന്നി തൊഴിൽ തുറകളിൽ പ്രവർത്തിക്കുന്നു. ഇന്ത്യ യിലെ മറ്റു സംസ്ഥാനങ്ങളിലും വിദേശങ്ങ ളിലും ജോലിചെയ്യുന്നവരുണ്ട്.

അഭ്യസ്ഥവിദ്യരും അല്ലാത്തവരുമായ സ്ത്രീക ളിൽ ഗണ്യമായ വിഭാഗം ഗൃഹഭരണത്തിൽ മുഴുകിയിരിക്കുകയാണെങ്കിലും അദ്ധ്യാപകരിൽ ഭൂരിഭാഗവും സത്രീകളാണ്. സർക്കാർ ഓഫീ സുകൾ, ഹോസ്പിറ്റലുകൾ, സഹകരണ സ്ഥാപനങ്ങൾ, ചെറുകിട കച്ചവടസ്ഥാപന ങ്ങൾ എന്നിവിടങ്ങളിൽ ധാരാളം സ്ത്രീകൾ

ജോലി ചെയ്യുന്നുണ്ട്. കാർഷിക തൊഴിൽ കെട്ടിടനിർമ്മാണം, ചകിരിതൊഴിൽ [illegible] ന്നീ മേഖലകളിലും ഗണ്യമായ വിഭാഗം സ്ത്രീകളാണ്. ഗൃഹഭരണ കാര്യങ്ങളിൽ ഏർപ്പെട്ടിട്ടുള്ള സ്ത്രീകൾ ആട്, കോഴി വളർത്തൽ, പച്ചക്കറികൃഷി എന്നിവയിൽ ഏർപ്പെടുന്നുണ്ടെങ്കിലും ഈ ജോലികളിൽനിന്ന് കാര്യമായ വരുമാനം ഉണ്ടാക്കാൻ അവർക്ക് കഴിയുന്നില്ല. പഞ്ചായത്തിൽ സ്ത്രീകൾമാത്രം ജോലി ചെയ്യുന്ന ഒരു വനിതാ വ്യവസായ സഹകരണ സംഘവും കൈത്തറി നെയ്ത്തു സംഘവും പ്രവർത്തിക്കുന്നുണ്ട്. എന്നാൽ ഈ സ്ഥാപനങ്ങളിൽ തൊഴിലാളികളുടെ എണ്ണം വളരെ കുറവാണ്.

സ്ത്രീകളുടെ സാമൂഹ്യ പദവി വർദ്ധിപ്പിക്കുന്നതിനുള്ള പ്രധാനമായ രണ്ടു മാർഗ്ഗങ്ങൾ കുടുംബ വരുമാനത്തിൽ അവരുടെ പങ്ക് ഉയർത്തുകയും രാഷ്ട്രീയ സാമൂഹ്യ സാംസ്കാരിക പ്രവർത്തനങ്ങളിൽ അവരുടെ സജീവ പങ്കാളിത്തം ഉണ്ടാക്കുകയും ചെയ്യുക എന്നതാണ്. എന്നാൽ പഞ്ചായത്തിലെ സ്ത്രീകളിൽ ബഹുഭൂരിപക്ഷവും പൊതുപ്രവർത്തന രംഗത്ത് വരാൻ വിമുഖത കാണിക്കുന്നു. ഇതിനു പ്രത്യേക കാരണങ്ങളൊന്നുമില്ലെങ്കിലും, ചില മുൻ ധാരണകളും, പാരമ്പര്യ ശീലങ്ങളും, ആചാരങ്ങളും ഈ നിസ്സംഗതയുടെ പിന്നിലുണ്ട്. ഈ പ്രവണത സാമൂഹ്യ സാംസ്കാരിക പുരോഗതിക്ക് ഒരു തടസ്സമായി നിൽക്കുന്ന ഘ[illegible]കമാണ്.

സ്ത്രീധനത്തിനെതിരായ ബോധവൽക്കരണം നടക്കുന്നുണ്ടെങ്കിലും ഇതുമൂലം കാര്യമായ മാറ്റം ആ രംഗത്ത് ഉണ്ടാവുന്നില്ല. സ്ത്രീധനം വാങ്ങൽ കൊടുക്കൽ പ്രവണത മത്സരാടിസ്ഥാനത്തിൽ വർദ്ധിച്ചുകൊണ്ടിരിക്കുന്നു. ഈ പ്രശ്നം സാമൂഹ്യ സംഘടനകളും രാഷ്ട്രീയ പാർട്ടികളും ഏറ്റെടുക്കേണ്ടതാണ്. ആയിരക്കണക്കിന് രൂപ ചെലവു ചെയ്ത കല്യാണ അടിയന്തിര സദ്യ നടത്തുന്ന പ്രവണത വർദ്ധിച്ചുകൊണ്ടിരിക്കുന്നതിനാൽ ഇത്തരം ദുർചെലവുകളിൽ പഞ്ചായത്ത് പ്രത്യേക നിയന്ത്രണം ഏർപ്പെടുത്തേണ്ടതാണ്.

മദ്യനിരോധനം നടപ്പിലാക്കണമെന്ന് ചില ഗ്രാമസഭകളിൽനിന്ന് ആവശ്യങ്ങൾ ഉയർന്നുവന്നിട്ടുണ്ട്.

## പ്രശ്നങ്ങൾ

1. സ്ത്രീകളുടെ തൊഴിലില്ലായ്മ.
2. ദാരിദ്ര്യ നിർമ്മാർജന പരിപാടികളിൽ സ്ത്രീകളോടുള്ള അവഗണന.
3. തൊഴിൽ ചെയ്യാൻ തയ്യാറാവാത്ത അവസ്ഥ.
4. ബോധവൽ[illegible]
5. കാർഷി[illegible] ജോലിചെയ്യാനുള്ള വിമുഖത.

## നിർദ്ദേശങ്ങൾ.

1. വിധവാ പെൻഷൻ, വാർദ്ധക്യ കാല പെൻഷൻ, കർഷക തൊഴിലാളി പെൻഷൻ തുടങ്ങിയവ അർഹരായ എല്ലാവർക്കും ലഭ്യമാക്കുന്നതിനും, കാലതാമസം ഒഴിവാക്കുന്നതിനും ഉള്ള നടപടികൾ ഉണ്ടാവണം.
2. പഞ്ചായത്തു തലത്തിൽ വിവിധ മേഖലകളിൽ ജോലിചെയ്യാൻ കഴിവും താത്പര്യവും അർഹതയുമുള്ള സ്ത്രീകളുടെ പട്ടിക തിരിച്ചുള്ള ഒരു ലിസ്റ്റ് (Employment register) പഞ്ചായത്ത് തയ്യാറാക്കണം.
3. നെയ്ത്തിംഗ്, നെയ്ത്ത്, പരമ്പരാഗത ചെറുകിട വ്യവസായങ്ങൾ എന്നിവയിൽ

സ്ത്രീകൾക്ക് പരിശീലനം നൽകണം.

4. ആട്, കോഴി, മാട്, മുയൽ, പന്നി, താറാവ് എന്നിവ വീടുകളിൽ വളർത്തി കുടുംബ വരുമാനം വർദ്ധിപ്പിക്കുന്നതിന് സ്ത്രീകൾക്ക് പരിശീലനവും സാമ്പത്തിക സഹായവും, അവർ ഉണ്ടാക്കുന്ന സാധനങ്ങൾക്ക് പഞ്ചായത്തിലും പുറത്തും വിപണന സൗകര്യങ്ങളും ഏർപ്പെടുത്തണം.

5. വനിതാ വ്യവസായ സഹകരണ സംഘം, കൈത്തറി നെയ്ത്ത് സഹകരണ സംഘം എന്നീ സംഘങ്ങളുടെ പ്രവർത്തന മേഖല വിപുലമാക്കി സ്ത്രീകൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ ഉണ്ടാക്കുക.

6. സഹകര അടിസ്ഥാനത്തിൽ സ്ത്രീകൾ മാത്രം നടത്തുന്ന ഒരു റസ്റ്റോറണ്ടും ബേക്കറിയും നടത്തുക. ഇതിന്റെ യൂണിറ്റുകൾ വാർഡുതലത്തിലും നടത്താവുന്നതാണ്.

7. സ്ത്രീകളുടെ ചുമതലയിൽ അന്തിക്കാട് സെന്ററിൽ ഒരു കംഫർട്ട് സ്റ്റേഷൻ (കക്കൂസ്, മൂത്രപ്പുര, ക്ലോക്ക് റൂം) തുടങ്ങണം. പഞ്ചായത്ത് ഈ സ്ഥാപനം നിർമ്മിച്ച് സ്ത്രീകൾക്ക് കോൺട്രാക്റ്റ് അടിസ്ഥാനത്തിൽ നൽകണം.

8. ഓട്ടോറിക്ഷ ഓടിക്കാനും സ്ത്രീകൾക്ക് പരിശീലനം നൽകണം.

9. അന്തിക്കാട് സെന്ററിൽ ഒരു സാംസ്കാരിക കേന്ദ്രം തുടങ്ങുകയും അതിന്റെ കീഴിൽ സ്ത്രീകൾക്ക് മാത്രമായി കലാകായിക സ്പോർട്ട്സ് പരിശീലനവും കരാട്ടെ പരിശീലനവും നൽകണം. കായിക താരങ്ങളെ വളർത്തിയെടുക്കുന്നതിലും, സ്ത്രീകളിൽ ആത്മവിശ്വാസം ഉണ്ടാക്കുന്നതിനും ഇത് സഹായകരമാവും.

10. സ്ത്രീകൾ കുടുംബനാഥകളായിട്ടുള്ള വീടുകൾക്ക് പ്രത്യേക പരിഗണന നൽകണം.

11. അനാചാരങ്ങൾ, കുടിവെള്ളം ശുദ്ധീകരിക്കൽ, പരിസരശുദ്ധീകരണം, രോഗങ്ങൾ തടയാനുള്ള മാർഗ്ഗങ്ങൾ തുടങ്ങിയ കാര്യങ്ങളിൽ സ്ത്രീകൾക്ക് ബോധവൽക്കരണം നൽകണം.

12. സ്ത്രീകൾക്ക് മാത്രമുള്ള രോഗങ്ങൾ തടയുന്നതിനും പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്നതിനും മെഡിക്കൽ പരിശോധന പരിപാടികൾ പഞ്ചായത്ത് മുഖേന നടപ്പിലാക്കണം.

13. കാൻസർ, എയ്ഡ്സ് തുടങ്ങിയ മാരക രോഗങ്ങളെ തുടക്കത്തിൽത്തന്നെ കണ്ടുപിടിക്കുന്നതിനും ചികിത്സിക്കുന്നതിനും മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കണം.

14. അംഗൻവാടികളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കണം.

15. വൃദ്ധസദനം തുടങ്ങണം.

സ്ത്രീകളുടെ സാമൂഹ്യ രാഷ്ട്രീയ പദവി ഉയർത്തുന്നതിനും കുടുംബങ്ങളുടെ സാമ്പത്തിക ഭദ്രത ഉറപ്പുവരുത്തുന്നതിനും ഒമ്പതാം പദ്ധതിയിൽ മേൽപ്പറഞ്ഞ പരിപാടികൾക്ക് മുൻഗണന നൽകണം. പഞ്ചായത്ത് സംഘടിപ്പിക്കുന്ന വിവിധ സമിതികളിൽ സ്ത്രീകൾക്ക് അർഹമായ പ്രാധിനിധ്യം നൽകണം.

# സംസ്ക്കാരം

ഇന്ത്യയിൽ സ്വതന്ത്ര്യ ലബ്ധിക്കു മുമ്പ് അനേകം നാട്ടുരാജ്യങ്ങൾ ഉണ്ടായിരുന്ന ല്ലോ? അതിൽ തെക്കേയറ്റത്തെ രണ്ടു നാട്ടു രാജ്യങ്ങളായിരുന്നു. തിരുവിതാംകൂറും. കൊച്ചിയും. കൊച്ചി രാജ്യത്തിന്റെ വടക്കു പടിഞ്ഞാറുഭാഗത്ത് കാനോലി കനാലുമായി ചേർന്നു കിടക്കുന്ന മലബാറിലെ നാട്ടിക മണപ്പുറത്തിന് കിഴക്കു കിടക്കുന്ന പ്രദേശ മാണ് ഏനാമാവ്, പെരിങ്ങോട്ടുകര. ഏനാ മാവ് പെരിങ്ങോട്ടുകര യുടെ മദ്ധ്യത്തി ലാണ് അന്തിക്കാട് ഗ്രാമപഞ്ചായത്ത് .

സംസ്ക്കാരത്തെക്കുറിച്ചു പറയുമ്പോൾ പൊതുവിൽ ഭാരതീയർ, പഴയ സംസ്ഥാന തലത്തിലായാൽ തിരുകൊച്ചിക്കാർ. സംസ്ഥാനതലത്തിലായാൽ കേരളീയൻ. പ്രദേശിക തലത്തിലയാൽ ഏനാമാവ് പെരി ങ്ങോട്ടുകരക്കാർ. ഇനിയും ചുരുക്കിയാൽ അന്തിക്കാട്ടുക്കാരും, പടിയത്തുകാരും വീണ്ടും ചുരുക്കിയാൽ പുത്തൻ പീടിക, മുറ്റി ച്ചൂർ, ചൂരക്കോട്ടു, മാങ്ങാട്ടുകര ഇവ യൊക്കെ ഇവിടത്തെ പ്രാദേശിക പേരുക ളാണ്.

ഏതൊരു രാജ്യത്തിന്റെയും സംസ്ക്കാരം അവിടത്തെ ജനതയുടെ ഭാഷാ, മതം, ജാതി, ആരാധന സംമ്പ്രദായം, ജനനാന്തര ചടങ്ങുകൾ, മരണാനന്തരക്രി യകൾ, തൊഴിൽ വിവാഹം, സ്വത്തിൻമേ ലുള്ള പിന്തുടർച്ചാ അവകാശം വസ്ത്രധാ രണം, മുടിവെയ്ക്കൽ, പാട്ട്, കളി, മറ്റു വിവിധ കലകൾ തുടങ്ങിയവയോട് ബന്ധ പ്പെട്ടു നടക്കുന്നു. ഒറ്റ വാക്കിൽ പറഞ്ഞാൽ നാം എല്ലാവരും ഭാരതീയ സംസ്ക്കാരക്കാ രാണ്. ലോകത്തിൽ അറിയപ്പെടുന്ന രാഷ്ട്ര ങ്ങളിൽ പുരാതനമായതാണ് ഭാരതം. ഭാര തത്തിന്റെ തെക്കേയറ്റത്ത് കന്യകുമാരി മു തൽ വടക്ക് ഗോകർണ്ണം വരെ അറബികട ലിന്റെ തീരപ്രദേശമാണ് കൊച്ചുകേരളം. കിഴക്ക് പശ്ചിമഘട്ട മലനിരകളും അതു കൊണ്ട് മലനാട് എന്നും പേരുണ്ട്. കേരള ത്തിന്റെ മധ്യത്തിൽ കിടക്കുന്ന തെക്കൻ കാശിയെന്നു പറയുന്ന വടക്കുന്നാഥന്റെ ആസ്ഥാനമായ തൃശിവപേരൂരിന്റെ പടിഞ്ഞാ റുള്ള ഒരു സമുദ്ര തീരതല പ്രദേശമാണ് അന്തിക്കാട് ഗ്രാമപഞ്ചായത്ത്.

ജനങ്ങളിൽ കൂടുതൽ പേരും ഹിന്ദു ക്കൾ അവരിൽ കൂടുതൽ പേരും ഈഴവർ പിന്നെ, നായർ, അതിൽ അവരിൽതന്നെ മേനോൻമാർ ഉണ്ട്. നമ്പ്യാർ, വാര്യർ, മരാർ. എന്നിവരും കൂടാതെ നാലു ഇല്ലങ്ങളും മ കളും അതിലെ നമ്പൂതിരിമാരും ഉണ്ട്. പിന്നെ മറ്റു വിഭാഗക്കാർ വേട്ടുവർ, പുല യർ, നായാടികൾ കൂടാതെ പാണൻമാർ മണ്ണാൻ, കല്ലാശ്ശേരി, മരാശ്ശേരി, കരുവാൻ മൂശ്ശാരി, തട്ടാൻ, കുറുപ്പ് തുടങ്ങി തൊഴി ലിന്റെ അടിസ്ഥാനത്തിൽ അറിയപ്പെട്ടിരുന്ന വരും ഉണ്ട്.

ഇതുകൂടാതെ ക്രിസ്ത്യനികളും , മുഹ മ്മദീയരും ജനസഖ്യയിൽ നല്ലൊരു ശതമാ നവും ഉണ്ട്. ഭാഷ കേരളത്തിലെ മുഖ്യഭാ ഷയായ മലയാളം തന്നെ. മഴയാളത്തിൽ തമിഴിനും സംകൃതത്തിനും സ്വാധീനം മറ ന്നുകൂടാ. അന്യഭാഷകൾ ഈ നൂറ്റാണ്ടിന്റെ ആരംഭത്തിൽ അറിഞ്ഞിരുന്നവർ വിര ലിൻമേൽ എണ്ണാൻ മാത്രമായിരുന്നു. ആദ്യത്തെ ഇംഗ്ലിഷ് പഠിപ്പിക്കുന്ന സ്കൂൾ സ്ഥാപിതമായത് പഞ്ചായത്തിൽ 1902ൽ ആണ് അത് ലോവർ പ്രൈമറി സ്കൂൾ ആയിരുന്നു. സ്വതന്ത്രലബ്ദിക്കു മുമ്പ് ഒരു ഹൈസ്കൂൾ പോലും ഇല്ലായിരുന്നു. പഞ്ചാ യത്തിൽ ഇന്ന് ഇംഗ്ലീഷ് ഹിന്ദിയും തമിഴും മറ്റു പല ഭാഷകളും അറിയുന്നവർ ധാരാളം ഉണ്ട് പ്രധാന തൊഴിൽ തെങ്ങിൻ പറമ്പി ലും, നെൽപാടത്തും തന്നെ. കള്ളുചെ ത്തൽ, ചെത്തി ചക്കരയുണ്ടാക്കൽ, തൊണ്ടു തല്ലൽ, തൊണ്ടു മൂടൽ കയർപി

രിക്കലും മര ചക്കാട്ടൽ എന്നീ വ്യവസായ ങ്ങൾ ആയിരുന്നു. നൂറ്റാണ്ടിന്റെ ആരംഭത്തിൽ ഒറ്റ ഈഴവൻ പോലും സർക്കാർ ഉദ്യോഗത്തിൽ ഉണ്ടായിരുന്നില്ല. നായന്മാരും ക്രിസ്ത്യാനികളും ആണ്, സർക്കാർ ഉദ്യോഗത്തിൽ ആദ്യം കയറുന്ന ത്. നായൻമാർക്ക് ക്ഷേത്രത്തോട് ബന്ധ പ്പെട്ട തൊഴിലുകൾ ഉണ്ടായിരുന്നു. നായ ന്മാർക്കും, ഈഴവർക്കും നെയ്ത്തു ജോലി പതി വുണ്ടായിരുന്നു. ക്രിസ്ത്യാനികൾക്ക് കച്ച വടവും എണ്ണ ആട്ടലും മുഖ്യ തൊഴിലായി രുന്നു. മുഹമ്മദീയരും കച്ചവടത്തിൽ ഏർ പ്പെട്ടിരുന്നു. ഈഴവരും, മുഹമ്മദീയരും പണ്ട് സിലോൺ, സിങ്കപ്പൂർ, മലയ, ബർമ്മ തുട ങ്ങിയ വിദേശങ്ങളിൽ തൊഴിലെടുത്തിരു ന്നു.

താഴ്ന്ന ജാതിക്കാർക്ക് കാർഷിക പ ണിയായിരുന്നു. അതിൽ പറയൻ മുളകൊ ണ്ട് മുറം, കുട്ട, കൂട, കോമ്പറം, പനമ്പ് മുതലായ ഗൃഹോപകരണങ്ങൾ ഉണ്ടാക്കി യിരുന്നു. രണ്ടാം ലോക മഹായുദ്ധം വന്ന പ്പോൾ വളരെയധികം പേർ സർക്കാർ സർവ്വീസിൽ ചേർന്നിരുന്നു. താഴെക്കിടയി ലുള്ളവർ വളരെയധികം പേർ ആസ്സാമി ലും ബർമ്മയിലും കൂലി പണിക്കാരായി സേ വനം അനുഷ്ഠിക്കാനായി പോയിരുന്നു.

യുദ്ധാവസാനത്തോടെ അവർ മടങ്ങി യെത്തുകയും ചെയ്തു. ഈ നൂറ്റാണ്ടിനു മുൻപും ആരംഭത്തിലും വിദ്യാഭ്യാസത്തിന് സർക്കാർ സ്ഥാപനങ്ങളൊന്നും ഉണ്ടായിരു ന്നില്ല. എന്നാലും മലയാളവും സംസ്കൃത വും വേദാംഗമായ ജ്യോതിഷവും പഠിപ്പി ക്കുന്നതിന് കളരികൾ (കുടിപ്പള്ളികൂടം) ഉണ്ടായിരുന്നു. അതിൽ പ്രധാനമായത് മുറ്റിച്ചൂർ കുഞ്ഞുരാവുണ്ണിപ്പണിക്കരുടേത്.

നമ്മുടെ നാട്ടിൽ നമ്പൂതിരിമാർ വേദ ങ്ങൾ പഠിച്ചിരുന്നു. അതുപോലെ മുഹമ്മ ദീയർ ഖുറാനും. പിന്നെ ഓത്ത് പഠിപ്പിക്കുക എന്ന പേരിൽ ആണ് ഇതറിഞ്ഞിരുന്നത്. മുഹമ്മദീയർക്ക് അന്തിക്കാട് കെ. ജി. എം. എൽ. പി. എസ്സിൽ സ്കൂളിന്റെ ആരംഭം മുതൽ ഓത്തു പഠിപ്പിച്ചിരുന്നു. അത് പഠി പ്പിച്ചിരുന്നവരെ മുസ്ലിയാർ എന്നാണ് പറ ഞ്ഞിരുന്നത്. എന്നലും ഭാരതത്തിന്റെ പൈതൃകമായ വേദം വേദാംഗം ദർശനം എന്നിവയുടെ പഠനം നമ്മുടെ സ്ക്കൂൾ കരി ക്കുലത്തിൽ ഉണ്ടായാൽ മാത്രമേ പൂർണ്ണത കൈവരിക്കാൻ കഴിയുകയുള്ളൂ. ഇതിൽ എല്ലാം ഇന്ന് വിദേശികൾ കൂടുതൽ താത്പര്യം കാണിക്കുന്നുണ്ട്. യോഗാ ഭ്യാസം ആരോഗ്യത്തിനും അറിവിന്റെ വിജ്ഞാനം പ്രകാശിപ്പിക്കാനും അത്യന്താ പേക്ഷിതമാണ്. യോഗ പഠനത്തിനും സ്ക്കൂൾ കരിക്കുലത്തിൽ സ്ഥാനം വേണം.

അതുപോലെ മരണാനന്തര ക്രിയകൾ ജനനാന്തര ചടങ്ങുകൾ ഹിന്ദുക്കൾക്കും ക്രിസ്ത്യാനികൾക്കും വേറെ വേറെയാണ്. അന്നും ഇന്നും ചരടു കെട്ടൽ, കാതു കുത്ത ൽ, പൂണൂലിടൽ, എഴുത്തിനിരുത്തൽ, ഓത്ത് ഓതൽ സുന്നത്ത്, തെരണ്ടു കല്യാ ണം, പുലക്കുളി, പതിനാറടിയന്തിരം, മാമോ ദീസ മുക്കൽ ഇതെല്ലാം വ്യത്യസ്ഥ മതക്കാ രുടെ ഓരോ ചടങ്ങുകളാണ്. ആ സമ്പ്രദാ യങ്ങളെക്കുറിച്ച് വിസ്തരിക്കുന്നില്ല. സ്മരി ക്കുവാനാണ് ഇവിടെ കുറിച്ചിരിക്കുന്നത്.

ഈഴവരുടെ പല സമ്പ്രദായങ്ങളും ശ്രീനാരായണ ഗുരുദേവന്റെ ആവിർഭാവ ത്തോടുകൂടി നിർബന്ധപൂർവ്വം നിർത്തലാ ക്കി എന്നുള്ളതും സ്മരിക്കേണ്ടതുണ്ട്. സാംസ്ക്കാരിക രംഗത്തെ അത്യുജ്ജ്വല മായ ഒരു പ്രഭയായിരുന്നു ഗുരു ദേവൻ. നമ്മുടെ അയൽപ്പക്കത്തുള്ള കാരമുക്കിൽ ദീപ പ്രതിഷ്ഠ നടത്തിയതും പെരിങ്ങോട്ടു കരയിൽ സോമശേഖര ക്ഷേത്രത്തിൽ ശിവ പ്രതിഷ്ഠ നടത്തിയതും ശ്രീനാരായണ ഗുരു വായിരുന്നു. ഓരോ മതസ്ഥർക്കും അതിൽത്തന്നെ ഹിന്ദുമതത്തിലെ നാനാവി ഭാഗക്കാർക്കും (ജാതി) ആരാധനാ സമ്പ്ര

ദായവും ഉത്സവങ്ങളും പഴയകാലത്തും ഇന്നും വ്യത്യസ്ഥമാണ്. ഹിന്ദുക്കളുടെ ആരാധനാ ക്ഷേത്രങ്ങൾ ക്രിസ്ത്യാനികളുടേതും, മുസ്ലീമുകളുടേതും പള്ളികൾ അതുപോലെ ഹിന്ദുക്കളുടെ പൂരങ്ങൾ (ഉൽസവങ്ങൾ) തോറ്റങ്ങൾ, പാട്ട് തുടങ്ങയവ. ഓണം, വിഷു, ദീപാവലി, ശിവരാത്രി, നവരാത്രി ഹിന്ദുക്കളുടെ ദേശീയ ഉത്സവമാണ്.

ഈസ്റ്റർ, ക്രിസ്തുമസ്സ് കിസ്ത്യാനികളുടേയും, മുഹറം, ബലി പെരുന്നാൾ, റംസാൻ മുഹമ്മദീയരുടേയും ദേശീയ ഉത്സവങ്ങളാണ് എന്നാൽ ഇന്ന് ഈ ഉത്സവങ്ങൾ എല്ലാ ജാതി മത ഭേതമന്യേ ആചരിക്കുന്നു. പഴനിക്കും ശബരിമലക്കും നോമ്പിടലും കാവി വസ്ത്രം ധരിച്ച് പീലിക്കാവടിയും ചുമന്ന് ഊര് ചുറ്റി പാട്ടും ഊട്ടും കഴിച്ച് പഴനിയിലെ സുബ്രമണ്യക്ഷേത്രത്തിൽ ദർശനം നടത്താനും, അതുപോലെ മാലയിട്ട് മണ്ഡലം നോമ്പ് നോറ്റ് കറുത്ത വസ്ത്രം ധരിച്ച് പാട്ടും വിളക്കും കഴിച്ച് ശബരിമല അയ്യപ്പക്ഷേത്രത്തിലേക്ക് ഉള്ള പോക്കിനും ഇവിടത്തെ ജനതയുടെ പഴക്കം തന്നെയുള്ള ഒരു ആചാരമാണ് അന്നും ഇന്നും. ഇന്ന് മണ്ഡലമാസത്തിൽ പുലർച്ചക്ക് സ്വാമിയേ ശരണമയ്യപ്പ എന്ന മന്ത്ര ധ്വനി കേട്ടു കൊണ്ടാണ് പരിസരം മുഴുവനും ഉണരുന്നതുതന്നെ. അത്രയും കൂടുതൽ ആളുകൾ ഇന്ന് മലക്ക് പോകുന്നവരായിട്ടുണ്ട്. വർഷം തോറും ഇത് കൂടിക്കൊണ്ടിരിക്കുന്നു. ശിവഗിരി തീർത്ഥാടനത്തിനും അതുപോലെത്തന്നെ കൊടുങ്ങലൂർ ഭരണിക്കും പോകുന്നവരുമുണ്ട്. ക്രിസ്ത്യാനികൾ മലയാറ്റൂർക്കും, വേളാങ്കണ്ണിക്കും മുഹമ്മദീയർ ഹജ്ജിനും പോകുന്ന പതിവ് അന്നും ഇന്നും നിലനിൽക്കുന്നു. ഇതിൽ കൊടുങ്ങലൂർ ഭരണിക്കും ഒരു പ്രത്യേകത ഉണ്ട്. അടുത്ത കാലം വരെ വടിയിന്മേൽ കോഴികളേയും ഞാത്തിയിട്ട് തെറിപ്പാട്ടും പാടിയായിരുന്നു യാത്ര. കോഴികളെ അമ്പലത്തിന്റെ വടക്കേ വാതിൽക്കലുള്ള വലിക്കല്ലിൽ വെച്ച് വെട്ടി ചോര ഒഴുക്കുന്ന, .കരുതി) എന്ന ആചാരവും കാളിപ്രീതിക്കുവേണ്ടി നിലനിന്നിരുന്നു.

പഞ്ചായത്തിൽ ധാരാളം അമ്പലങ്ങളും, മുസ്ലീം പള്ളികളും, ക്രിസ്ത്യൻ പള്ളികളും ഉണ്ട്. മതസൗഹാർദ്ധത്തിന്റെ പ്രതീകമായി ഇവ നിലകൊള്ളുന്നു. 1936 ലെ ക്ഷേത്രപ്രവേശന വിളംബരത്തിനു മുമ്പ് അവർണ്ണർക്ക് സവർണ്ണരുടെ ക്ഷേത്രത്തിൽ പ്രവേശിക്കാനോ, ക്ഷേത്രപരിസരത്തുള്ള റോഡിൽ നടക്കുവാനോ ക്ഷേത്രക്കുളത്തിൽ കുളിക്കുവാനോ അന്ന് അവകാശമില്ലായിരുന്നു.

## വസ്ത്രധാരണം - വേഷം

ഇന്ന് വസ്ത്രധാരണം എല്ലാവർക്കും ഒരുപോലെയാണ്. എന്നാൽ അടുത്ത കാലം വരെ വസ്ത്രധാരണത്തിൽനിന്ന് ജാതി തിരിച്ചറിയാമായിരുന്നു. അതുമല്ല അവർണ്ണരായ ഈഴവൻ തുടങ്ങിയ താഴ്ന്ന ജാതിക്കാർക്ക് മാറ് മറക്കാൻ പോലും അവകാശം ഇല്ലായിരുന്നു. 1829 ൽ ക്രിസ്തുമതത്തിൽ മാർഗ്ഗം കൂടിയ ചാന്നാർ സ്ത്രീക്കു മാത്രമേ മേൽശീല ധരിക്കാൻ അധികാരമുണ്ടായിരുന്നത്. 1859 ൽ ഇതിനെതിരെ കലാപമുണ്ടായി. ശീലവഴക്ക് , മുലമാറാപ്പ് വഴക്ക് ചാന്നാർ ലഹള എന്നപേരിലാണ് അറിയപ്പെടുന്നത്. എന്നാൽ 1864ൽ സർക്കാർ എത്രയും മാനവിരോധം എന്ന ശീർഷത്തിലിറക്കിയ സർക്കുലറിലാണ് ഇതിനെല്ലാം വിരാമമിട്ടത്. അതിൽ പറയുന്നത് ശൂദ്ര ജാതികൾ വലിയ സ്ഥാനത്തിലുള്ള ആളുകളുടെ മുമ്പാകെയും ക്ഷേത്രം കൊട്ടാരം മുതലായ സ്ഥലങ്ങളിൽ പണിയെടുക്കുന്ന സമയവും ആചാരത്തിനായിട്ട് എന്നു വിചാരിച്ച് മേലിലെ വസ്ത്രം താഴ്ത്തുന്നത് എത്രയും മാനവിരോധമെന്ന് തീരുമനസ്സിലേക്ക് തോന്നിയിരിക്കുന്നതാകകൊണ്ട് ഈ വിരുദ്ധമായുള്ള നടപ്പിനെ മേലാൽ ആചരിക്കുന്നത് ആവിശ്യമല്ലെന്ന് മേൽ പറഞ്ഞ ആളുകളെ

തെരിയപ്പെടുത്തുന്നതുമല്ലാതെ തിരുമനസിലെ നേറ്റീവ് കുടിയാൻ മാരുമായിട്ടുള്ള എല്ലാ ആളുകളേയും മര്യാദക്ക് പൂർണ്ണാനുസരണം ആവാസ തക്ക വിധത്തിൽ വസ്ത്രം ധരിക്കേണ്ട അവിഹിതമായിട്ടുള്ളതെന്ന ആ വക ആളുകളെ തെരിയപ്പെടുത്തേണ്ടതാകുന്നു. ഇത് തിരുവിതാംകൂർ മഹാരാജാവ് പുറപ്പെടുവിച്ചതാണെങ്കിലും അതിനുശേഷമാണ് കൊച്ചിയിലും ആചാരക്കാർ ക്രമേണ മാറിയത്.

പിന്നീടും കുറേകാലം ക്രിസ്താനികൾക്ക് ചട്ടയും റൗവക്കയും ഈഴവർക്ക് മുട്ടറിങ്ങാത്ത മുണ്ടും മേൽക്കട്ടിയും മുഹമ്മദീയർക്ക് പാദം വരെയുള്ള മുണ്ടും കൈ നീണ്ട പ്രത്യേകതരത്തിലുള്ള കുപ്പായവും ആയിരുന്നു. അവർണ്ണർ തലയിൽ കുടുമ വെച്ചിരിക്കണം മീശ പാടില്ല. ക്രിസ്ത്യാനികളും മുഹമ്മദീയരും മുടിവളർത്താൻ പാടില്ല. ക്രിസ്ത്യാനി കൊന്ത കഴുത്തിലിടണം.

## പാട്ടും കലയും.

പാട്ടിലും കലകളിലും ഉണ്ടായിരുന്ന ജാതിക്കനുസരിച്ച് വ്യത്യാസം. അയ്യപ്പൻ പാട്ട്. ഉടുക്ക്കൊട്ട്പാട്ട്, നന്തുണിപാട്ട് കളമെഴുത്ത്പാട്ട്, കുറത്തിപാട്ട്, പുള്ളുവൻ കുടം പാട്ട് മാപ്പിള പാട്ട് തുടങ്ങിയ ജാതി തിരിച്ചുള്ള പാട്ടുകളാണ്. അതുപോലെതന്നെ കലകളും അയവർ നാടകം, പറയൻ കളി, പരിചമുട്ടു കളി കുറത്തി കളി ചവുട്ടു നാടകം. ധാരകനും കാളിയും, കണ്ടനും കാളിയും കൈകൊട്ട് കളിയും തിരുവാതിര കളി, തുമ്പി തുള്ളൽ കുമ്മാട്ടി കളി, പുലി കളി, വള്ളം കളി, കിളിമാസ്, തുടങ്ങിയവയും നാധസ്വര വായനയിലും തിമില കൊട്ടുന്നതിലും മദ്ദളം അടിക്കുന്നതിലും വിദഗ്ദൻമാരും പരിശീലന ക്ലാസുകൾ നടത്തിയുരുന്നതും പതിവായിരുന്നു അതു പോലെ തന്നെ ചെണ്ടയിലും

## പിൻതുടർച്ചാ അവകാശം.

മക്കത്തായമായിരുന്നു നമ്പൂതിരിമാർക്കും ക്രിസ്ത്യാനികൾക്കും മറ്റു താഴന്ന എല്ലാ ജാതിക്കാർക്കും എന്നാൽ നായൻമാർക്ക് മരുമക്കത്തായമായിരുന്നു.

## വിവാഹം

വിവാഹത്തിനും ഓരോ ജാതിക്കും പ്രത്യേകം പ്രത്യേകം ചടങ്ങുകൾ അന്നും ഇന്നും ഉണ്ട് ഹിന്ദുക്കൾക്കും മുഹമ്മദീയർക്കും മുൻകാലത്ത് അവരവരുടെ വീടുകളിൽ വെച്ചായിരുന്നു. നായന്മാരുടെ പുടവ കൊടുക്കലും. മുഹമ്മദീയരുടെ നിക്കാഹും രാത്രി കാലങ്ങളിലായിരുന്നു. നമ്പൂതിരിമാരും ബ്രാഹ്മണരും അഗ്നിയജ്ഞം ചെയ്തു കൊണ്ടായിരുന്നു. ക്രിസ്താനിക്ക് കെട്ട് പള്ളിയിലും, അന്ന് ഈഴവരുടെ കല്യാണത്തിന് പെണ്ണിനെ ഇറക്കുന്നതോടൊപ്പം ഓട്ടുപാത്രം കൊടുക്കുന്ന സമ്പ്രദായം നിലവിലുണ്ടായിരുന്നു. ഇന്നതെല്ലാം പാടെ മാറീട്ടുണ്ട്. പക്ഷേ എല്ലാവരിലും സ്ത്രീധനം കൊടുക്കൽ ഒരു പരിധിവരെ തീർന്നിട്ടുണ്ടെങ്കിലും അതിനു പൂർണ്ണമായി വിരാമം ഇട്ടിട്ടില്ല. ഇന്ന് മിക്കവരും കല്ല്യാണം നടത്തുന്നതിന് കല്ല്യാണ മണ്ഡപങ്ങളും ക്ഷേത്രങ്ങളുടേതായ ഹോളുകളും ഉപയോഗിക്കുന്നു. മുൻകാലത്തേതിൽ നിന്നും വളരെ ആർഭാടത്തോടെയാണ് ഇന്നത്തെ വിവാഹ സദ്യകൾ. ശ്രീ നാരായണ ഗുരുദേവൻ നിർദ്ദേശിച്ചിരുന്നത് കല്യാണത്തിനു വെറും എട്ടുപേരെയാണ്.

പുരാതന കാലത്ത് ശ്രുതികളും സ്മൃതികളും മാമൂലുകളുമായിട്ടാണ് അറിവനെ പിൻതലമുറകളിലേക്ക് എത്തിച്ചിരുന്നത്. അന്ന് എഴുതി വെച്ചിരുന്ന ഗ്രന്ഥങ്ങളൊന്നും ഇല്ലായിരുന്നു. പിന്നീട് എത്രയോ കാലങ്ങൾക്കു ശേഷമാണ് ഗ്രന്ഥങ്ങളെല്ലാം ഉണ്ടാകുന്നത്. അതുപോലെ തന്നെ മാസികകളും ആഴ്ച പതിപ്പുകളും കേരളത്തിലെ പ്രമുഖ പത്രങ്ങളും പ്രചാരണത്തിലുണ്ട്. ജനസംഖ്യയിൽ ഭൂരിപക്ഷവും പത്രം വായിക്കുന്നവരാണ്. സ്ത്രീകളും ഇതിൽ പിന്നിലല്ല.

ഇന്ന് റേഡിയോ ടെലിവിഷൻ തുടങ്ങിയ മാധ്യമങ്ങളിലേക്കും എത്തിയിരിക്കുന്നു. ഇതിലൊന്നും അന്തിക്കാട് പഞ്ചായത്ത് പിന്നിലല്ല. ധാരാളം ടെലിവിഷൻ സെറ്റുകർ ഇന്ന് ഇവിടെ പ്രവർത്തിക്കുന്നുണ്ട്. അതുപോലെ തന്നെ കലാ കായിക സാംസ്ക്കാരിക കേന്ദ്രങ്ങളും കുറേയേറെയുണ്ട്. വായനശാലകളുടെ പട്ടികയാണ് താഴെ കാണിച്ചിരിക്കുന്നത്.

**വായനശാലകൾ.**

1. മാങ്ങാട്ടുകര ഗ്രാമീണവായനശാല.
2. വി. ആർ. തിലകൻ മെമ്മോറിയൽ വായനശാല
3. നായരങ്ങാടി ഗ്രാമീണവായനശാല.
4. കെ. ജി. കേളൻ മെമ്മോറിയൽ വായനശാല.
5. പഞ്ചചായത്ത് വായനശാല.
6. ശ്രീകൃഷ്ണ വായനശാല

**പ്രശ്നങ്ങൾ.**

1. വായനശാലകളുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമല്ല.
2. കായിക പ്രവവർത്തനങ്ങൾക്ക് ആവിശ്യമായ കളിസ്ഥലങ്ങളില്ല.
3. വേദങ്ങളും വേദാംഗങ്ങളും. ദർശനങ്ങളും പഠിക്കുന്നടിത്ത് ഇന്ന് യാതൊരു സൗകര്യങ്ങളുമില്ല.

**നിർദ്ദേശങ്ങൾ**

1. പഞ്ചായത്ത് കേന്ദ്രീകരിച്ച് ഒരു സാംസ്ക്കാരിക കേന്ദ്രം ഉണ്ടാക്കണം.
2. വാർഡുതലത്തിൽ ഇതിന്റെ യൂണിറ്റുകൾ ഉണ്ടാക്കണം.
3. വനിതകളെ കലാകായിക സാസ്കാരിക രംഗത്തേക്ക് ഉയർത്തി കൊണ്ടുവരുന്നതിന് ബോധപൂർവമായ ശ്രമമുണ്ടാകണം.
4. പഞ്ചായത്തിലെ രണ്ടു വില്ലേജുകളിലും എല്ലാ വിധ സൗകര്യങ്ങളോടു കൂടിയ കളിസ്ഥലം ആവശ്യമാണ്.
5. പഞ്ചായത്ത് സാംസ്കാരിക കേന്ദ്രത്തിന്റെ കീഴിൽ യുവതലമുറക്ക് യഥാർത്ഥ മൂല്യബോധം നൽകുന്ന രീതിയിലുള്ള സാംസ്ക്കാരിക നയം വെച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കണം.
6. സ്ക്കൂൾ യുവജനോൽസവങ്ങളിൽ നിന്നും പ്രതിഭകളെ കണ്ടെത്തുകയും അവരെ പ്രോൽസാഹിപ്പിക്കുന്നതിനു വേണ്ടിയുള്ള നടപടികൾ ഉണ്ടാക്കണം
7. പഞ്ചായത്ത് യുവജനോൽസവങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുകയും മുഴുവൻ യുവതി യുവാക്കളുടേയും പങ്കാളിത്തവും സഹകരണവും ഉറപ്പുവരുത്തണം.
8. വളർന്നു വരുന്ന പ്രതിഭകളെ കണ്ടെത്തുന്നതിനും പ്രോൽസാഹിപ്പിക്കുന്നതിനും പഞ്ചായത്തുതലത്തിൽ സാംസ്കാരിക കേന്ദ്രത്തിന്റെ കീഴിൽ മിനി മാഗസിൻ മാസം തോറും ഇറക്കണം.
9. ഉപഭോഗ സംസ്ക്കാരത്തിന് എതിരെ ക്രിയാത്മകമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ ഉണ്ടാക്കണം.
10. യോഗശാസ്ത്രത്തിൽ പരിശീലനവും ബോധവൽക്കരണവും വേണം.
11. ഇലക്ട്രോണിക്ക് മാധ്യമങ്ങളുടെ ലാഭേഛയിൽ അധിഷ്ഠിതമായ പ്രവർത്തനങ്ങൾ മറ്റു ഭാഗ്യശക്തികളുടെ പ്രേരണ മൂലവും യുവതലമുറയിൽ വളർന്നു വരുന്ന അക്രമ സ്വഭാവവും സാംസ്ക്കാരിക അധപതനത്തിന് എതിരെ പാരമ്പര്യ കലകൾക്കും ലളിതകലകൾക്കും മുൻതൂക്കം നൽകികൊണ്ടുള്ള ബോധപൂർവ പ്രവർത്തനങ്ങൾ ഉണ്ടാകണം.
12. പരമ്പര്യകലകളെ പ്രോൽസാഹിപ്പിക്കുന്നതിനും നിലനിർത്തുന്നതിനും കൃത്യമായ പ്രവർത്തനങ്ങൾ ഉണ്ടാകണം.
13. വി. ആർ. തിലകൻ മെമ്മോറിയൽ വായനശാലയിൽ പഞ്ചായത്തിൽ നിന്നും കൊടുത്ത ടി. വി. സെറ്റ് പ്രവർത്തിക്കാതിരിക്കുന്നത് ഉടനെ പ്രവർത്തിപ്പിക്കണം.

# സഹകരണമേഖല

പഞ്ചായത്തിലെ ജനങ്ങളുടെ സാമ്പത്തിക ജീവിതത്തിൽ പ്രധാന പങ്ക് വഹിക്കുന്ന മേഖലയാണ് സഹകരണസംഘങ്ങൾ. കൃഷി, കുടിൽവ്യവസായം, വായ്പാവിതരണം. പാർപ്പിടം, പാൽ, തുടങ്ങിയ ഒട്ടേറെ മേഖലകളിൽ സഹകരണസംഘങ്ങൾ പ്രവർത്തിക്കുന്നു. പഞ്ചായത്തിൽ സഹകരണ പ്രസ്ഥാനം ആരംഭിക്കുന്നതിനു് മുന്നിൽനിന്നു പ്രവർത്തിച്ചിട്ടുള്ളവരിൽ പ്രമുഖനാണ് ശ്രീ. ടി. കെ. കുഞ്ഞയ്യപ്പൻ മാസ്റ്റർ. കാരമുക്ക് സർവ്വീസ് സഹകരണ ബാങ്ക്, അന്തിക്കാട് സർവ്വീസ് സഹകരണ സംഘം, തൃശൂർ താലൂക്ക് ചെത്തു തൊഴിലാളി സഹ ാരണ സംഘം എന്നീ സ്ഥാപനങ്ങൾ രൂപീകരിക്കുന്നതിന് മുൻനിന്ന് പ്രവർത്തിച്ച ഇദ്ദേഹം സഹകരണ സിദ്ധാന്തവും പ്രയോഗവും, സഹകരണം മറുനാട്ടിൽ എന്നീ വിഷയങ്ങളെ ആധാരമാക്കി രണ്ടു ഗ്രന്ഥങ്ങൾ എഴുതി പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഈ ഗ്രന്ഥങ്ങൾ സഹകരണ വിദ്യാഭാസത്തിനുള്ള അംഗീകൃത ഗ്രന്ഥങ്ങളാണ്. പ്രൊ. ജോസഫ് മുണ്ടശ്ശേരി എ. സി. ആർ. മേനോൻ, കരിപ്പൂര് ശങ്കരമേനോൻ, ടി. സി. ഗോപിമാസ്റ്റർ തുടങ്ങിയ പലരും അന്തിക്കാട് പഞ്ചായത്തിൽ സഹകരണ പ്രസ്ഥാനം കെട്ടിപ്പടുക്കുന്നതിൽ സജീവ പങ്കു വഹിച്ചിട്ടുള്ളവരാണ്. പഞ്ചായത്തിലെ ആദ്യത്തെ സഹകരണ സംഘം കൈത്തറി മേഖലയിലാണ് നിലവിൽ വന്നത്. മൊത്തം 8 സംഘങ്ങളാണ് നിലവിലുള്ളത്. കൂടാതെ പ്രവർത്തനമില്ലാതെ വെറും രേഖകളിൽ മാത്രമുള്ള ചില സംഘങ്ങളും ഉണ്ട്.

പ്രധാന സംഘങ്ങളെക്കുറിച്ച് താഴെ ചേർക്കുന്നു.

### 1. തൃശൂർ താലൂക്ക് ചെത്ത് തൊഴിലാളി വിവിധോദ്ദേശ സഹകരണ സംഘം. R4137

1957ൽ അന്നത്തെ ഗവൺമെന്റ് തൊഴിലാളികളുടെ ആവശ്യം പരിഗണിച്ച് ചെത്ത് വ്യവസായത്തെ മിനിമം വേജസ് ആക്ടിൽ ഉൾപെടുത്തുകയും വർക്ക്മെൻ, കോമ്പൻസേഷൻ നിയമം നടപ്പാക്കുകയും ചെയ്തു. ഇതിനെ തുടർന്ന് ഷാപ്പ് കോൺട്രാക്ടർമാർ ഷാപ്പ് ലേലം ബഹിഷ്കരിച്ചു. ഈ പ്രതിസന്ധി തരണം ചെയ്ത് തൊഴിലാളികളേയും വ്യവസായത്തേയും രക്ഷിക്കുന്നതിന് വേണ്ടിയാണ് ഈസംഘം നിലലിൽ വന്നത്. ഇപ്പോൾ 2 കോടിയിലേറേ പ്രവർത്തന മൂലധനമുള്ളതും ലാഭത്തിൽ പ്രവർത്തിക്കുന്നതുമായ വിവിധോദ്ദേശ ബാങ്കിംഗ് സ്ഥാപനമാണ് ഇത്.

പ്രവർത്തനങ്ങൾ സാധാരണവായ്പ, വസ്തുപണയവായ്പ, പണ്ടംപണയപായ്പ, മറ്റു വായ്പകൾ, കുറികൾ, ന്യായമായ പലിശനിരക്കിൽ ഡെപ്പോസിറ്റുകൾ സ്വീകരിക്കുന്നു

| സ്ഥാപിച്ച വർഷം | അംഗങ്ങളുടെ എണ്ണം | ജീവനക്കാരുടെ എണ്ണം | ക്രെഡിറ്റ്/ നോൺക്രെഡിറ്റ് | ലാഭം/നഷ്ടം | ഓഹരി/ മൂലധനം |
|---|---|---|---|---|---|
| 1957 | 4059 | 22 | ക്രെഡിറ്റ് | ലാഭം | 1050000/ |

### 2 അന്തിക്കാട് പാൽവിതരണ സഹകരണസംഘം ക്ലൗ. No.R.255

ക്ഷീരകർഷകർ ഉൽപാദിപ്പിക്കുന്ന പാലിന് ന്യായമായവില ലഭ്യമാക്കുന്നതിനായി അന്തിക്കാട് മേഖലയിലെ ചില സാമൂഹികപ്രവർത്തകരുടെ പരിശ്രമഫലമായിട്ടാണ് ഈ സംഘം നിലവിൽ വന്നത്. വളരെ ഏളിയനിലയിൽ പ്രവർത്തം ആരംഭിച്ച സംഘത്തിന് സ്വന്തമായി 41 സെൻറ് സ്ഥലവും ഷോപ്പിംഗ് കോപ്ലക്സോടുകൂടിയ വലിയ ഇരുനില കെട്ടിടവും, പാല് കേടുകൂടാതെ സൂക്ഷിക്കുന്നതിന് ആവശ്യമായ ആധുനിക സജ്ജീകരണങ്ങളുമുണ്ട്. പാൽ സംഭരണവും വിതരണവും കൂടാതെ വിവിധതരം ക്ഷീരോൽപന്നങ്ങളും നിർമ്മിച്ച് വിപണനം നടത്തുന്നു. ഇതിനുപുറമേ ആംകോസ് എന്ന പേരിൽ കാലിത്തീറ്റ നിർമ്മിച്ച് ന്യായമായവിലക്ക് കർഷകർക്ക് നൽകി വരുന്നുണ്ട്. ഇതിനായി 16സെന്റ് സ്ഥലവും ഫാക്ടറിയും സ്വ

ന്തമായി ഉണ്ട്. ദിനം പ്രതി ഏകദേശം 3 ടൺ കാലിതീറ്റ ഉൽപാദിപ്പിക്കുന്നു.

| സ്ഥാപിച്ച വർഷം | അംഗങ്ങളുടെ എണ്ണം | ജീവനക്കാരുടെ എണ്ണം | ക്രെഡിറ്റ്/ നോൺക്രെഡിറ്റ് | ലാഭം/നഷ്ടം | ഓഹരി/ മൂലധനം |
|---|---|---|---|---|---|
| 1964 | 1749 | 15 | നോൺ ക്രെഡിറ്റ് | ലാഭം | 210000/ |

## 3. 818 ാംനമ്പർ സർവീസ് സഹകരണസംഘം

അന്തിക്കാട് മേഖലയിലെ അഞ്ചു പടവുകളിലായി 1600 ൽ പരം ഏക്കർ കോൾ നിലം കേരളത്തിലെ ഒരു പ്രധാന നെൽകൃഷി പ്രദേശമാണ്. ഭൂഉടമകളിൽ നിന്നും ചെറുകിടകൃഷിക്കാർ പാട്ടത്തിനെടുത്ത് കൃഷി നടത്തിയിരുന്ന ഈ നിലങ്ങളിൽ ഭൂഉടമകളാണ് വെളളം വറ്റിച്ച് വരമ്പ് മാട്ടം നടത്തിയിരുന്നത്. ഇതിനായി സൂത്രകൂലി, മാട്ടകൂലി' എന്നി പേരുകളിൽ അക്രമ പിരിവുകൾ നടത്തിയിരുന്നു. ഭൂഉടമകളുടെ ഈ ചൂഷണത്തിൽ നിന്നും രക്ഷപ്പെടുന്നതിനുവേണ്ടിയാണ് 1950ൽ കൂട്ടുകൃഷി സ്ഥാപനമായി സംഘം ആരംഭിച്ചത് പീന്നിട് ബാങ്കിങ്ങ്. കുറി, പണ്ടം പണയം, വിവിധ ഇനം വായ്പകൾ എന്നീ ഇടപാടുകളുമായി ഈ സ്ഥാപനം സർവീസ്സഹകരണ സംഘമാക്കി മാറ്റി. വിപുലമായി വളം, കീടനാശിനി വിൽപ്പന കേന്ദ്രവും ഗോഡൗണും സംഘകത്തിന്റെ കീഴിലുണ്ട്. തൃശൂർ ജില്ലയിലെ ഏറ്റവും ഉയർന്ന സഹകരണ സ്ഥാപനങ്ങളിൽ ഒന്നായി സംഘം വളർന്നു. കേരള സർക്കാരിന്റെ നിർദ്ദേശമനുസരിച്ച് സംഘം കേരള ഭൂവികസന കോർപറേഷനിൽ നിന്നും (K.L.D.C) കോൾ മേഖലയിൽ സ്ഥിരം ബണ്ടു നിർമ്മാണത്തിന്റെ ചുമതല ഏറ്റെടുത്ത് നടത്തുകയുണ്ടായി. ബണ്ടു നിർമ്മാണം പൂർത്തിയാക്കി K.L.D.C ക്ക് ഏൽപ്പിച്ചു കൊടുക്കുകയും ചെയ്തു ഇതിന്റെ ഫലമായി കൃഷിക്കാർക്ക് ഗണ്യമായ നേട്ടം ഉണ്ടാവുകയും ചെയ്തു. എന്നാൽ ബണ്ടു നിർമ്മാണത്തിൽ സംഘത്തിന് 12 ലക്ഷം രൂപയോളം നഷ്ടം വന്നു. ഇത് മൂലം സംഘത്തിന്റെ പ്രവർത്തന മേഖലകൾ സ്തംഭനത്തിലായി. കൃഷിക്കാർക്ക് വായ്പകൾ നൽകാനോ ബാങ്കിംഗ്, കുറി, പണ്ടം പണയം തുടങ്ങിയ ഇടപാടുകൾ നടത്താനോ സംഘത്തിന് കഴിയാതായി. ഇതിന്റെ ഫലമായി ഉണ്ടായ സാമ്പത്തിക പ്രതിസന്ധിമൂലം ഇപ്പോൾ സംഘത്തിന് 40 ലക്ഷത്തിലേറെ കടബാദ്ധ്യതയുണ്ട്.

| സ്ഥാപിച്ച വർഷം | അംഗങ്ങളുടെ എണ്ണം | ജീവനക്കാരുടെ എണ്ണം | ക്രെഡിറ്റ്/ നോൺക്രെഡിറ്റ് | ലാഭം/നഷ്ടം | ഓഹരി/ മൂലധനം |
|---|---|---|---|---|---|
| 1950 | 3390 | 3 | ക്രെഡിറ്റ് | ലാഭം | 2100000/ |

## 4. അന്തിക്കാട് കൈത്തറി നെയത്ത് (ഉൽപാദക വിക്രയ) സഹകരണസംഘം ക്ലിപ്തം നമ്പ്ര് 3458

കൈത്തറി നെയ്ത്ത് പ്രോൽസാഹിപ്പിച്ച് ജോലിയില്ലാത്തവർക്ക് പ്രത്യകിച്ച് സ്ത്രീകൾക്ക് തൊഴിൽ നൽകുന്നതിന് വേണ്ടിയാണ് സാമൂഹ്യപ്രവർത്തകരായ ചിലരുടെ പരിശ്രമഫലമായി ഈ സംഘം ആരംഭിച്ചത്.

| സ്ഥാപിച്ച വർഷം | അംഗങ്ങളുടെ എണ്ണം | ജീവനക്കാരുടെ എണ്ണം | ക്രെഡിറ്റ്/ നോൺക്രെഡിറ്റ് | ലാഭം/നഷ്ടം | ഓഹരി/ മൂലധനം |
|---|---|---|---|---|---|
| 1954 | 69 | 2 | നോൺ ക്രെഡിറ്റ് | ലാഭം | 2,04939/ |

## 5.അന്തിക്കാട് ബ്ലോക്ക് ഹൗസിംഗ് സഹകരണസംഘം ക്ലിപ്തം നമ്പ്ര് R.687

അന്തിക്കാട് ചാഴൂർ, താന്ന്യം, മണലൂർ എന്നീ നാലുപഞ്ചായത്തുകളിലെ ജനങ്ങളുടെ പാർപ്പിട പ്രശ്നം പരിഹരിക്കുന്നതിനായി 1980ൽ ആണ് സംഘം രൂപീകരിച്ചത് സംഘത്തിന്റെ പ്രവർത്തനം കൂടുതൽ കേന്ദ്രീകരിച്ചിരിക്കുന്നത് അന്തിക്കാട് പഞ്ചായത്തിലാണ്. ഇതുവരെ 253 പേർക്ക് വായ്പ നൽകിയിട്ടുണ്ട്.

| സ്ഥാപിച്ച വർഷം | അംഗങ്ങളുടെ എണ്ണം | ജീവനക്കാരുടെ എണ്ണം | ക്രെഡിറ്റ്/ നോൺക്രെഡിറ്റ് | ലാഭം/നഷ്ടം | ഓഹരി/ മൂലധനം |
|---|---|---|---|---|---|
| 1980 | 871 | 2 | നോൺ ക്രെഡിറ്റ് | ലാഭം | 4100000/ |

## പ്രവർത്തനങ്ങൾ

1. പുതിയ വീടുണ്ടാക്കുന്നതിനും റിപ്പയറിംഗിനും വായ്പകൾ
2. കുട്ടിപണിയുന്നതിനും വരുമാനത്തിന്റെ അടിസ്ഥാനത്തിൽ വായ്പകൊടുക്കുന്നു.
3. സിമന്റു വ്യാപാരം

6. അന്തിക്കാട് പഞ്ചായത്ത് വനിതാ ഇൻഡസ്ട്രിയൽ കോ ഓപ്പറേറ്റീവ് സൊസൈറ്റി LTD R 231

പഞ്ചായത്തിലെ വനിതകൾക്ക് തൊഴിവലസരങ്ങൾ നൽകുന്നതിനുവേണ്ടി. 1976ലാണ് സംഘം രൂപീകരിച്ചത്. സംഘത്തിന്റെ പ്രധാന പ്രവർത്തനങ്ങൾ മെഴുകുതിരി, സോപ്പ്, ചന്ദനത്തിരി, എന്നിവയുടെ നിർമ്മാണം പലവ്യഞ്ജന പൊടികൾ ഉണ്ടാക്കി വിൽപന, പ്ലാസ്റ്റിക്ക് കൊട്ടനെയ്ത്ത്, ഗാർമെന്റ്സ് നിർമ്മാണം, വിവിധതരം പലഹാരങ്ങൾ ഓർഡർ അനുസരിച്ച് ഉണ്ടാക്കികൊടുക്കൽ. മൊത്തം 25 വനിതകൾ ജോലി ചെയ്യുന്നുണ്ട്

| സ്ഥാപിച്ച വർഷം | അംഗങ്ങളുടെ എണ്ണം | ജീവനക്കാരുടെ എണ്ണം | ക്രെഡിറ്റ്/ നോൺക്രെഡിറ്റ് | ലാഭം/നഷ്ടം | ഓഹരി/ മൂലധനം |
|---|---|---|---|---|---|
| 1976 | 85 | 25 | നോൺ ക്രെഡിറ്റ് | ലാഭം | 41300/ |

## 7. കരിക്കൊടി കയർ വ്യവസായ സഹകരണസംഘം നമ്പർ 485

അന്തിക്കാട് മണലൂർ പഞ്ചായത്തുകളിലെ പുഴയോര പ്രദേശങ്ങളിൽ തൊണ്ടു വ്യവസായം ഏതാനും മുതലാളിമാരുടെ കുത്തകയായിട്ടാണു നടന്നു വന്നിരുന്നത്. ജോലിസ്ഥിരത കൂലി എന്നിവ പരിപൂർണ്ണമായും മുതലാളിമാരുടെ താൽപര്യമനുസരിച്ചാണ് നിലനിന്നിരുന്നത് ഈ ചൂഷണങ്ങൾക്കെതിരേ ശക്തിയായ സമരങ്ങൾ നടന്നിട്ടുണ്ട്. തൊഴിലാളികളെ ചൂഷണത്തിൽ നിന്നും രക്ഷിക്കുന്നതിനും ജോലിയും കൂലിയും സംരക്ഷിക്കുന്നതിനുവേണ്ടി ട്രെയ്ഡ് യൂണിയൻ നേതാക്കൾ തന്നെ മുൻകൈ എടുത്തുകൊണ്ടാണ് ഈ സംഘം രൂപീകരിച്ചത്.

| സ്ഥാപിച്ച വർഷം | അംഗങ്ങളുടെ എണ്ണം | ജീവനക്കാരുടെ എണ്ണം | ക്രെഡിറ്റ്/ നോൺക്രെഡിറ്റ് | ലാഭം/നഷ്ടം | ഓഹരി/ മൂലധനം |
|---|---|---|---|---|---|
| 1965 | 305 | 1 | നോൺ ക്രെഡിറ്റ് | ലാഭം | 500,000/ |

## 8. കാരമുക്ക് സർവീസ് സഹകരണബാങ്ക് നമ്പർ 16

മണലൂർ പഞ്ചായത്തും അന്തിക്കാട് പഞ്ചായത്തിലെ ഒന്നാം വാർഡിലെ ഭൂരിഭാഗം പ്രദേശവും 9,10 എന്നീ വാർഡുകളുടെ ചില ഭാഗവും ഉൾപ്പെട്ടതാണ് പ്രവർത്തന പരിധി. ആകെ മെമ്പർമാരുടെ 5ൽ ഒരു ഭാഗം മാത്രമാണ് അന്തിക്കാട് പഞ്ചായത്തിൽ ഉള്ളത്. കൊച്ചി രാജ്യത്ത് സഹകരണ വകുപ്പിന് നിയമനിർമ്മാണം ഉണ്ടായ കാലത്ത് 1091 തുലാം 15 ന് (1916) സാമൂഹ്യ പ്രവർത്തകരായിരുന്ന ശ്രീ സി. വി. കുഞ്ഞയ്യപ്പൻ മുതൽ 10 പേരുടെ അപേക്ഷ അനുസരിച്ച് കാരമുക്ക് ഈഴവ പരസ്പര സംഘമെന്ന പേരിൽ രജിസ്റ്റർ ചെയ്തു. 1950ൽ ജാതി സംഘങ്ങൾക്ക് വിലക്ക് കൽപ്പിക്കുന്ന ഗവൺമെന്റ് നയം നടപ്പിലായപ്പോൾ ഈഴവ വിശേഷണം എടുത്തുമാറ്റി 29.4.1961 ൽ 16ാം നമ്പർ കാരമുക്ക് പരസ്പര സഹായ സംഘമായി പ്രവർത്തിക്കുകയും ചെയ്തു. 1976ൽ സംഘം സഹകരണ ബാങ്കായി ഉയർന്നു. 39415605 പ്രവർത്തന മൂലധനവും ലാഭത്തിൽ പ്രവർത്തിക്കുന്നതുമായ സഹകരണസ്ഥാപനമാണിത്.

| സ്ഥാപിച്ച വർഷം | അംഗങ്ങളുടെ എണ്ണം | ജീവനക്കാരുടെ എണ്ണം | ക്രെഡിറ്റ്/ നോൺക്രെഡിറ്റ് | ലാഭം/നഷ്ടം | ഓഹരി/ മൂലധനം |
|---|---|---|---|---|---|
| 1916 | 9260 | 15 | ക്രെഡിറ്റ് | ലാഭം | 2100000/ |

## പ്രശ്നങ്ങളും സാദ്ധ്യതകളും

1. അന്തിക്കാട് പഞ്ചായത്തിലെ സാധാരണക്കാർക്കും കൃഷിക്കാർക്കും വായ്പാസൗകര്യങ്ങൾ ലഭിക്കുന്നതിന് അനുയോജ്യമായ വിധത്തിൽ പൊതുവായ സേവന അഭാവമുണ്ട്. 818 ാം നമ്പർ അന്തികാട് സർവ്വീസ് സഹകരണ സംഘത്തിന്റെ സാമ്പത്തിക പ്രതിസന്ധിയാണ് പ്രധാന കാരണം.

2. പഞ്ചായത്തിലുൾപ്പെട്ട 1,2,9,10 എന്നി വാർഡുകൾ പൂർണ്ണമായും പതിനാറാം നമ്പർ കാരമുക്ക് സർവ്വീസ് സഹകരണ ബാങ്കിന്റെ പ്രവർത്തന പരിധിയിൽ ഉൾപ്പെടുത്തുകയും ബാങ്കിന്റെ ഒരു ബ്രാഞ്ച് പടിയം മേഖലയിൽ ആരംഭിക്കുകയും ചെയ്യണം.

3. അന്തിക്കാട് സർവ്വീസ് സഹകരണ സംഘത്തിന്റെ പ്രവർത്തനങ്ങൾ (818) പുനർജ്ജീവിപ്പിക്കുന്നതിനായിട്ടുള്ള നിർദ്ദേശങ്ങൾ.

   a. ജില്ലാ ബാങ്കിന് സംഘം നൽകാനുള്ള കട ബാദ്ധ്യതകൾക്ക് മൊറട്ടോറിയം പ്രഖ്യാപിക്കണം.

   b. സംഘത്തിന് ജില്ലാ ബാങ്ക് നൽകിയിരുന്ന വളം കീടനാശിനി ബിസിനസ്സ്, പണ്ടം പണയം, കൃഷിക്കാർക്കും മറ്റു വിഭാഗങ്ങൾക്കുമുള്ള വായ്പകളെന്നിവയ്ക്കുള്ള ഓവർ ഡ്രാഫ്റ്റ് സൗകര്യങ്ങൾ പുനസ്ഥാപിക്കണം.

   c. സംഘത്തിന് പഴയ മാട്ട വരമ്പിന്റെ വിലയായി ഗവർമെന്റിൽനിന്നും ലഭിക്കാനുള്ള 9 ലക്ഷത്തോളം രൂപ കിട്ടാനാവശ്യമായ നടപടികൾ ഉണ്ടാകണം.

   d. കൊപ്ര, നെല്ല് എന്നിവ സംഭരിച്ച് സംസ്ക്കരിക്കാനും വിപണനം ചെയ്യാനുമുള്ള സൗകര്യം സഹകരണ സംഘം വഴി ഉണ്ടാകണം.

4. അന്തിക്കാട് കൈത്തറി സംഘത്തിന്റെ കീഴിൽ തുണിയുൽപ്പാദനം വർദ്ധിപ്പിക്കാൻ സ്ത്രീകൾക്ക് പരിശീലനം നൽകാൻ പഞ്ചായത്ത് തലത്തിൽ സംവിധാനം ഉണ്ടാക്കണം.

5. ഹൗസിംഗ് സഹകരണ സംഘത്തിൽ നിന്നും വായ്പ ലഭിക്കാനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുകയും കാല താമസം ഒഴിവാക്കാനുള്ള നടപടികൾ ഉണ്ടാകണം.

6. കേരോൽപ്പന്നങ്ങൾ സംഭരിക്കുന്നതിനും, സംസ്ക്കരിക്കുന്നതിനും, വിപണനം ചെയ്യുന്നതിനും വേണ്ടി പഞ്ചായത്തടിസ്ഥാനത്തിൽ സംഘം രൂപീകരിക്കണം.

7. വനിതാസഹകരണസംഘത്തിന്റെ പ്രവർത്തനങ്ങൾ കൂടുതൽ മേഖലകളിലേക്ക് വ്യാപിപ്പിക്കുകയും വിപുലപ്പെടുത്തുകയും ചെയ്യണം.

8. കൺസ്യൂമർ സഹകരണ സംഘത്തിന്റെ പ്രവർത്തനം പുനരുജ്ജീവിപ്പിക്കുകയും വിപുലപ്പെടുത്തുകയും ചെയ്യണം.

9. അന്തിക്കാട് പാൽ വിതരണ സഹകരണ സംഘത്തിൽ മിച്ചം വരുന്ന പാൽ പാൽപൊടിയാക്കി വിതരണം ചെയ്യാനുള്ള ഏർപ്പാടുണ്ടാക്കണം.

10. പഞ്ചായത്തടിസ്ഥാനത്തിൽ കോഴിവളർത്തലിനുള്ള സഹകരണ സംഘം രൂപീകരിക്കണം.

11. നിർജ്ജീവമായി കിടക്കുന്ന എല്ലാ സഹ

കരണ സംഘങ്ങളും പുനരുജ്ജീവിപ്പിക്ക ണം.

12. സഹകരണ ബോധവും വിജ്ഞാനവും ലഭ്യ മാക്കുന്നതിനുവേണ്ടി സഹകരണ വിദ്യ ഭ്യാസ ക്ലാസുകൾ, ജില്ലാ സർക്കിൾ സഹ കരണ യൂണിയൻ വഴി നടപ്പാക്കാനുളള നടപടിയുണ്ടാകണം.

13. ചെത്തു തൊഴിലാളി സഹകരണ സംഘ ത്തിൽനിന്നും ന്യായമായ പലിശക്ക് വായ്പ ലഭിക്കാനുളള സൗകര്യങ്ങൾ വിപുലപ്പെടു ത്തണം.

14. വേനൽക്കാലത്തും വർഷക്കാലത്തും ഉണ്ടാ കുന്ന മുഴുവൻ പാലും സഹകരണ സംഘം സംഭരിക്കാനും പാലുൽപാദകർക്ക് ന്യായ മായ വില കിട്ടാനും ശ്രമിക്കണം.

15. 8180ാം നമ്പർ സഹകരണ സംഘം പുനരു ജ്ജീവിപ്പിക്കാൻ കഴിയാത്ത പക്ഷം ഒരു പുതിയ കർഷക ബാങ്ക് ഉണ്ടാക്കാൻ ശ്രമി ക്കണം.

## പട്ടികജാതി പട്ടികവർഗ്ഗം

നൂറ്റാണ്ടുകളായി അടിമത്വത്തിൽ കിടന്നിരുന്ന അവർണ്ണരിൽ ഏറ്റവും താഴെ പടിയിൽ പെട്ടവരാണ് ഇവിടത്തെ പട്ടികജാതിക്കാർ. ഇവരിൽ പ്രധാനമായും പഞ്ചായത്തിൽ ഉണ്ടായിരുന്നവർ താഴെപറയുന്നവരാണ് വേട്ടുവർ, പുലയർ, പറയർ, കണക്കർ, കാക്കാലൻ, നായാടി, പാണൻ, മണ്ണാൻ 1991ലെ സെൻസസ്സ് പ്രകാരം പഞ്ചായത്തിൽ ഉള്ളവരുടെ എണ്ണം 2337 ആണുള്ള ഇത് ഇവിടുത്തെ ജനസംഖ്യയുടെ 8%ത്തോളം വരുന്നു.

ഇവർക്ക് ആദ്യകാലം മുതൽ സ്വന്തമായി ഭൂമിയോ, പുരയോ അടുത്തകാലം വരെ ഉണ്ടായിരുന്നില്ല. എല്ലാവരും മറ്റു സമുദായക്കാരുടെ പറമ്പിൽ കുടികിടപ്പുകാരായിരുന്നു. ഇവർ ഓരോ വിഭാഗക്കാരും പ്രത്യേകം പ്രത്യേകം തൊഴിലിൽ ഏർപ്പെട്ടാണ് ഉപജീവനം നടത്തിയിരുന്നത്. ഇവരിൽ വേട്ടുവരും പുലയരും പറമ്പിലേയും നെൽപാടത്തേയും കാർഷിക വൃത്തികളിൽ ഏർപ്പെട്ടിരുന്നു. കൂടാതെ പല വീടുകളിലും വീട്ടുപണിക്കും കന്നുകാലി മേയ്ക്കുന്നതിനും മറ്റു മാസ ശമ്പളക്കാരായും ഇവർ ജോലി ചെയ്തിരുന്നു. കാർഷിക പണികൾ ഇല്ലാത്തത് പ്രത്യേകിച്ചും പഞ്ഞ മാസങ്ങളായ മിഥുനം കർക്കിടകത്തിൽ, പായ, വട്ടി എന്നിവ നെയ്താണ് ഉപജീവനം കഴിച്ചിരുന്നത്. ഇതിൽനിന്നെല്ലാം കിട്ടുന്ന വരുമാനം വളരെ തുച്ഛമായിരുന്നു. അതുകൊണ്ട് ദിവസത്തിൽ ഒരിക്കൽ തന്നെ അടുപ്പിൽ പുക കാണുന്നത് വളരെ വിരളമായിരുന്നു. പറയ സമുദായത്തിൽ പെട്ടവരുടെ മുഖ്യ തൊഴിൽ മുളകൊണ്ട് മുറം, കുട്ട, തൊട്ടി, കൊമ്പോറം, കയിൽകൊട്ട എന്നിവ ഉണ്ടാക്കി വീടുകളിൽ കൊണ്ടുപോയി വിൽക്കലായിരുന്നു തൊഴിൽ. അന്ന് ഈ പ്രദേശങ്ങളിലെ എല്ലാ വീടുകളിലും ഈ ഗൃഹോപകരണങ്ങൾ ഉപയോഗിച്ചിരുന്നു. ഇന്ന് ഇതിന്റെ ഉപയോഗം വളരെ കുറഞ്ഞിട്ടുണ്ട്. അന്ന് ഇവർക്ക് സ്വന്തമായി വസ്ത്രം വാങ്ങാൻപോലും കഴിവില്ലായിരുന്നു. ഓരോ വീട്ടിൽ നിന്നും കിട്ടുന്ന പഴയ വസ്ത്രങ്ങളാണ് മിക്കവരും ധരിച്ചിരുന്നത്. പറയർ ഉത്സവങ്ങളോടനുബന്ധിച്ച് കളികളായ കണ്ടനും കാളിയും മൂക്കൻചാത്തൻ തുടങ്ങിയ നാടൻ കലാപരിപാടികൾ അവരുടെ ആവശ്യമായിരുന്നു.

പഞ്ചായത്തിന്റെ പടിഞ്ഞാറെ അറ്റത്തുള്ള കനോലികനാൽ തീരത്താണ് ഇവർ താമസിച്ചിരുന്നത്. ഇവരുടെ പ്രധാന തൊഴിൽ വഞ്ചി കുത്തലായിരുന്നു. അന്ന് ജലഗതാഗതം വളരെ കൂടുതലായിരുന്നത് കൊണ്ട് ഇവർക്ക് സാമാന്യം ഭേദപ്പെട്ട വരുമാനം ഉണ്ടായിരുന്നു.

കാക്കാലന്മാരുടെ തൊഴിൽ റെഡിമെയ്ഡ് വസ്ത്രങ്ങൾ ഉണ്ടാക്കി വീടുകൾ തോറും നടന്ന് വില്പന നടത്തലായിരുന്നു. ഇവരുടെ സ്ത്രീകൾ കൈനോക്കി ഫലം പറയലും, തത്തകളെകൊണ്ട് ശീട്ട് എടുപ്പിച്ച് ഫലം പറച്ചിലും നടത്തി ജീവിച്ചിരുന്നു.

നായാടി വിഭാഗമാണ് ചകിരി ഞാരു കൊണ്ട് മാടുകൾക്കുള്ള കയർ, വട്ടകയർ, വീടുകളിൽ ഉപയോഗിച്ചിരുന്ന ഉറി മുതലായവ ഉണ്ടാക്കി ഉപജീവനം നടത്തിയിരുന്നത്.

ഒരോ ദേശത്തിനും പ്രത്യേകം പ്രത്യേകം പാണകുടുംബങ്ങൾ ഉണ്ടായിരുന്നു. അവരുടെ പ്രത്യേകതൊഴിൽ പൂരങ്ങൾക്കും കല്ല്യാണങ്ങൾക്കുമുള്ള ചെണ്ടകൊട്ട്, തകിലകൊട്ട്, നാദസ്വര വായന എന്നിവയായിരുന്നു. കൂടാതെ പഞ്ഞമാസങ്ങളിൽ കുറത്തികളി, മയുംപാട്ട് തുടങ്ങിയവ എല്ലാ വീടുകളിലും നടത്തിവന്നത് അവരുടെ അവകാശവും അവരുടെ വരുമാന മാർഗ്ഗവുമായിരുന്നു.

മണ്ണാൻമാരുടെ പ്രധാന തൊഴിൽ തുണിയലക്കായിരുന്നു. കൂടാതെ ഉത്സവങ്ങൾക്കുള്ള ചെണ്ടകൊട്ടലിലും ഇവർ ഏർപെട്ടിരുന്നു. പല വീടുകളിലെ അമ്പലങ്ങളിൽ കളമെഴുത്തുപാട്ടും, തിറ ഉത്സവങ്ങളും നടത്തുന്നത് ഇവരുടെ നേതൃത്വത്തിലാണ്. പഞ്ഞമാസങ്ങളിൽ വീടുവീടാന്തരം നടന്ന്

നന്തുണിയും ഉടുക്കും കൊട്ടിപാടി ജീവസന്ത രണം നടത്തിയുരുന്നു. ഇവരിൽ നല്ല നാട്ടുവൈദ്യൻമാരുണ്ടായിരുന്നു.

ഇവർ പൊതുവേ വിദ്യാഭ്യാസപരമായും സാമൂഹ്യപരമായും സാമ്പത്തികമായും ഏറ്റവും പിന്നിലായിരുന്നു. ഇവരെല്ലാവരും തന്നെ തൊട്ടുകൂടാത്തവരും തീണ്ടികൂടാത്തവരുമായ അയിത്ത ജാതിയിൽ പെട്ടവരായിരുന്നു. അടുത്തകാലത്ത് സർക്കാർതന്നെ വിദ്യാഭ്യാസത്തിനുള്ള പല ആനുകൂല്യങ്ങളും കൊടുത്തിരുന്നു എങ്കിലും അത് ഫലവത്തായി ഉപയോഗപ്പെടുത്തിയിരുന്നില്ല. പഞ്ചായത്തു തലത്തിൽ നോക്കിയാൽ ഇവർ വളരെ പിന്നിലാണ്. ഉന്നത വിദ്യാഭ്യാസം നേടിയവർ ഇന്നും വിരളമാണ്. ഇവരിൽ മുതിർന്നവർ കൂലിപണിക്കുപോകുന്നത് കൊണ്ട് കുട്ടികളുടെ വിദ്യാഭ്യാസകാര്യത്തിലും മറ്റും ശ്രദ്ധിക്കുവാൻ അവർക്ക് കഴിഞ്ഞിരുന്നില്ല. ഈ കുടുംബ സമ്പ്രദായം പൊതുവേ ഇവരുടെയിടയിൽ നിലനിന്നിരുന്നില്ല. അതുകൊണ്ട് മാതാപിതാക്കൾ ജോലിക്ക് പോയാൽ ഇളയകുട്ടികളെ നോക്കേണ്ട ചുമതല മൂത്തവർക്കായിരുന്നു. ഇവർക്ക് പൊതുകിണറുകളിൽ നിന്നോ സ്വകാര്യ വ്യക്തികളുടെ കിണറുകളിൽ നിന്നോ വെള്ളം കോരിയടുക്കുന്നതിന് അനുവാദമില്ലായിരുന്നു. സന്ധ്യയോടുകൂടി മാതാപിതാക്കൾ മടങ്ങിവരുന്നതിന് മുമ്പ് വെള്ളം കൊണ്ടുവന്ന് ഭക്ഷണം പാകം ചെയ്യേണ്ട ചുമതല മുതിർന്ന കുട്ടികൾക്കായിരുന്നു. ഈ വക കാര്യങ്ങളാണ് ഇവരുടെ വിദ്യാഭ്യാസത്തിന് തടസ്സം നിന്നിരുന്നത്. പഞ്ചായത്തിൽ വന്നിട്ടുള്ള സാമൂഹ്യപരിഷ്കരണ പ്രസ്ഥാനങ്ങളുടെയും, രാഷ്ട്രീയസംഘടനകളുടേയും പ്രർത്തനഫലമായും ഭൂപരിഷ്കരണം നടപടികൾ നടപ്പിലാക്കിയതിനാലും സംസ്ഥാനത്ത് മൊത്തത്തിലും അന്തിക്കാട് പഞ്ചായത്തിൽ പ്രത്യേകിച്ചും ഉണ്ടായിട്ടുള്ള രാഷ്ട്രീയ സാമൂഹിക സാംസ്കാരിക പ്രബുദ്ധതയുടേയും സാമ്പത്തിക മാറ്റങ്ങളുടേയും ഫലമായി പട്ടികജാതി ജനവിഭാഗങ്ങളുടെ ജീവിതത്തിൽ ഗണ്യമായ പുരോഗതി ഉണ്ടായിട്ടുണ്ട്. എങ്കിലും സമൂഹത്തിലെ മറ്റു വിഭാഗങ്ങളെ അപേക്ഷിച്ച് ഈ വിഭാഗം ഇപ്പോഴും താരതമ്യേന പിന്നോക്കാവസ്ഥയിൽ തന്നെയാണ്.

കേന്ദ്ര കേരള സർക്കാരുടെയും പട്ടികജാതിക്കാരുടെയും ഉന്നമനത്തിനായി പല പദ്ധതികളും നടപ്പിലാക്കുന്നുണ്ട്. ഉദാഹരണമായി ജെ. ആർ. വൈ. പദ്ധതിയിൽ ചില വാക്കുന്ന മൊത്തം തുകയുടെ 15% പട്ടിക ജാതി ക്ഷേമത്തിനായി നീക്കിവെക്കണമെന്നാണ് വ്യവസ്ഥ. കൂടാതെ പട്ടികജാതിക്കാർക്ക് മാത്രമായി പ്രത്യേക പറയത്തക്ക ഘടക പദ്ധതികളുമുണ്ട്. പട്ടികജാതിക്കാരുടെ സർവ്വതോന്മുഖ ഉന്നമനത്തിന് വേണ്ടി പട്ടിക ജാതി വികസന കോർപ്പറേഷനും രൂപീകരിച്ചിട്ടുണ്ട്. കൂടാതെ ബ്ലോക്കു തലത്തിൽ ഇവരുടെ പാർപ്പിട പ്രശ്നം പരിഹരിക്കുന്നതിനായി ഇന്ദിരാ ആവാസ് യോജന പദ്ധതിയും നിലവിലുണ്ട്. സ്വന്തമായി 2 സെന്റ് ഭൂമിയുള്ള എല്ലാ കുടുംബങ്ങൾക്കും വീട് പണിയുവാൻ ധനസഹായം ലഭിക്കുന്നുണ്ട്.

അന്തിക്കാട് പഞ്ചായത്തിൽ ഒരു ഹരിജൻ കോളനി മാത്രമാണുള്ളത്. അവിടെ മണ്ണു സംരക്ഷണത്തിന് നടപ്പിലാക്കിയ പദ്ധതിയുടെ വിവരം കാണിക്കുന്ന പട്ടിക താഴെ കൊടുത്തിരിക്കുന്നത്.

പദ്ധതിയുടെ പേര് പദ്ധതി പ്രദേശ വിസ്ത്തീർണ്ണം, പദ്ധതി പ്രദേശത്തെ നീർചാലുകളുടെ നീളം, അടങ്കൽ തുക, മൊത്തം ഗുണഭോക്താക്കൾ ആരംഭിച്ച വർഷം, പൂർത്തിയാക്കിയ വർഷം, സംരക്ഷിക്കപ്പെട്ട ഭൂമിയുടെ വിസ്ത്തീർണ്ണം, പ്രയോജനം ലഭിച്ച ഗുണഭോക്ക്താക്കൾ, ചിലവായ തുക

1 എച്ച്. ഡി. പി. കല്ലിട്ട വഴി ഹരിജൻ കോളനി 2.5257 ഹെക്ടർ
398000രൂപ 45 6.1.93 26.3.93 2 . 2 2
ഹെക്ടർ 43 348477രൂപ

ഇതു കൂടാതെ കൃഷിഭവൻ മുഖാന്തിരം ഇവർക്ക് ധാന്യ സംഭരണി, സ്പ്രേയർ, കാർഷികോപകരണങ്ങൾ, നടീൽ വസ്തുക്കൾ, തെങ്ങിൻ തൈകൾ എന്നിവ സൗജ

ന്യമായി നൽകിയിരുന്നു. കിണർ കുഴിക്കുന്നതിനും പമ്പുസെറ്റുകൾ സ്ഥാപിക്കുന്നതിനും സാമ്പത്തിക സഹായം നൽകി വരുന്നുണ്ട്.

**പ്രശ്നങ്ങൾ**

1. എല്ലാവർക്കും വീടില്ല.
2. എല്ലായിടത്തും കുടിവെള്ളമില്ല.
3. എല്ലാവർക്കും കക്കൂസ് ഇല്ല.
4. വയറിംഗ് കഴിച്ച വീടുകൾക്ക് ഇനിയും വൈദ്യുതി ലഭിച്ചിട്ടില്ല.
5. കോളനികളിലേക്ക് റോഡില്ല.
6. കാലാകാലങ്ങളിൽ പുര അറ്റകുറ്റ പണികൾ നടത്താൻ സാമ്പത്തിക ശേഷിയില്ല.
7. വിദ്യാഭ്യാസം കുറവാണ്.
8. സ്ഥിരമായ തൊഴിലോ വരുമാനമോ ഇല്ല.

**നിർദ്ദേശങ്ങൾ**

1. വീടില്ലാത്ത എല്ലാ പട്ടികജാതിക്കാർക്കും വീടുണ്ടാക്കി കൊടുക്കുക. കക്കൂസ്, കുടിവെള്ളം, വൈദ്യുതി എന്നിവയ്ക്ക് മുൻഗണന നൽകുക.
2. പട്ടികജാതിക്കാർക്ക് ഒരു സഹകരണ സംഘം ബ്ലോക്കുതലത്തിൽ രൂപീകരിച്ച് തൊഴിൽ ഇല്ലാത്തവർക്ക് തൊഴിൽ നൽകുക.
3. പട്ടകജാതിക്കാർ താമസിക്കുന്ന കോളനികളിൽ ടി. വി. സെറ്റ് സ്ഥാപിക്കുക.
4. ജലധാരാ പദ്ധതിപ്രകാരം എല്ലാ കോളനികളിലും കുടി വെള്ളത്തിന്റെ പൈപ്പ് ലൈൻ സ്ഥാപിക്കുക.
5. റോഡില്ലാത്ത കോളനികളിലേക്ക് റോഡ് എത്തിക്കുക.
6. പട്ടയം ലഭിക്കാത്ത കോളനി നിവാസികൾക്ക് പട്ടയം നൽകുക.
7. അവശ വിഭാഗത്തിൽ പെടുന്നവരുടെ പെൻഷൻ കിട്ടാനുള്ള നടപടി സ്വീകരിക്കുക.
8. ഓടില്ലാത്ത വീടുകൾക്ക് ഓടിടുവാൻ സാമ്പത്തിക സഹായം നൽകുക.
9. പട്ടികജാതി കുട്ടികൾക്ക് പഠനോപകരണങ്ങൾ സ്ക്കൂൾ തലത്തിൽ നൽകുക.
10. പട്ടികജാതി സ്ത്രീകൾക്ക് മുളകൊണ്ടും ഈറ്റകൊണ്ടും ഉള്ള നെയ്ത്തു പണി, തയ്യൽ പണി, വീടു നിർമ്മാണത്തിനാവശ്യമുള്ള കട്ടിള ജനൽ മറ്റലങ്കാര വസ്തുക്കൾ വാർക്കുന്നതിന് ലോൺ അനുവദിക്കുക.
11. പന്തൽ പണി, കിണർ പണി, കൊപ്ര വെട്ട്, വാർക്കസെറ്റ് എന്നീ പണികൾക്കാവശ്യമുള്ള തൊഴിൽ ഉപകരണങ്ങൾ വാങ്ങുന്നതിന് സഹായം നൽകുക.
12. പട്ടികജാതി കോളനികളിൽ ഒരു ലൈബ്രറി ഉണ്ടാക്കുക.
13. ആരോഗ്യ പരിപാലനത്തിന് കോളനികളിൽ ഒരു ഡോക്ടറുടെ സേവനം ഇടയ്ക്കിടയ്ക്ക് ലഭ്യമാക്കുക.
14. അകായ് കോളനിയിൽ അർഹതയില്ലാത്തവർക്ക് നൽകിയ മിച്ചഭൂമി വീണ്ടെടുത്ത് അർഹതയുള്ളവർക്ക് കൊടുക്കുക.
15. ഗൾഫ് രാജ്യങ്ങളിൽ പോകുന്നതിന് സാമ്പത്തിക സഹായം നൽകുക.
16. എല്ലാ വർഷവും ഓരോ വാർഡിൽ നിന്ന് 5 പേരെ വീതം എടുത്ത് സാങ്കേതിക പരിശീലനം നൽകുക.
17. പഞ്ചായത്തിൽ 10 സെന്റ് ഭൂമിയുള്ള പട്ടികജാതിക്കാർക്ക് കിണർ കുഴിക്കാൻ സഹായം നൽകുക.
18. പഞ്ചായത്തിലെ എല്ലാ പട്ടിക ജാതി കുടുംബങ്ങളേയും സാമൂഹ്യമായും സാമ്പത്തികമായും ഉയർത്തുന്നതിന് ഒരു വികസന കേന്ദ്രം സ്ഥാപിക്കുക.
19. കോളനികളിൽ മണ്ണൊലിപ്പു തടയുന്നതിന് പദ്ധതി തയ്യാറാക്കി നടപ്പിലാക്കുക.
20. ഭൂമി ഇല്ലാത്തവർക്ക് 4 സെന്റ് ഭൂമി വാങ്ങിക്കൊടുത്ത് പാർപ്പിട പ്രശ്നം പരിഹരിക്കുക.
21. എല്ലാ വാർഡിലും പട്ടികജാതി കുടുംബങ്ങൾ 5ൽ കൂടുതലുള്ള കോളനികൾ അംഗീകൃത ഹരിജൻ കോളനിയാക്കണം.
22. പട്ടികജാതിക്കാരുടെ എല്ലാ വീടുകളും വൈദ്യുതീകരിക്കണം.
23. സർക്കാർ, അർദ്ധ സർക്കാർ സ്ഥാപനങ്ങളിൽ നിയമനം നടത്തുമ്പോൾ പട്ടികജാതിക്കാരുടെ പ്രാധിനിത്യം ഉറപ്പു വരുത്തുക.

## വിഭവസമാഹരണം

എല്ലാ വികസന പ്രവർത്തനങ്ങളുടേയും ഒരു പ്രധാന വിഭവം പണമാണല്ലോ. എന്തു ചെയ്യുന്നതിനു മുമ്പായി അതിന്റെ സമ്പത്തിക വശം പരമപ്രധാനമായി അന്വേഷിക്കണം. അന്തിക്കാടിനെ സംബന്ധിച്ച് മറ്റൊരു പ്രധാന വിഭവം ഇവിടത്തെ ജനശക്തിയാണ്. ഈ രണ്ടു വിഭവങ്ങളെ കുറിച്ചുള്ള അന്വേഷണത്തിൽ നിന്നുവേണം വികസന പ്രവർത്തനങ്ങൾ രൂപപ്പെടുത്തേണ്ടത്. ഇതൊരു ദരിദ്ര പഞ്ചായത്താണ്. പഞ്ചായത്തിന്റെ മൊത്തം വരുമാനത്തിൽ ഭൂരിഭാഗം വീട്ടു നികുതിയിൽ നിന്നും കിട്ടുന്നതാണ് തൊഴിൽ നികുതിയും, ലൈസൻസ് ഫീസ്, പഞ്ചായത്തിൻറ കൈവശമുള്ള ഫലവൃക്ഷങ്ങളുടെ വിളവ്, പുതുകുളങ്ങളിലെ മത്സ്യം ലേലം ചെയ്തു കിട്ടുന്ന പണം, കാലാകലങ്ങളിൽ സർക്കാരിൽനിന്നും ലഭിക്കുന്ന ഗ്രാന്റ് എന്നിവയാണ് മറ്റു വരുമാനങ്ങൾ. ഓരോ വർഷവും മൊത്തം വരുമാനത്തിന്റെ 6% വർദ്ധനവ് മാത്രമാണ് ഉള്ളത്. ഒന്നാം ഗ്രേഡിലാണ് അന്തിക്കാട് പഞ്ചായത്ത് പെടുന്നത്. കെട്ടിടനികുതി മൊത്തം വരുമാനത്തിന്റെ 20.16% വരും പഞ്ചായത്തിന്റെ മൊത്തതിലുള്ള വികസന പ്രവർത്തനത്തിന് സർക്കാരിന്റെ ഗ്രാൻറുകളാണ് പ്രധാനമായും ആശ്രയിക്കുന്നത്. 55.48% പഞ്ചായത്തിലെ പ്രധാന ധനകാര്യ സ്ഥാപനങ്ങൾ മൂന്നു ബാങ്കുകൾ ചെത്തുതൊഴിലാളി സഹകരണ സംഘം. 10 ചിട്ടികമ്പിനികൾ എന്നിവയാണ്. ഗൾഫ്നാടുകളിൽ നിന്നുമുള്ള വരുമാനമാണ് മറ്റൊരു പ്രധാന വരുമാന ശ്രോതസ്സ്. 5.14 സ്ക്വയർ മെയിൻ കെട്ടിടങ്ങൾക്ക് ഉപോഗിച്ചു കഴിഞ്ഞു വരുന്ന ഭൂമിയിൽ തെങ്ങുകൃഷിയും നെൽകൃഷിയുമാണ് നടത്തിവരുന്നത്. കൃഷിഭൂമിയിൽ നിന്നും കിട്ടുന്ന നാളികേരം, നെല്ല് എന്നിവയും, പൊതുകുളങ്ങൾ, സ്വാകാര്യ കുളങ്ങൾ കനോലികനാൽ, കോൾനിലങ്ങൾ ഇവയെല്ലാം നമ്മുടെ സമ്പത്താണ്.

പഞ്ചായത്തിൽ 3 മീറ്റർ മഴയാണ് ലഭിക്കുന്നത്. അതിൽ ഭൂരിഭാഗവും കനോലി കനാൽ വഴി അറബികടലിലേക്ക് ഒഴുകി പോകുന്നു. ഈ വെള്ളം കെട്ടിനിർത്തി വേനൽകാലത്ത് പമ്പ് ചെയ്ത് ഉൾനാടൻ കുളങ്ങളും നിലങ്ങളും (27 ഹെക്ടർ) നിറച്ചാൽ അതു കൃഷിക്കും കുടിവെളളത്തിനും, മത്സ്യം വളർത്തുന്നതിനും ഒരു പരിധിവരെ ഉപയോഗപ്പെടുത്താവുന്നതാണ്.

പഞ്ചായത്തിലെ പ്രധാന വിഭവങ്ങളിൽ ഒന്ന് മാനുഷികശേഷിയാണല്ലോ. സ്ഥിരമായ തൊഴിലില്ലാത്ത അഭ്യസ്ഥ വിദ്യരും അല്ലാത്തവരുമായി ധാരാളം പേരുണ്ട്. ഇവരുടെ സേവനം വികസന പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കപ്പെടണം.

### പ്രശ്നങ്ങൾ

1. മറ്റു പഞ്ചായത്തുകളെപോലെ വിനോദ നികുതി കിട്ടുന്നതിന് ആവശ്യമായ സ്രോതസ്സുകൾ ഇല്ല.
2. പഞ്ചായത്തിന്റെ കീഴിലുള്ള സ്വത്തുക്കളുടെ കൃത്യമായ കണക്കുണ്ടാക്കണം. അവയുടെ സംരക്ഷണവും ഉണ്ടാക്കണം.
3. പഞ്ചായത്തിന്റെ കീഴിലുള്ള ചില സ്വത്തുക്കൾ സ്വാകാര്യ വ്യക്തികളുടെ അധീനത്തിലാണ്.
4. പഞ്ചായത്ത് അതിർത്തിയിലുളള ചില കച്ചവട സ്ഥാപനങ്ങൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു.
5. സ്ട്രീറ്റ് ലൈറ്റുകൾ കത്തിയാലും കത്തിയില്ലെങ്കിലും പഞ്ചായത്ത് നിശ്ചിത തുക ഇലക്ട്രിസിറ്റി ബോൾഡിന് കൊടുക്കേണ്ടി വരുന്നു. ഇതുമൂലം വലിയൊരു തുക നഷ്ടമാകുന്നു.
6. മഴവെള്ളം ഉപയോഗശൂന്യമായി കടലിലേക്ക് ഒഴുകി പോകുന്നു.
7. ചകിരി, ഓല. ഇവ ഗാർഹിക ആവശ്യങ്ങൾക്കായി മാത്രം ഉപയോഗിക്കപ്പെടുന്നു.
8. കൃഷിയോഗ്യമായ ഭൂമി തരിശിടുന്നു.

9. പഞ്ചായത്തിലെ യുവജനങ്ങളുടെ അത്യ ധ്വാന ശേഷി ഉപയോഗിക്കപ്പെടുന്നില്ല.

**നിർദ്ദേശങ്ങൾ**

1. കമ്മ്യൂണിറ്റി ഇറിഗേഷൻ പഞ്ചായത്ത് ഏറ്റെടുത്തത് അതിന്റെ ഗുണഭോക്താക്കളിൽ നിന്ന് വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ ജല നികുതി പിരിക്കുക.
2. പഞ്ചായത്തതിർത്തിയിലുള്ള കനോലികനാലിന്റെ രണ്ടു കടവു (മുറ്റിച്ചൂർ, പുലാംപുഴ) കളുടെ കടത്തു കൂലിയിൽ നിന്ന് പകുതി പഞ്ചായത്തിന് ലഭ്യമാക്കണം. (ലേലത്തുകയുടെ)
3. കനോലി കനാലിലെ മണ്ണുവരാൽ പരിസ്ഥിതി പ്രശ്നങ്ങൾ ഉണ്ടാകുന്നതുമൂലം നമ്മുടെ കായൽ വിഭവങ്ങൾ ശോഷിച്ചുകൊണ്ടിരിക്കുന്നു. മണ്ണുവാരൽ കർക്കശമായി നിരോധിക്കണം.
4. പൊതുകുളങ്ങൾ സംരക്ഷിക്കുകയും അവ ശാസ്ത്രീയമായി മത്സ്യ കൃഷിക്ക് പാട്ടത്തിന് കൊടുക്കുക
5. പഞ്ചായത്തിലെ മൊത്തം സ്ഥലത്തെ കുറിച്ച് റിസർവേ എത്രയും പെട്ടെന്ന് നടത്തണം.
6. പഞ്ചായത്തിലുള്ള എല്ലാ കച്ചവട വ്യാപാര സേവന തൊഴിൽ സ്ഥാപനങ്ങളിൽ നിന്ന് ലൈസൻസ് ഫീസും തൊഴിൽ കരവും ഈടാക്കണം.
7. 5ലക്ഷം രൂപയിൽ കൂടുതൽ നിർമ്മാണ ചിലവ് വരുന്ന പുതിയ വീടുകൾക്ക് നിലവിലുള്ള നികുതിയുടെ പുറമെ സൂപ്പർ ടാക്സ് ഏർപ്പെടുത്തണം.
8. ഇപ്പോൾ പിരിക്കുന്ന നികുതികൾ തന്നെ കാര്യക്ഷമമായി പിരിക്കുക.
9. കൃഷിയോഗ്യമായ ഭൂമി തരിശിടുകയാണെങ്കിൽ പിഴ ഏർപ്പെടുത്തണം.
10. സ്ട്രീറ്റ് ലൈറ്റുകളിൽ ഉപയോഗിക്കുന്ന വൈദ്യുതി അളക്കുന്നതിന് മീറ്റർ സംവിധാനം ഉണ്ടാക്കി ഉപയോഗിക്കുന്ന വൈദ്യുതിക്ക് മാത്രം ചാർജ്ജ് നൽകുന്നതിന് ആവശ്യമായ നടപടി ഉണ്ടാക്കണം.
11. പുറംപോക്ക് ഭൂമികൾ വികസന പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കേണ്ടതാണ്.
12. ഓട്ടോറിക്ഷകൾക്കും ടാക്സികൾക്കും സ്റ്റാന്റ് നിർമ്മിച്ചു കൊടുത്ത് അവരിൽ നിന്ന് ഫീസ് ഈടാക്കാവുന്നതാണ്.
13. സ്വാകാര്യ പണമിടപാടുസ്ഥാപനങ്ങൾക്ക് ലൈസൻസ് ഫീസിനു പുറമേ ടേൺ ഓവറിന്റെ അടിസ്ഥാനത്തിൽ ബിസനസ് നികുതി പിരിക്കണം.
14. കോൾബണ്ടുകൾ, റോഡുകൾ എന്നിവയുടെ ഒഴിവുള്ള സൈഡു ഭാഗങ്ങളിൽ ഫല വൃഷങ്ങളും, തേക്കു മരങ്ങളും വെച്ചു പിടിപ്പിക്കുക. ഇതു ഭാവിയിൽ നല്ലൊരു വരുമാന മാർഗ്ഗമാകും.
15. മനുഷ്യ വിഭവശേഷി പൊതുനിർമ്മാണ പ്രവർത്തനങ്ങളിൽ പരമാവധി പ്രയോജനപ്പെടുത്തണം.
16. സ്വാകാര്യ വ്യക്തികളിൽ നിന്ന് സ്പോൺസർഷിപ്പോ ധനസഹായമോ കണ്ടെത്താവുന്നതാണ്.
17. സാങ്കേതികമായി നിർദ്ദേശങ്ങൾ ലഭിക്കാവുന്ന വ്യക്തികളുടെ സേവനം ഉപയോഗപ്പെടുത്തണം.
18. പഞ്ചായത്തിൽ നിന്നും മറ്റു ബാങ്കുകളിലേക്ക് പോകുന്ന പണം ബഹുജന പങ്കാളിത്തത്തോടെ പ്രവർത്തിക്കുന്ന സഹകരണ സ്ഥാപനങ്ങളിലേക്ക് സമാഹരിക്കാൻ നടപടികൾ ഉണ്ടാവണം.
19. നായ്ക്കളെ വളർത്തുന്നതിന് ലൈസൻസ് നിർബന്ധമാക്കണം
20. ഇരുചക്ര വാഹനങ്ങൾക്കും മൂന്നുചക്ര വാഹനങ്ങൾക്കും സർക്കാർ ചുമത്തുന്ന നികുതി കാര്യമായി വർദ്ധിപ്പിക്കണം.
21. പഞ്ചായത്തിൽ ഇന്നുളള എല്ലാ വീടുകൾക്കും നികുതി പുതുക്കി നിശ്ചയിക്കുക. തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ നികുതി ചുമത്തണം.
22. ബഹു സദ്യകൾ നടത്തി അനാവശ്യ ചിലവുകൾ ചെയ്യുന്നവരിൽ നിന്നും സ്പെഷൽ നികുതി ചുമത്തേണ്ടതുമാണ്.

## വിഭവ സമാഹരണ പട്ടിക

| ഇനം | 91-92 | 92-93 | 93-94 | 94-95 | 95-96 |
|---|---|---|---|---|---|
| കെട്ടിട നികുതി | 175549 | 178990 | 270930 | 287857 | 313023 |
| തൊഴിൽ നികുതി | 84783 | 94083 | 100350 | 121972 | 146445 |
| ലൈസൻസ് ഫീസ് | 4498 | 4493 | 4853 | 5269 | 6757 |
| മറ്റുള്ളവ | 28633 | 47243 | 39036 | 30176 | 57362 |
| ആകെ | 293463 | 325009 | 325169 | 445634 | 523587 |

## 95-96 വരവ്

| ഇനം | തുക | ശതമാനം |
|---|---|---|
| കെട്ടിടനികുതി | 313023.00 | 20.16 |
| ലൈസൻസ് നികുതി | 6757.00 | .44 |
| തൊഴിൽ നികുതി | 14644.00 | 9.43 |
| വസ്തുകൈമാറ്റം | 167843.00 | 10.80 |
| സർക്കാർ ഗ്രാന്റ് | 861593.00 | 55.84 |
| മറ്റുള്ളവ | 57362.00 | 3.69 |
| ആകെ | 1553023 | 100% |

## 95-96 ചെലവ്

| ഇനവിവരം | തുക | ശതമാനം |
|---|---|---|
| ഭരണം | 474041.70 | 38.89 |
| പൊതുമരാമത്ത് | 188578.00 | 15.47 |
| വിദ്യാഭ്യാസം | 19630.35 | 1.61 |
| ജലവിതരണം,ഓടകൾ പൊതുജനാരോഗ്യം | 56285 | 4.62 |
| തെരുവുവിളക്കുകൾ കത്തിക്കുന്നതിന് | 58931 | 4.84 |
| മറ്റുള്ളവ | 421320.06 | 34.57 |
| ആകെ | 1218787 | 100% |

KERALA INSTITUTE OF LOCAL ADMINISTRATION ★ MULANKUNNATHUKAVU ★ THRISSUR-680581
A278

Viva Printers, Thrissur-12, Ph: 360197, 360240